ഇന്ത്യൻ
# നാളികേര ജേണൽ

| പുസ്തകം 3 | ലക്കം 10 |
| --- | --- |
| 2012 ഒക്ടോബർ | കൊച്ചി - 11 |


**ഉപദേശകസമിതി**

**ചെയർമാൻ**
ടി.കെ. ജോസ് ഐ.എ.എസ്.

**അംഗങ്ങൾ**
കെ.ആർ. വിശ്വംഭരൻ ഐ.എ.എസ്.
ഡോ. ജോർജ്ജ് വി. തോമസ്
ഡോ. ജി. സുരേന്ദ്രൻ

**പത്രാധിപസമിതി**
ഡോ. കെ. മുരളീധരൻ
കെ.ആർ. കുട്ടിക്കൃഷ്ണൻ
ഡോ. എസ്. അനിൽകുമാർ

**ചീഫ് എഡിറ്റർ**
സുഗത ഘോഷ്

**എഡിറ്റർ**
ഡോ. രമണി ഗോപാലകൃഷ്ണൻ

**എക്സിക്യൂട്ടീവ് എഡിറ്റർ**
ഡോ. ടി.ഐ. മാത്യുക്കുട്ടി

**കൺസൾട്ടന്റ് എഡിറ്റർ**
പായിപ്ര രാധാകൃഷ്ണൻ

**പബ്ലിസിറ്റി ഓഫീസർ**
മിനി മാത്യു

**സബ് എഡിറ്റർ**
ബീന എസ്.

**നാളികേര വികസന ബോർഡ്**
(കേന്ദ്ര കൃഷി മന്ത്രാലയം, ഭാരത സർക്കാർ)
കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.
ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265
ഫാക്സ് : 91-0484-2377902,
Grams : KERABOARD
E-mail : kochi.cdb@gov.in
cdbkochi@gmail.com
Website : www.coconutboard.gov.in

**വരിസംഖ്യ**

| | |
| --- | --- |
| പ്രതിവർഷം | 40 രൂപ |
| ഒറ്റപ്രതി | 4 രൂപ |


തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയ ക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.

മുഖ്യ വിഷയം

## വികസന പദ്ധതികൾ വിജയപഥത്തിലേക്ക്

## ഉള്ളടക്കം

വിജയപഥത്തിലെത്താൻ പുതിയ വികസന തന്ത്രം ...... 4
*രമണി ഗോപാലകൃഷ്ണൻ*

ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ കാർഷിക വിജയത്തിന് അടിത്തറ ...... 9
*ടി. ഐ. മാത്യുക്കുട്ടി*

കാറ്റുവീഴ്ച രോഗവും കേരവികസന പദ്ധതികളും ...... 14
*ആർ. ജ്ഞാനദേവൻ, ജയനാഥ് ആർ.*

നാളികേര വികസന ബോർഡ് പദ്ധതികൾ ജനങ്ങളിലേക്ക് - തിരുവനന്തപുരം ജില്ല ...... 16
*നിഷ ജി*

നഷ്ടകേരപ്രതാപം വീണ്ടെടുക്കുവാൻ തെങ്ങുകൃഷി പുനരുദ്ധാരണം കൊല്ലം ജില്ലയിൽ ...... 19
*ജയനാഥ് ആർ*

തൃശ്ശൂരിലെ കർഷകർക്ക് ഉണർത്തുപാട്ടായി തെങ്ങു പുനരുദ്ധാരണ പദ്ധതി .... 21
*ശശികുമാർ സി*

സങ്കരയിനങ്ങൾക്കുവേണ്ടി നെട്ടോട്ടം - സഹായഹസ്തവുമായി കൊളാബറേറ്റീവ് റിസർച്ച് ...... 22
*രമണി ഗോപാലകൃഷ്ണൻ*

നാളികേര സംരഭകനാകാം ബോർഡിന്റെ പദ്ധതികളിലൂടെ ...... 25
*ശ്രീകുമാർ പൊതുവാൾ*

നാളികേര ടെക്നോളജി മിഷൻ - സംരംഭകർക്ക് അവസരങ്ങൾ ...... 26

ചൗട്ട ഗാർഡൻസ് - വിത്തുത്പാദന തോട്ടത്തിന് ഒരു മാതൃക ...... 27
*കെ. എം. വിജയൻ*

ഔഷധസസ്യകൃഷി - കേരകർഷകർക്ക് ഒരു കൈത്താങ്ങ്; ആയുർവേദത്തിന് അനുഗ്രഹം ...... 30

ആലപ്പുഴയുടെ ചങ്ങാതി തിളക്കം ...... 36
*രങ്കു കെ.എച്ച്*

ബിസിനസ്സ് അവസരങ്ങൾ ...... 38

നവംബർ : കേരകർഷകർ എന്തു ചെയ്യണം ? ...... 39

കുരുത്തോല പന്തൽ ...... 41

വാർത്തകൾ ...... 44

കമ്പോളാവലോകനം ...... 47

# വില ഭദ്രതയും യുക്തിപൂർവ്വമായ നയ തീരുമാനങ്ങളും ഉറപ്പു വരുത്താൻ കർഷക കൂട്ടായ്മകൾ മുന്നിട്ടിറങ്ങണം

പ്രിയപ്പെട്ട കേര കർഷകരെ,

സാധാരണഗതിയിൽ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ എല്ലാ പഞ്ചവത്സര പദ്ധതിക്കാലത്തും ശ്രദ്ധയും പ്രാധാന്യവും നേടാറുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പദ്ധതികളിലും ബഡ്ജറ്റിലും കൃഷി മുഖ്യവിഷയവുമാണ്. എന്നാൽ, കാർഷിക മേഖല കഴിഞ്ഞ ഒന്നര ദശാബ്ദക്കാലമായി, നിരവധി മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഉദാരവത്ക്കരണത്തിന്റേയും ആഗോളവത്ക്കരണത്തിന്റേയും ശക്തമായ കാറ്റ് കാർഷിക മേഖലയേയും ആഴത്തിൽ പിടിച്ച് കുലുക്കുന്നു. ഉത്പാദനച്ചെലവിൽ അഭൂതപൂർവ്വമായ വർദ്ധനവുണ്ടാകുമ്പോഴും ഉൽപന്നവില പലപ്പോഴും താഴേക്ക് തന്നെ. നാളികേരത്തിന്റെ കാര്യത്തിൽ 15 വർഷത്തിനുമുമ്പത്തെ വില മാത്രമേ കർഷകർക്ക് ലഭിക്കുന്നുള്ളൂ. ഉത്പാദനച്ചെലവാകട്ടെ എത്രയോ മടങ്ങ് വർദ്ധിച്ചിരിക്കുന്നു.

ലോകവ്യാപാര കരാറിന് പുറമേ, പ്രാദേശികമായ വ്യാപാരക്കരാറുകളും, അത്തരം കരാറുകളിലെ അംഗരാജ്യങ്ങളുമായുള്ള ഉപകരാറുകളുമെല്ലാം ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നത് കർഷകരെയാണ്, പ്രത്യേകിച്ച് പരമ്പരാഗത രീതിയിൽ കൃഷി ചെയ്യുന്നവരെ. പ്രാദേശിക വിപണിയെ മാത്രം ലക്ഷ്യമിട്ട് കൃഷി ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം ദേശീയ - അന്തർദേശീയ വിപണികളിലെ കാണാച്ചരടുകളും, വിപണിചലനങ്ങളും തനിയെ അറിയുവാൻ കഴിയുന്നില്ല. ഗവൺമെന്റുകളുടെ നയരൂപീകരണവും, പലപ്പോഴും കർഷകരേക്കാൾ, കാർഷികോൽപന്നങ്ങൾ കൂടിയതോതിൽ വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുന്നവരുടെ അഭിപ്രായങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടാണ്. ദേശീയമായ കാർഷിക ശൃംഖല ശക്തിപ്പെടുത്തുന്നതിനുപരി, താൽക്കാലിക നേട്ടങ്ങൾക്കായി വർദ്ധിച്ച തോതിൽ തീരുവയില്ലാതെ കാർഷികോൽപന്നങ്ങൾ ഇറക്കുമതി ചെയ്യപ്പെടുന്നു. ഇതിന് ഏറ്റവും വലിയ ഉദാഹരണം ഭക്ഷ്യഎണ്ണകളുടെ രംഗമാണ്. ഇന്ത്യയിൽ ഭക്ഷ്യഎണ്ണയുടെ ദൗർലഭ്യമുണ്ട്. ക്രൂഡ് ഓയിൽ കഴിഞ്ഞാൽ ഏറ്റവുമധികം ഇറക്കുമതി ചെയ്യപ്പെടുന്നത് ഭക്ഷ്യ എണ്ണകളാണ്. അസംസ്കൃത പെട്രോളിയമാവട്ടെ, കൃഷിചെയ്ത് ഉത്പാദിപ്പിക്കാനാവാത്തതാണ്. എന്നാൽ ഭക്ഷ്യഎണ്ണ അങ്ങനെയല്ല. സ്ഥിരമായ, ന്യായമായ വില, ഉത്പാദകർക്ക് ഉറപ്പ് വരുത്തിയാൽ ഭക്ഷ്യ എണ്ണയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും നമ്മുടെ രാജ്യത്ത് വർദ്ധിപ്പിക്കാനാവും. എന്നാൽ ഇറക്കുമതി ത്തീരുവയില്ലാതെ, അനിയന്ത്രിതമായി പാചകയെണ്ണ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നത് ഈ മേഖലയിലെ കർഷകർക്ക് ഇരുട്ടടിയാവുകയാണ്. അതിനാൽ തന്നെ അവർ ഈ രംഗത്ത് നിന്നും പിന്മാറുകയും കൂടുതൽ ആകർഷകമായ വിളകളിലേക്ക് മാറുകയും ചെയ്താൽ കർഷകരെ പഴിച്ചിട്ട് കാര്യമില്ല. ഉത്പാദനക്കുറവ് - ഇറക്കുമതി - ദേശീയ തലത്തിൽ വിലയിടിവ് - ഉത്പാദനക്കുറവ് - കൂടുതൽ വിലയിടിവ് എന്ന ദൂഷിത വലയത്തിലേക്കാണ് ഇന്ത്യയിലെ ഭക്ഷ്യ എണ്ണയുടെ മേഖല വീണുകൊണ്ടിരിക്കുന്നത്. കാർഷികമേഖലയിലെ ഇത്തരം കാര്യങ്ങളുടെ നയരൂപീകരണം, സൂക്ഷ്മ ദൃഷ്ടിയോടെ കാര്യങ്ങൾ മനസ്സിലാക്കി, ദീർഘവീക്ഷണത്തോടെയും വ്യക്തമായ കാഴ്ചപ്പാടോടെയും കൈകാര്യം ചെയ്യേണ്ടതുണ്ട്.

ക്രൂഡ് ഓയിലും ഭക്ഷ്യ എണ്ണയും നമ്മുടെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കനത്ത ആഘാതമേൽപ്പിക്കുന്ന രണ്ട് ഇറക്കുമതി വസ്തുക്കളാണ്. രണ്ട് വസ്തുക്കളുടെ കാര്യത്തിലും നമ്മുടെ രാജ്യത്തെ ഇറക്കുമതിത്തീരുവയും, നികുതിഘടനയും താരതമ്യം ചെയ്യുന്നത് നന്നായിരിക്കും. ഭക്ഷ്യഎണ്ണ ജനങ്ങൾക്ക് മിതമായ വിലയ്ക്ക് എന്നും ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെ, നികുതിരഹിതമായോ, വളരെക്കുറഞ്ഞ നികുതി നിരക്കിലോ അതിന്റെ ഇറക്കുമതി അനുവദനീയമാണ്. ക്രൂഡ് പാം ഓയിൽ പൂജ്യം ശതമാനം തീരുവയോടെ ഇറക്കുമതി ചെയ്ത് റിഫൈൻ ചെയ്തെടുക്കുമ്പോഴുള്ള എക്സൈസ് ഡ്യൂട്ടിയും പൂജ്യം ശതമാനം മാത്രമാണ്. ഭക്ഷ്യഎണ്ണകൾക്ക് മൂല്യവർദ്ധിത നികുതി പൂജ്യം മുതൽ 4 ശതമാനം വരെയാണ്. അങ്ങനെ വിദേശത്തെ വൻകിട എണ്ണപ്പന കർഷകർക്ക് ഇന്ത്യയെന്ന വലിയ വിപണിയിൽ നിർബ്ബാധം പ്രവേശനം കിട്ടുന്നു. ഭക്ഷ്യയെണ്ണയുടെ വില പിടിച്ചുനിർത്തപ്പെടുന്നു. ഇനി ക്രൂഡ് ഓയിലിന്റെ കാര്യമെടുക്കാം. ക്രൂഡോയിലിന് മെട്രിക് ടണ്ണിന് 50 രൂപയാണ് ഇറക്കുമതി ചുങ്കം. ക്രൂഡോയിൽ റിഫൈൻ ചെയ്ത് പെട്രോളാവുമ്പോൾ കിലോ ലിറ്ററിന് 9200 രൂപ + 3 ശതമാനം സർചാർജ്ജും, ഡീസലിന് കിലോ ലിറ്ററിന് 3460 രൂപ + 3 ശതമാനം സർചാർജ്ജും, പാചകവാതകത്തിന് 8 ശതമാനം + 3 ശതമാനം സർചാർജ്ജും ഈടാക്കുന്നു. കേരളത്തിൽ പെട്രോളിന് വിൽപന നികുതി 25.23 ശതമാനം + 1 ശതമാനം സെസ്സ് ആണ്. ഡീസലിന് ഇത് 19.8 ശതമാനം + 1 ശതമാനം സെസ്സുമാണ്. പാചക വാതകത്തിന് വാണിജ്യാവശ്യങ്ങൾക്കുള്ളവയ്ക്ക് 13.5 ശതമാനവും ഗാർഹികോപയോഗത്തിനുള്ളവയ്ക്ക് 5 ശതമാനവുമാണ് മൂല്യ വർദ്ധിത നികുതി നിലവിലുള്ളത്.

പെട്രോളിനും, പാചകവാതകത്തിനും, ഡീസലിനും ഇടയ്ക്കിടെ വില വർദ്ധനവ് ഗവൺമെന്റ് തന്നെ അനുവദിക്കുന്നുമുണ്ട്. വിലവർദ്ധനവിനായി ശക്തമായ സമ്മർദ്ദം ചെലുത്താൻ എണ്ണക്കമ്പനികൾക്കാവുന്നു. എന്നാൽ കേരകർഷകർക്കാകട്ടെ, മറ്റുൽപന്നങ്ങളുടെയെല്ലാം വിലവർദ്ധനവിന്റെയിടയിലും നാളികേരത്തിനും കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും വില തുടർച്ചയായി ഇടിഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചയാണുള്ളത്. വിപണിയിൽ വെളിച്ചെണ്ണയും കൊപ്രയും അധികം കെട്ടിക്കിടക്കുന്നുവെന്നതാണല്ലോ, വിലയിടിവിന്റെ കാരണമായി പറയുന്നത്. അങ്ങനെയെങ്കിൽ, ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുകയോ, അല്ലെങ്കിൽ കയറ്റുമതി അനുവദിക്കുകയോ അഥവാ രണ്ടും കൂടിയോ ചെയ്യേണ്ടതല്ലേ? പക്ഷേ; ഈ രണ്ടുകാര്യങ്ങളും സംഭവിക്കുന്നില്ല എന്നതാണ് വസ്തുത. ആകെ ഒരു വർഷം ഇന്ത്യയിലുത്പാദിപ്പിക്കപ്പെടുന്ന വെളിച്ചെണ്ണയാകട്ടെ കേവലം 5-6 ലക്ഷം ടൺമാത്രമാണ്. ഈ വർഷം ഇന്ത്യയിലേക്കുള്ള ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി മാത്രം 88.9 ലക്ഷം ടൺ (സെപ്തംബർ 30 വരെ) കവിഞ്ഞിരിക്കുന്നു.

ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന്, നമ്മുടെ പൊതുവിതരണ ശൃംഖല വഴി, കേരളത്തിൽ ഓരോ റേഷൻ കാർഡിനും പ്രതിമാസം രണ്ട് ലിറ്റർ വീതം വെളിച്ചെണ്ണ വിതരണം ചെയ്തിരുന്നെങ്കിലോ? കേരളത്തിനുവെളിയിൽ മാസം തോറും ഓരോ ലിറ്റർ വെളിച്ചെണ്ണ വീതം റേഷൻ കാർഡുടമകൾക്ക് നൽകിയാലോ? അംഗൻവാടികളിലേയും, സ്കൂളുകളിലേയും ഉച്ച ഭക്ഷണം പാചകം ചെയ്യുന്നതിന് വെളിച്ചെണ്ണ ഉപയോഗിച്ചിരുന്നെങ്കിലോ? നമ്മുടെ നാട്ടിലെ ആഭ്യന്തര ഉപഭോഗം വർദ്ധിക്കുമായിരുന്നില്ലേ? ഇത്തരം കാര്യങ്ങൾക്കായി, കർഷകർക്കുവേണ്ടി ശബ്ദമുയർത്താൻ ആരാണ് തയ്യാറാവുക? സംഘടിതരായ കർഷകരുള്ള വിളകളിൽ ഇത്തരം ദുര്യോഗം സംഭവിക്കുന്നില്ല; മിതവും ന്യായവുമായ വില ഉറപ്പ് വരുത്തപ്പെടുന്നുണ്ട്താനും. ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യഎണ്ണയാകട്ടെ വീണ്ടും 25 ശതമാനം സബ്സിഡി കൂടി നൽകി ഉപഭോക്താക്കൾക്ക് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നുണ്ട്. എന്തുകൊണ്ടാണ് ഇതേ സബ്സിഡി വെളിച്ചെണ്ണയ്ക്ക് നൽകാത്തത്?

ഭക്ഷ്യസുരക്ഷയും, പോഷകാഹാര സുരക്ഷയും ഉറപ്പ് വരുത്തുന്നതിൽ നാളികേരത്തിനും, വെളിച്ചെണ്ണയ്ക്കും മറ്റ് ഭക്ഷ്യഎണ്ണകളെപ്പോലെ തന്നെ പങ്കുണ്ട്. ഭക്ഷ്യധാന്യങ്ങളോടൊപ്പം, പയറുവർഗ്ഗങ്ങളും, ഭക്ഷ്യഎണ്ണയും, പാലും മുട്ടയും മാംസവുമൊക്കെ ഒരു രാജ്യത്തെ ജനങ്ങളുടെ ഭക്ഷ്യ-പോഷക സുരക്ഷയ്ക്ക് ആവശ്യമാണ്. അനിയന്ത്രിതമായി ഇറക്കുമതിയെ ആശ്രയിച്ചു മാത്രം ഇത്തരം ഉൽപന്നങ്ങളുടെ ലഭ്യത ഉറപ്പാക്കാനാവുമോ? തദ്ദേശീയമായി ദീർഘകാലാടിസ്ഥാനത്തിൽ ഉത്പാദനം വർദ്ധിപ്പിക്കുകയല്ലാതെ ശതകോടിയിലേറെ ജനസംഖ്യയുള്ള ഇന്ത്യയിൽ വേറെ മാർഗ്ഗങ്ങളില്ല തന്നെ. മൊത്തത്തിൽ ഭക്ഷ്യഎണ്ണയുടെ ദൗർലഭ്യം എന്നപേരിൽ അനിയന്ത്രിതമായി ഇറക്കുമതി അനുവദിക്കുകയും, വിപണിയിൽ മിച്ചമെന്ന പേരിൽ വെളിച്ചെണ്ണയുടെ വിലയിടിക്കുകയും, വാങ്ങാൻ നാട്ടിലാളില്ലെങ്കിലും കയറ്റുമതി അനുവദിക്കാതിരിക്കുകയും ചെയ്യുക എന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ഇതിന് മാറ്റം വരണമെങ്കിൽ, ഇന്ത്യയിലെ കർഷകർക്ക് ഗുണകരമായ മാറ്റങ്ങൾ, കാർഷിക - വാണിജ്യ - ഇറക്കുമതി നയങ്ങളിലുണ്ടാവണമെങ്കിൽ, കർഷകരുടെ ശബ്ദം ഒറ്റക്കെട്ടാവണം. പൊതുപ്രവർത്തകർ കേരകർഷകരുടെ പ്രശ്നങ്ങൾ അടിയന്തിരമായി ഏറ്റെടുക്കണം.

നാളികേരത്തിലെങ്കിലും, കൊപ്രയും എണ്ണയുമല്ലാത്ത ഉൽപന്നങ്ങളിലേക്കുള്ള മാറ്റത്തിന്റെ ഗതിവേഗം കൂട്ടണം. കരിക്കും കരിക്കുൽപന്നങ്ങളും, വെർജിൻ വെളിച്ചെണ്ണയും, തൂൾത്തേങ്ങയും മറ്റും വേഗത്തിൽ നിർമ്മിക്കാൻ കഴിയണമെങ്കിലും, കർഷക കൂട്ടായ്മകൾ വളർത്തി ശക്തിപ്പെടുത്തേണ്ടതുണ്ട്.

നീരയാണ് അടുത്ത രംഗം. തെറ്റായ അബ്കാരി നിയമത്തിന്റെ തടങ്കലിൽപ്പെട്ടുപോയ നീരയേയും, നീര ഉൽപന്നങ്ങളേയും അതിൽ നിന്നും മോചിപ്പിക്കുകയും, അവ ഉത്പാദിപ്പിക്കാനുള്ള അനുമതി കർഷക കൂട്ടായ്മകൾക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിനായി കേരളം, തമിഴ്നാട്, പുതുച്ചേരി, ആന്ധ്രാപ്രദേശ്, കർണ്ണാടകം, മഹാരാഷ്ട്ര, ഗോവ, ഒഡീഷ എന്നീ സംസ്ഥാന ഗവൺമെന്റുകളോട് നാളികേര വികസന ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂലമായ നയ രൂപീകരണം വേഗത്തിലാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

സാധാരണഗതിയിൽ ഒരു വിളയിൽ ഉത്പാദനക്കുറവ് ഉണ്ടാവുന്ന കാലഘട്ടത്തിലെങ്കിലും ഉത്പാദകർക്ക് ഉയർന്ന വില കിട്ടാറുണ്ട്. എന്നാൽ എണ്ണക്കുരുക്കളുടേയും ഭക്ഷ്യ എണ്ണയുടേയും കാര്യത്തിൽ, അങ്ങനെയല്ല സംഭവിക്കുന്നത്. ഉത്പാദനക്കുറവുണ്ടാകുമ്പോൾ ആ പേരിൽ ഇറക്കുമതി വർദ്ധിപ്പിച്ച്, അതും ഇറക്കുമതി ചുങ്കം ഇല്ലാതെയോ അഥവാ വളരെയേറെക്കുറച്ചോ, കാർഷികോൽപന്നങ്ങളുടെ വില ഉയരാതെ കൃത്രിമമായി പിടിച്ചുനിർത്തുന്നു. എന്നാൽ ഉത്പാദനം വർദ്ധിക്കുന്ന വിളകളിലും, ഇത്തരത്തിലുള്ള ഇറക്കുമതി നിർബാധം തുടരുമ്പോൾ, കർഷകരെ സംബന്ധിച്ചിടത്തോളം വീണ്ടും വിലയിടിവ് തന്നെയാണ് ഫലം. അതായത്, ഉത്പാദനക്കുറവിന്റെ കാലഘട്ടത്തിലും, ഉത്പാദന വർദ്ധനവിന്റെ കാലഘട്ടത്തിലും ഒരുപോലെ വിലയിടിവ് നേരിട്ടുകൊണ്ടിരുന്നാൽ എത്രകാലമാണ് കർഷകർക്ക് പിടിച്ചു നിൽക്കാൻ കഴിയുക?

ഇക്കാര്യങ്ങൾക്കെല്ലാം മാറ്റമുണ്ടാവണമെങ്കിൽ കേരകർഷകർ ഒത്തൊരുമയോടെ മുന്നിട്ടിറങ്ങേണ്ടതുണ്ട്. വലിയ വിപത്തായി വിലയിടിവ് തുടരുമ്പോഴും നമ്മുടെ സിപിഎസുകൾ ഇപ്പോഴും ആലസ്യത്തിൽ നിന്നുണരുന്നില്ല. എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം മറ്റുള്ളവർ കണ്ടുപിടിച്ചുതരുമെന്ന പ്രതീക്ഷയിലാണ് ഭൂരിപക്ഷവും. തങ്ങളുടെ പ്രാദേശികവും സങ്കുചിതവുമായ താൽപര്യങ്ങൾ കാരണം, സംഘടിച്ച് പ്രവർത്തിക്കാൻ കഴിയുന്നില്ല. ഇത്തരം 'ഇന്ത്യൻ ഞണ്ട്' മനോഭാവവുമായി അധികകാലം മുമ്പോട്ടു പോകുവാനാവില്ല. ഒത്തൊരുമയോടെ കേരകർഷകർ സംഘടിച്ച് സിപിഎസുകളിൽ നിന്ന് ഫെഡറേഷനുകളിലേക്കും അവിടെ നിന്ന് ഉത്പാദക കമ്പനികളിലേക്കുമുള്ള വളർച്ച കുറേക്കൂടി വേഗത്തിലാക്കേണ്ടതുണ്ട്. ഇന്ന് 1629 സിപിഎസുകളും 28 ഫെഡറേഷനുകളും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈ ലക്കം മാസിക നിങ്ങളുടെ കൈവശം എത്തുമ്പോൾ ഫെഡറേഷനുകളുടെ എണ്ണം 40 കഴിഞ്ഞിട്ടുണ്ടാകും. കേരളത്തിൽ 5000 സിപിഎസുകളും, 250 ഫെഡറേഷനുകളും 25 ഉത്പാദക കമ്പനികളുമെന്ന ലക്ഷ്യമാണ് ബോർഡ് മുന്നോട്ടുവെയ്ക്കുന്നത്. അപ്പോഴും, കേരളത്തിലെ നാളികേര കർഷകരുടെ വെറും 10 ശതമാനം മാത്രമേ ഈ സംവിധാനത്തിനുള്ളിലാവുന്നുള്ളൂ. പക്ഷേ; ഇത്തരത്തിലുള്ള സംവിധാനങ്ങൾ കെട്ടുറപ്പോടെ, ഒത്തൊരുമയോടെ, ലക്ഷ്യബോധത്തോടെ ഒരു ടീമായി പ്രവർത്തിച്ചാൽ ഭാവിയിലെങ്കിലും അവഗണനയുടെ കയ്പ്പുനീർ കുടിക്കേണ്ടിവരില്ല. വിലയേയും വിപണിയേയും ഉൽപന്നങ്ങളേയും മാത്രമല്ല നാളികേരത്തിന്റെ കാര്യത്തിലെങ്കിലും ഗവൺമെന്റുകളുടെ നയങ്ങളേയും നിയന്ത്രിക്കാനാവുന്ന അവസ്ഥ നിങ്ങളുടെ കയ്യിലുണ്ടാവും. അഥവാ നാളികേരത്തിന് സ്ഥിരവും, ആദായകരവുമായ വില ലഭിക്കുന്നതിനുള്ള താക്കോൽ നിങ്ങളുടെ കൈകളിലുണ്ടാവും. അതിനായി പ്രാദേശികവും സങ്കുചിതവുമായ താൽപര്യങ്ങൾ മാറ്റിവെച്ച് സംഘടിതരാവുന്നതിനുള്ള അവസരം ഇനിയെങ്കിലും കൈവിടരുത്. വിജയത്തിന്റെ താക്കോൽ നിങ്ങളുടെ കൈകളിൽതന്നെയാണുള്ളത്.

ആശംസകളോടെ,

ടി. കെ. ജോസ്
ചെയർമാൻ



# വിജയപഥത്തിലെത്താൻ പുതിയ വികസന തന്ത്രം

**രമണി ഗോപാലകൃഷ്ണൻ**

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്ക് വിരാമമിട്ട് പന്ത്രണ്ടാം പദ്ധതിയിലേക്ക് ബോർഡ് കാലൂന്നിയത് കേവലം ഒരു പുതിയ പദ്ധതികാലയളവ് എന്ന നിലയ്ക്കല്ല. മറിച്ച് വികസന പ്രവർത്തനങ്ങളിൽ പുതിയ സമീപനങ്ങൾ, പുതിയ തന്ത്രങ്ങൾ, പുതിയ ചുവടു വെയ്പുകൾ എന്നിവ അനിവാര്യമായിരിക്കുന്നു എന്ന തിരിച്ചറിവോടെയാണ്. പദ്ധതി രൂപീകരണത്തിൽ, പദ്ധതി നടത്തിപ്പിൽ, കൈകോർക്കുന്ന സ്ഥാപനങ്ങളിൽ, ഊന്നൽ നൽകുന്ന മേഖലകളിൽ ഇവിടെയെല്ലാം സമഗ്രമായ ഒരു പൊളിച്ചെഴുത്ത് ആവശ്യമായിരിക്കുന്നു എന്നതാണീ തിരിച്ചറിവ്.

എന്തുകൊണ്ട് ഈ വിചിന്തനം അനിവാര്യമായി വന്നിരിക്കുന്നു? തെങ്ങ് എന്ന മഹാവൃക്ഷം മനുഷ്യരാശിക്കു പ്രദാനം ചെയ്യുന്ന ഗുണങ്ങളുടെ മഹത്വം കൊണ്ടു തന്നെ. ലക്ഷോപലക്ഷം സാധാരണക്കാർക്ക് അത്താണിയാകുന്ന കല്പവൃക്ഷത്തിന്റെ വികസന പ്രവർത്തനങ്ങൾ ഏതു വിധേനയും വിജയപഥത്തിലെത്തിക്കണമെന്നതാണ് ബോർഡിന്റെ പ്രതിബദ്ധത. നാൾക്കുനാൾ പെരുകുന്ന ജനസംഖ്യയും കുറുകുന്ന ഭക്ഷ്യോൽപന്നങ്ങളും നമ്മെ ഭയപ്പെടുത്തുമ്പോൾ ദാഹശമനിയായും പോഷക ഭക്ഷണമായും നമ്മുടെ മുന്നിൽ അവതരിച്ചിരിക്കുന്ന കേരവൃക്ഷം, പൂർവ്വാധികം ശക്തിയോടെ നമ്മുടെ സാമ്പത്തിക മേഖലയ്ക്ക് അടിത്തറയാകണമെന്നുള്ളതാണ് ഈ പ്രതിബദ്ധതയുടെ അടിത്തറ.

11-ാം പഞ്ചവത്സരപദ്ധതിവരെയുള്ള ബോർഡിന്റെ പ്രവർത്തനങ്ങൾ ഗണ്യമായ നേട്ടം കൈവരിച്ചു. ഈ ലക്കത്തിന്റെ കാതൽ വിഷയം ബോർഡിന്റെ വികസന പദ്ധതികൾ എന്നതായതിനാൽ വായനക്കാരുടെ ചിന്താധാരയിലേക്ക് ബോർഡിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ പുതിയ കാൽവെയ്പുകളും നൂതന സംഭവവികാസങ്ങളും കോറിയിടുകയാണ് ഈ ലേഖനത്തിൽ.

അടുത്ത അഞ്ചു വർഷക്കാലം കൊണ്ട് **ഇന്ത്യയെ നാളികേര ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും കയറ്റുമതിയിലും വിപണനത്തിലും ലോകത്തിന്റെ നെറുകയിലെത്തിക്കുക എന്ന ഭാരിച്ചതും അതേ സമയം അഭിമാനകരവുമായ ഉത്തരവാദിത്വമാണ്** ബോർഡ് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യത്തിന് പിന്നിലുള്ള കഠിന പ്രയത്നത്തെ ലഘൂകരിച്ചു കാണാനാവില്ല. എന്നാൽ കേര കർഷക സമൂഹവും മറ്റു തൽപരകക്ഷികളും ഒരുമിച്ച് കൈകോർക്കുമ്പോൾ ഈ ലക്ഷ്യങ്ങളെല്ലാം സാക്ഷാത്ക്കരിക്കപ്പെടുന്ന സ്വപ്നങ്ങളാകും.

ലോകരാജ്യങ്ങളിൽ ഇന്ത്യ ഇന്ന് ഉത്പാദനത്തിൽ രണ്ടാം സ്ഥാനത്തും ഉത്പാദനക്ഷമതയിൽ ഒന്നാം സ്ഥാനത്തും വിസ്തീർണ്ണത്തിൽ മൂന്നാം സ്ഥാനത്തുമാണ്. കേര സംസ്ക്കരണത്തിലും മൂല്യവർദ്ധനവിലും ആദ്യത്തെ പത്തു രാജ്യങ്ങളിൽ നമുക്ക് ഇടം ലഭിക്കാതെ വരുമ്പോൾ കയറ്റുമതിയിൽ 20 രാജ്യങ്ങൾക്കു പിന്നിലായിരിക്കും നമ്മുടെ സ്ഥാനം. ഈ പിൻനിരയിൽ നിന്നും മുൻ നിരയിലേക്കുള്ള പ്രയാണത്തിനു വേണ്ട വികസന തന്ത്രമാണ് ഈ ലേഖനത്തിന്റെ മുഖ്യ വിഷയം.

**ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കൽ**

പരമ്പരാഗത സംസ്ഥാനങ്ങളിൽ തെങ്ങുകൃഷി വ്യാപിപ്പിക്കാനുള്ള സാധ്യത അനുദിനം ചുരുങ്ങിവരുന്നു എന്നതാണ് പരമാർത്ഥം. അതിനാൽ ഈ പഞ്ചവത്സര പദ്ധതിക്കാലത്ത് തെങ്ങുകൃഷി, പരമ്പരാഗതമല്ലാത്ത വടക്ക് കിഴക്കൻ മേഖലയിലേക്ക് വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ഈ പ്രദേശങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങൾ തെങ്ങുകൃഷിക്കും അനുബന്ധ സംരംഭങ്ങൾക്കും ഉപയോഗപ്പെടുത്തി പിന്നോക്ക ജനവിഭാഗത്തിന്റെ ക്ഷേമവും സാമ്പത്തിക /ജീവിതനിലവാര ഉയർച്ചയും സാധ്യമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

പുതുകൃഷി വഴിയുള്ള ഉത്പാദന വർദ്ധനവ് ഒരു ദീർഘകാല ഉപാധിയാണെന്നതിനാൽ ഉത്പാദനക്ഷമതയിലൂന്നിയുള്ള പദ്ധതികൾക്ക് തുല്യ പ്രാധാന്യമുണ്ടായിരിക്കും. പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന തെങ്ങു പുനരുദ്ധാരണ പദ്ധതി മറ്റു ജില്ലകളിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു. ഉത്പാദനക്ഷമത പരമാവധി വികസിപ്പിക്കുകയെന്നതാണിതിന്റെ ലക്ഷ്യം. ഒരിഞ്ചു ഭൂമിപോലും തരിശിടാത്ത കൃഷിരീതികൾ മാത്രമേ പ്രോത്സാഹിപ്പിക്കുകയുള്ളൂ. അനുയോജ്യമായ ഇട

### വെർജിൻ വെളിച്ചെണ്ണ എന്ന ഒറ്റമൂലി

ഹൃദ്രോഗമുണ്ടാക്കുന്ന പൂരിത എണ്ണ യെന്നു പറഞ്ഞ് പടിക്കു പുറത്തു നിർത്തി യിരുന്ന വെളിച്ചെണ്ണ ഒരു സർവ്വ രോഗ സംഹാരിയായി ഉയർത്തെഴുന്നേറ്റു കഴിഞ്ഞു. തലച്ചോറിനെ ബാധിക്കുന്ന അൾഷിമേഴ്സ്, ഡിമെൻഷ്യ എന്നീ രോഗ ങ്ങൾക്കും തൈറോയിഡിന്റെ വ്യതിയാന ത്തിനാലുണ്ടാകുന്ന തൈറോയിഡിസ ത്തിനും ജനിതക വൈകല്യമായ ഓട്ടിസ ത്തിനും എച്ച്ഐവി ബാധയ്ക്കും ദന്തക്ഷ യത്തിനും എല്ലാം പരിഹാരമാകുന്ന ഒരു സർവ്വ ഔഷധിയാണത്രേ തേങ്ങാപ്പാലിൽ നിന്നുണ്ടാക്കുന്ന വെർജിൻ വെളിച്ചെണ്ണ. വെർജിൻ വെളിച്ചെണ്ണയുടെ ഉത്പാദനം സുഗമമാക്കിക്കൊണ്ട് അതിനു വേണ്ടുന്ന സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്ത് ബോർഡ് പുറം ലോകത്തിന് അവസര ങ്ങൾക്കുള്ള വാതായനങ്ങൾ തുറന്നിട്ടു.



*കൂട്ടായ്മയുടെ വിജയം*

വിളകളും അനുകൂലമായ അനുബന്ധ സംരംഭങ്ങളും ഉയർന്ന വരുമാനത്തിന് വഴി യൊരുക്കും. ഒപ്പം തൊഴിലവസരങ്ങൾ പര മാവധി വർദ്ധിപ്പിക്കും.

**പ്രവർത്തനത്തിലെ ഏകോപനം**

വികസന പദ്ധതികളുടെ നടത്തിപ്പിന് പരമാവധി സ്ഥാപനങ്ങളുമായി കൈകോർക്കുകയെന്നതായിരിക്കും മറ്റൊരു തന്ത്രം. നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ, ആർ കെ വി വൈ, എൻ ആർ എൽ എം, മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതി, സ്മാൾ ഫാർമേഴ്സ് അഗ്രിബിസി നസ്സ് കൺസോർഷ്യം തുടങ്ങിയ ബന്ധ പ്പെട്ട എല്ലാ സ്ഥാപനങ്ങളും ഇതിന്റെ പരി ധിയിൽ വരും. തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളുമായി സഹകരിച്ച് അവരുടെ വിഭ വങ്ങളും സൗകര്യങ്ങളും പരമാവധി ഉപ യോഗപ്പെടുത്തി ജനപങ്കാളിത്തത്തോടെ പ്രവർത്തിക്കാനുള്ള സംവിധാനമാണ് ഭാവി യിൽ ലക്ഷ്യമിടുന്നത്.

**കൂട്ടായ്മയുടെ പിൻബലം**

ഉൽപന്ന സമാഹരണം കൂട്ടായ്മയുടെ പിൻബലത്തോടെയാകണമെന്ന് ബോർഡ് വിശ്വസിക്കുന്നു. ഉത്പാദന ചെലവു കുറ ക്കുവാൻ, സംഘടിത ശക്തിയെ പ്രവർത്ത നനിരതമാക്കും. കർഷകകൂട്ടായ്മ ലക്ഷ്യം വച്ചു കൊണ്ടു നാളികേര ഉത്പാദകസം ഘങ്ങളുടെ രൂപീകരണത്തിനു തുടക്കമിട്ടു. 1629 ഉത്പാദക സംഘങ്ങളും 28 ഫെഡ റേഷനുകളും ഇതിനകം നിലവിൽ വന്നു. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 10000 സംഘങ്ങൾ കൂടി ലക്ഷ്യംവെച്ചിട്ടുണ്ട്. സംഘങ്ങൾക്ക് വേണ്ട മൂലധന രൂപികര ണത്തിനും മാർഗ നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞു. പ്രവർത്തനങ്ങൾ സുഗമമാകാൻ ഇതിനു തുല്യമായ വിഹിതം കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യ മാക്കാൻ വേണ്ട ഇടപെടലുകളും നടത്തി വരുന്നു. 20 മുതൽ 25 സംഘങ്ങൾ ചേർന്ന് ഫെഡറേഷനുകളും 10 ഫെഡറേനുഷകൾ ചേർന്ന് ഉത്പാദക കമ്പനികളും രൂപികൃ തമാകാനുള്ള കാൽവെയ്പും സഫലമായി. ഫെഡറേഷനുകൾ പ്രവർത്തനസജ്ജമാ യതു ബോർഡിന്റെ വിജയമായി കാണുന്നി ല്ല; മറിച്ച് കർഷക കൂട്ടായ്മകളുടെ വിജയ മാണ്.

### ഉൽപന്നങ്ങളുടെ അക്ഷയസ്രോതസ്സ്

തെങ്ങ് ഒരു വെളിച്ചെണ്ണ മരമല്ല; കൊപ്രമരവുമല്ല; മറിച്ച് അസംഖ്യം ഉൽപ ന്ന, ഉപോൽപന്നങ്ങളുടെ ഒരു അക്ഷയ സ്രോതസ്സ് എന്ന നിലയക്ക് കാണാൻ കൽപവൃക്ഷത്തെ സ്നേഹിക്കുന്ന ഓരോ രുത്തരും പ്രതിജ്ഞയെടുക്കേണ്ടേ?

**സംസ്ക്കരണം കൃഷിയിടത്തിൽ തുടങ്ങാം**

സംസ്ക്കരണം കൃഷിയിടത്തിൽ നിന്നു തുടങ്ങണം. തോട്ടത്തിൽ വിളവെടുക്കുന്ന നാളി കേരം ആർക്കും ആവശ്യമില്ലാത്ത വസ്തു വായി കൂട്ടിയിട്ടു കിളിർപ്പിക്കാതെ സംസ്ക്ക രണ പ്രവർത്തനങ്ങളിലേക്കു കടക്കണം. തു ടക്കം കരിക്കിൽ നിന്നു തന്നെയാകട്ടെ.




*തേങ്ങാപാൽ ഐസ്ക്രീം - നാളെയുടെ ഹെൽത്ത് ഐസ്ക്രീം*

## ബോർഡിന്റെ പ്രവർത്തന നേട്ടങ്ങൾ

കഴിഞ്ഞ 30 വർഷങ്ങളിൽ കേര വിസ്തീർണ്ണത്തിലും ഉത്പാദനത്തിലും വൻവർദ്ധനയാണ് വന്നിരിക്കുന്നത്. ബോർഡിന്റെ വികസന പ്രവർത്തനങ്ങൾ തുടങ്ങിയതിനു ശേഷമുള്ള 30 വർഷത്തെ വളർച്ച ഒരു കുതിച്ചുചാട്ടം തന്നെയായിരുന്നു. 1950 മുതൽ 1980 വരെയുള്ള മൂന്ന് ദശകങ്ങളിലുണ്ടായ ഉത്പാദന വർദ്ധനവിനേക്കാൾ കൂടുതലായിരുന്നു ബോർഡ് നിലവിൽ വന്നതിനുശേഷമുള്ള ഒന്നര ദശാബ്ദക്കാലത്തെ ഉത്പാദന വർദ്ധനവ്. 1950–ൽ കേരവിസ്തീർണ്ണവും ഉത്പാദനവും യഥാക്രമം 6.3 ലക്ഷം ഹെക്ടറും 528 കോടി നാളികേരവുമായിരുന്നത് 1980ൽ 10.8 ലക്ഷം ഹെക്ടറും 594 കോടി നാളികേരവുമായി. ബോർഡിന്റെ പ്രവർത്തനങ്ങളുടെ ഗുണഫലം പ്രതിഫലിച്ച നേട്ടമായിരുന്നു പിന്നീടുള്ള ഒന്നര ദശാബ്ദക്കാലത്തേത്. 1995–96 ആയപ്പോഴേക്കും കേരവിസ്തീർണ്ണം 18 ലക്ഷം ഹെക്ടറും ഉത്പാദനം 1400 കോടി നാളികേരവുമായി കുതിച്ചുയർന്നു. ഈ നേട്ടം ഇന്ത്യയെ ലോകരാഷ്ട്രങ്ങളിൽ ഒന്നാമതെത്തിച്ചു. പിന്നീടുള്ള വളർച്ചാനിരക്ക് താരതമ്യേന താഴ്ന്ന നിലയിലായിരുന്നു.

ഉത്പാദനക്ഷമതയിലാകട്ടെ 1985ന് മുമ്പുള്ള കാലം ഏറ്റക്കുറച്ചിലുകളുടേതായിരുന്നു. എന്നാൽ ഉത്പാദനക്ഷമതയിലൂന്നിയ ബോർഡിന്റെ പ്രവർത്തനങ്ങൾ പ്രകടമായ വളർച്ചക്ക് നിദാനമായി. 1985ൽ രാജ്യത്തെ ഉത്പാദനക്ഷമത ഹെക്ടറൊന്നിന് 5524 നാളികേരമായിരുന്നത് 1995 ആയപ്പോഴേക്കും 7780 നാളികേരമായുയർന്നു. ഉത്പാദനത്തിലെന്നതുപോലെ ഉത്പാദനക്ഷമതയിലും ഈ കാലഘട്ടത്തിൽ നമ്മുടെ രാജ്യം ലോകരാഷ്ട്രങ്ങളുടെ മുന്നിലെത്തി.

ബോർഡ് നടപ്പിലാക്കി വരുന്ന വികസനപ്രവർത്തനങ്ങൾ രാജ്യത്തിന്റെ പരമ്പരാഗതമല്ലാത്ത പ്രദേശങ്ങളിലും കേരകൃഷി വ്യാപിപ്പിക്കുവാൻ ഇടയാക്കി. ഭാരതത്തിന്റെ വടക്ക് കിഴക്കൻ മേഖലകളിൽ തെങ്ങ് സമൃദ്ധമായി വളരും എന്ന് കണ്ടതോടെ, തെങ്ങ് ഒരു തീരദേശവിളയെന്ന സങ്കല്പത്തിനു തന്നെ മാറ്റം വന്നു. വൈവിധ്യമാർന്ന മണ്ണിലും കാലാവസ്ഥയിലും വളരുമെന്ന് തെളിയിക്കപ്പെട്ടതോടെ ഒരു തെക്കേയിന്ത്യൻ വിളയെന്ന ധാരണ തിരുത്തിക്കുറിക്കുവാനും തെങ്ങിനെ ഒരു ദേശീയ വിളയായി വളർത്തിയെടുക്കാനും ബോർഡിന് കഴിഞ്ഞു. നാളികേരത്തിന്റെ ഉപഭോഗം അഖിലേന്ത്യാതലത്തിൽ വളർത്തിയെടുക്കുവാൻ ഈ പരിവർത്തനം പര്യാപ്തമായി.

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വ്യാപകമായി ലഭ്യമാക്കുവാൻ ബോർഡ് നടപ്പിലാക്കിയ പദ്ധതികളും ജനശ്രദ്ധയാകർഷിച്ചു. രാജ്യത്തിന്റെ വിഭിന്ന മേഖലകളിൽ സ്ഥാപിച്ച വിത്ത് തോട്ടങ്ങൾ അതാത് പ്രദേശങ്ങളിൽ, വിശിഷ്യാ, വടക്ക് കിഴക്കൻ മേഖലകളിൽ തെങ്ങുകൃഷിക്ക് ഉത്തേജനമായിത്തീർന്നു. ഇന്ന് വിത്ത് തേങ്ങ ശേഖരിക്കാൻ പര്യാപ്തമായ മാതൃകാ വൃക്ഷങ്ങൾ ഈ മേഖലകളിൽ ലഭ്യമാണെന്നത് ബോർഡിന്റെ പ്രവർത്തനങ്ങളുടെ നേട്ടം തന്നെയാണ്.

വെളിച്ചെണ്ണയെ മാത്രം ആശ്രയിച്ചു നീങ്ങിയിരുന്ന കേരവ്യവസായത്തിന് ഒരു സമൂലമാറ്റം വരുത്തുവാനും സാങ്കേതിക വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള ബോർഡിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിലൂടെ സാധിച്ചു. പായ്ക്കറ്റിലാക്കിയ ഇളനീർ, മിൽക്ക് പൗഡർ, നാളികേര ചിപ്സ്, വിനാഗിരി, തേങ്ങാപ്പൊടി, എന്നീ നൂതന ഉൽപന്നങ്ങളുടെ സാങ്കേതികവിദ്യ വിവിധ ഗവേഷണ സ്ഥാപനങ്ങളിലൂടെ വികസിപ്പിച്ചെടുക്കുവാനും വിപണിയിലെത്തിക്കുവാനും സാധിച്ചത് ബോർഡിന്റെ ഏറ്റവും വലിയ നേട്ടമായി കണക്കാക്കുന്നു. വെളിച്ചെണ്ണ ആരോഗ്യത്തിന് ഹാനികരമാണെന്ന പാശ്ചാത്യ ലോബിയുടെ ദുഷ്പ്രചരണത്തെ ഫലപ്രദമായി നേരിടാനും, പാചകയെണ്ണയെന്ന നിലയിൽ വെളിച്ചെണ്ണ മറ്റ് എണ്ണകളേക്കാൾ മെച്ചമാണെന്ന് തെളിയിക്കാനും, അത്തരത്തിലുള്ള ഗവേഷണങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും കഴിഞ്ഞത് ബോർഡിന്റെ പ്രധാനപ്പെട്ട സംഭാവനയാണ്. അതുപോലെ തന്നെ വെളിച്ചെണ്ണയുടേയും ഇളനീരിന്റേയും ഉപയോഗം വർദ്ധിപ്പിക്കുവാനുള്ള ബോധവത്ക്കരണം ഏറെ ജനശ്രദ്ധയാകർഷിച്ചു. ബോർഡിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഖ്യാതിയും കേരോൽപന്നങ്ങൾക്ക് രാജ്യത്തിന് അകത്തും പുറത്തും ആവശ്യകതയും സൃഷ്ടിക്കുന്നതിന് അടിത്തറയിട്ടത് പത്തും പതിനൊന്നും പദ്ധതികളിലെ വിപുലമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളാലാണ്.

ഉൽപന്നങ്ങൾ കരിക്കിൽ നിന്നുള്ളത്, വിളഞ്ഞ കാമ്പിൽ നിന്നുള്ളത്, ചിരട്ടയിൽ നിന്നുള്ളത്, തടിയിൽ നിന്നുള്ളത് എന്നിങ്ങനെ തരം തിരിക്കാം. കരിക്കിൻ വെള്ളം പായ്ക്ക് ചെയ്തും കരിക്കിൻ വെള്ളം ചേരുവയാക്കിയ വൈവിധ്യമാർന്ന പാനീയങ്ങൾ ഉണ്ടാക്കിയും, ഇളം കാമ്പുപയോഗപ്പെടുത്തിയുള്ള ഡെസേർട്ടുകൾ, പുഡ്ഡിംഗുകൾ എന്നിവയുണ്ടാക്കിയും കരിക്കിന് മൂല്യവർദ്ധനയുണ്ടാക്കാം, വിളഞ്ഞ തേങ്ങയിൽ നിന്നുള്ള പാൽ, പാൽപൊടി, ക്രീം, വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ എന്നിവയെല്ലാം ആഭ്യന്തര വിപണിയും അന്താരാഷ്ട്ര വിപണിയും ഒരു പോലെ കൈയടക്കാനുതകുന്ന മൂല്യ വർദ്ധിത ഉൽപന്നങ്ങളാണ്. ചിരട്ടയിൽ നിന്നുള്ള ചിരട്ടക്കരി, ചിരട്ടപ്പൊടി, ഉത്തേജിത കരി ഇവയുടെ അനന്ത സാധ്യതകൾ അറിഞ്ഞുവേണം ഭാവി പ്രവർത്തനങ്ങൾ. ഈ ഉൽപന്നങ്ങൾക്ക് വില കുറയുന്നില്ല എന്നത് ശ്രദ്ധേയമാണ്. തോട്ടമടിസ്ഥാനത്തിലുള്ള സംസ്ക്കരണവും മൂല്യവർദ്ധനവും വരും കാലങ്ങളിലെ മുൻഗണന വിഷയം തന്നെയായിരിക്കും.

ഇതിനായി കൂടുതൽ സ്വകാര്യ സംരംഭകരെ ആകർഷിക്കുവാൻ വേണ്ട എല്ലാ കർമ്മ പരിപാടികളും ആവിഷ്ക്കരിക്കാൻ ആരംഭം കുറിച്ചു കഴിഞ്ഞു. സംരംഭകർക്കു വേണ്ടുന്ന മൂലധനം, സബ്സീഡി, മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാവുന്ന സാമ്പത്തിക സഹായം, സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും വിഹിതം ലഭ്യമാക്കൽ എന്നിവയെല്ലാം സുഗമമാക്കാൻ ബോർഡ് ശ്രമിച്ചു വരുന്നു. സംരംഭകർക്ക് കൂടുതൽ ഉത്തേജനം നൽകുന്ന രീതിയിൽ കേരള സംസ്ഥാന ബഡ്ജറ്റിൽ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ചെടുക്കുവാൻ ബോർഡിന് കഴിഞ്ഞു.

ഉത്പാദക സൊസൈറ്റികളേയും ഫെഡറേഷനുകളേയും ഇതിനു പ്രാപ്തമാക്കാനുതകുന്നരീതിയിൽ മാറ്റുകയാണ്



*കരിക്കു വ്യവസായം നാളെയുടെ കരുത്ത്*



*പ്രശ്ന പരിഹാരമായി ചങ്ങാതിക്കൂട്ടവും*

ലക്ഷ്യം. പദ്ധതികൾ പരമാവധി ഈ സംവിധാനം വഴി നടപ്പിലാക്കാനാണുദ്ദേശ്യം. കർഷകരുടെ കൂട്ടായ്മ ബലപ്പെടുത്താനുള്ള തന്ത്രം ഇതുമാത്രമായിരിക്കും. **ഓരോ സിപിഎസുകളും ഫെഡറേഷനുകളും വഴി അഞ്ചുലക്ഷം കരിക്കിനുപയുക്തമായ തെങ്ങിനങ്ങൾ വെച്ചുപിടിപ്പിക്കണം.** വരും കാലങ്ങളിൽ കരിക്കു സുലഭമായി ലഭ്യമാക്കാൻ ഇതുമാത്രമാണ് പോംവഴി. വീടു വീടാന്തരം വലിച്ചെറിയുന്ന ചിരട്ടയും തൊണ്ടും സമാഹരിച്ച് മൂല്യവർദ്ധന നടത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സിപിഎസും ഫെഡറേഷനും ഏറ്റെടുക്കണം. ചെറിയ പദ്ധതികൾ സിപിഎസുകൾ വഴിക്കും മറ്റുള്ളവ ഫെഡറേഷനുകളും കമ്പനികളും വഴിയും പ്രോത്സാഹിപ്പിക്കാനാണുദ്ദേശം. സങ്കരയിനം തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ

**ഭാവിയിലെ ഷുഗർ ഫ്രീ, ഗ്ലൂട്ടൻഫ്രീ, ഫാറ്റ് ഫ്രീ, കൊളസ്ട്രോൾ ഫ്രീ ഐസ്ക്രീം ഏത്?**

സംശയം വേണ്ട, കരിക്കിൽ നിന്നുമെടുക്കാവുന്ന ഐസ്ക്രീം തന്നെ ആയിരിക്കും ഭാവിയിൽ ഹെൽത്ത് ഐസ്ക്രീം. അപ്പോൾ പിന്നെ കരിക്കിന്റെ ഇളം കാമ്പിന് പൊന്നിൻ വില പ്രതീക്ഷിച്ചുകൂടേ?

ഇവർക്കു ക്രമേണ ഏറ്റെടുക്കാം. ഇതിനു വേണ്ടി വിദ്യാഭ്യാസസ്ഥാപനങ്ങളും എൻ.ജി.ഒകളും വഴി കൊളാബറേറ്റീവ് റിസർച്ച് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയെക്കുറിച്ചൊരു ചെറു ലേഖനം ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്.

### കരിക്കിൻ വെള്ളം പായ്ക്കിംഗ് – നമ്മുടെ സാങ്കേതിക വിദ്യ കൂടുതൽ മെച്ചം

വിറ്റാ കൊക്കോ, സീക്കോ, വൺ ഡ്രിങ്ക് തുടങ്ങിയ വിദേശ കരിക്കിൻവെള്ള കമ്പനികൾ അരങ്ങു തകർക്കുകയാണ്. കാരണം നാളെയുടെ ഡ്രിങ്കായ് ലോകം ഉറ്റു നോക്കുന്നത് കരിക്കിൻ വെള്ളത്തെയാണ്. നമ്മുടെ നാട്ടിലെ ടെൻഡോയും കൊക്കോജലും, ടെൻഡർ കൊക്കോയുമെല്ലാം വിദേശ വിപണിയിലെത്തിയിട്ടുണ്ടെങ്കിലും നൂറു യൂണിറ്റെങ്കിലും നമ്മുടെ രാജ്യത്തുണ്ടായാൽ ഇന്ത്യൻ ബ്രാൻഡുകൾക്കു വിദേശ ബ്രാൻഡുകളുടെ മുമ്പിലെത്താം. കാരണം നമ്മുടെ സാങ്കേതിക വിദ്യ മറ്റുള്ളവയേക്കാൾ മെച്ചമാണെന്ന പല വിദേശ രാജ്യങ്ങളും സമ്മതിച്ചു കഴിഞ്ഞു.




### കയറ്റുമതിയിൽ ഉയരങ്ങൾ താണ്ടാൻ

മൂല്യ വർദ്ധനവിൽ മികവു തെളിയിച്ച് ഗുണമേന്മ ഉറപ്പു വരുത്തി ഉത്പന്നങ്ങളുടെ നിരന്തരശ്രേണി വിപണിയിലെത്തിക്കാൻ വിപണി വികസനവും പ്രോത്സാഹനവും കേന്ദ്രീകരിച്ചു പദ്ധതികൾ തയ്യാറാക്കി സംരംഭകരെ സഹായിക്കും. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ആയതോടെ കൂടി ബോർഡ് ഈ രംഗത്ത് ശക്തമായ സാന്നിധ്യം തെളിയിച്ചു കഴിഞ്ഞു. 800 ലധികം എക്സ്പോർട്ടേഴ്സ് രജിസ്റ്റർ ചെയ്തു കഴിഞ്ഞത് ബോർഡ് മുന്നോട്ടുള്ള



*സിപിഎസ് നേതൃത്വ പരിശീലനം*

**നീരയും പാം ഷുഗറും**

നീരയും പാം ഷുഗറും പണ്ടു മുതലേ നിലനിൽക്കുന്നുവെങ്കിലും കൂടുതൽ ജന ശ്രദ്ധ ആകർഷിച്ച ഉൽപന്നങ്ങളാണ്. കള്ളു ചെത്തുമായി താരതമ്യപ്പെടുത്തി അബ്കാരി നിയമത്തിന്റെ പേരും പറഞ്ഞ് കെണിയിലകപ്പെട്ടുകിടക്കുന്ന ഉൽപന്ന ങ്ങളാണിവ. പൂങ്കുല ചെത്തി പുളിപ്പി ക്കാതെ എടുക്കുന്ന ഏറ്റവും സ്വാദിഷ്ടവും പോഷകസമ്പന്നവുമായ നീര ചെത്താൻ അനുമതി ലഭിക്കാതെ കർഷകർ പരക്കം പായുന്നു.

കർഷക കൂട്ടായ്മകൾ ഇതിനായി സമ്മർദ്ദം ചെലുത്തി സർക്കാരിന്റെ നയം മാറ്റിയെടുക്കണം. സംസ്ക്കരിച്ചെടുക്കുന്ന പാം ഷുഗർ പ്രമേഹരോഗികൾക്കുപോലും ഉത്തമമാണെന്നാണ് കണ്ടുപിടിത്തം. ഇന്തോനേഷ്യയും തായ്‌ലന്റും ഫിലി പ്പീൻസുമെല്ലാം ഇത്തരം ഉൽപന്നങ്ങ ളിൽകൂടി ആഭ്യന്തര വിപണിയും അന്താ രാഷ്ട്ര വിപണിയും കൈയടക്കി വിദേശ നാണ്യം നേടുമ്പോൾ ഇന്ത്യയ്ക്കെന്തു കൊണ്ടു ഇത് ആയിക്കൂടാ? നമ്മുടെ കാഴ്ചപ്പാടുകൾ അടിമുടി മാറണം.




ചാലക ശക്തിയാകാനുള്ളതിന്റെ സൂചന യാണ്. ഈ പദ്ധതിക്കാലത്ത് കയറ്റുമതി പുതിയ തലങ്ങളിലെത്തണം.

**കർഷകർ എന്തു ചെയ്യണം**

ഇന്നത്തെ വിലത്തകർച്ചയിൽ മനസ്സു പതറാതെ തെങ്ങിനുള്ള പരിചരണം കൂടു തൽ മെച്ചപ്പെടുത്തണം. ലഭ്യമായ സംവി ധാനങ്ങൾ ഉപയോഗപ്പെടുത്തി തെങ്ങുക യറാനും മണ്ട വൃത്തിയാക്കാനും കൃത്യ മായി വിളവെടുക്കാനും അമാന്തിക്കരുത്. തെങ്ങുകയറ്റക്കാരുടെ പ്രശ്നത്തിന് പരി ഹാരമായി ചങ്ങാതിക്കൂട്ടവുമായി. കർഷ കർ മുൻകൈയെടുത്ത് ആവശ്യാനുസ രണം ചങ്ങാതിമാരെ ഈ പദ്ധതിക്കാലയ ളവിൽ പരിശീലിപ്പിച്ചെടുക്കണം.

കരിക്കിനു പറ്റിയ ഇനങ്ങൾ നടുകയും സങ്കരയിന ഉത്പാദനത്തിൽ പങ്കാളികളാ കുകയും ഉത്പാദക സംഘങ്ങളിലും ഫെഡറേഷനുകളിലും കൂട്ടായ്മയുടെ ഭാഗ മാവുകയും ചെയ്യുക. കർഷകൻ നാടിന്റെ നട്ടെല്ലാണെന്ന ബോധത്തോടെ, അഭിമാ നത്തോടെ അർഹമായ വിഹിതം ചോദി ച്ചുവാങ്ങാൻ പ്രാപ്തി നേടണം.

**കർഷകകൂട്ടായ്മകൾ എന്തു ചെയ്യണം**

കൃഷിപണി തുടങ്ങി വിളവെടുപ്പും സംസ്ക്കരണവുമെല്ലാം കൂട്ടായ്മകളിൽ കൂടിയാവണം. കൊപ്രാ ഡ്രയർ സ്ഥാപി ക്കുക, നഴ്സറി തുടങ്ങുക, ഇളനീർ പാർല റുകൾ, നാളികേര ചിപ്സ്, വിനാഗിരി പോലുള്ള ചെറിയ ഉത്പന്ന യൂണിറ്റുകൾ തുടങ്ങുക, ഇവയെല്ലാം കൂട്ടായ്മകളിൽ കൂടിയാവണം. ഫെഡറേഷൻ, കമ്പനി എന്നീ തലങ്ങളിലേക്ക് കൂട്ടായ്മകൾ ശക്തി പ്പെടുമ്പോൾ വലിയ വ്യവസായ സംരംഭ ങ്ങൾ ഏറ്റെടുക്കാം.

ഉത്പാദക സൊസൈറ്റികളുടെ ഭാരവാ ഹികളെ സംഘടന നയിക്കാൻ പ്രാപ്ത രാക്കുന്ന പരിശീലന പരിപാടിയെന്ന നൂതന ആശയം കൂട്ടായ്മകൾ ശക്തിപ്പെ ടുത്തുന്നതിനു വേണ്ടിയാണ്. കൃഷിക്കാരെ വ്യവസായികൾക്ക് അസംസ്കൃത വസ്തുക്കൾ നൽകുന്നവരെന്നതിലുപരി വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിലേക്കും അവയുടെ വിപണനത്തിലേക്കും കൈപിടിച്ച് കൊണ്ടു വരികയെന്നതാണ് പരിശീലന പരിപാടിയുടെ മുഖ്യലക്ഷ്യം. വെളിച്ചെണ്ണയുടേയും കൊപ്രയുടേയും മാത്രം ഉത്പാദനത്തിൽ ഒതുങ്ങി നിൽക്കുന്ന കേരളത്തിലെ നാളികേര സംസ്ക്കരണ മേഖലയെ സിപിഎസുക ളുടെ ഫെഡറേഷനുകൾ വഴിയും, ഉത്പാദക കമ്പനികൾ വഴിയും ലോകോത്തരങ്ങളായ നൂതന നാളികേരാധിഷ്ഠിത ഉൽപന്നങ്ങൾ നിർമ്മിക്കുവാൻ പ്രാപ്തരാക്കുകയാണ് ആത്യന്തികലക്ഷ്യം. കൂട്ടായ്മയിലൂടെ ഉത്പാദന ചെലവുകൾ കുറയ്ക്കുന്നതിനും, ഉത്പാദനക്ഷമതാ വർദ്ധനവിനുമുള്ള പ്രായോഗിക നിർദ്ദേശങ്ങൾ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരംഭശൂരത്വമായി കൂട്ടയ്മകൾ ചിന്നിചിതറാൻ പാടില്ല എന്നു ള്ളതാണ് ബോർഡിന്റെ കാഴ്ചപ്പാട്.

**ഗവൺമെന്റിന് എന്തു ചെയ്യാം?**

കേരരംഗം ശക്തിപ്പെടുത്താൻ സർക്കാ രിന്റെ സഹായ ഹസ്തം എല്ലാ മേഖലക ളിലുമെത്തണം. ബോർഡ് നൽകുന്ന സഹായധനത്തോടൊപ്പം ഗവൺമെന്റിന്റെ വിഹിതവുമാകാം. വ്യവസായം തുടങ്ങുന്ന തിന്, കൊപ്ര സംഭരിക്കുന്നതിന്, പൊതു വിതരണ സമ്പ്രദായത്തിലൂടെ വെളിച്ചെ ണ്ണയും കേരോൽപന്നങ്ങളും ലഭ്യമാക്കുന്ന തിന്, ചങ്ങാതിമാർക്ക് വാഹനം വാങ്ങു ന്നതിന്, നയപരമായ തീരുമാനങ്ങൾ അനു കൂലമാക്കുന്നതിന്, വായ്പാസമ്പ്രദായ ങ്ങളും ഗവൺമെന്റ് തലത്തിലുള്ള ഔപചാരികതകളും ലഘൂകരിക്കുന്നതിന്, കേര പാർക്കുകൾ പോലുള്ള സംരംഭങ്ങളെപ്പറ്റിയുള്ള തീരുമാനങ്ങൾ വേഗത്തിലാക്കുന്നതിന് പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നതിന്, ഇങ്ങനെ പല തും...

**വേണ്ടേ ബോർഡിനു ഗവേഷണവും?**

ഇന്ത്യയിലെ തെങ്ങുഗവേഷണ പഠന ഫലങ്ങൾ ലോകരാജ്യങ്ങളിൽ വച്ച് മുൻനി രയിലേതാണ്. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസേർച്ചിന്റെ കീഴിൽ കേന്ദ്ര തോട്ട ഗവേഷണ സ്ഥാപനം വൈവിധ്യ മാർന്ന പഠനങ്ങൾ തുടരുന്നു. സാങ്കേതി കവിദ്യ വികസന രംഗത്ത് ബോർഡ് പഠ നങ്ങൾ സ്പോൺസർ ചെയ്തു വരുന്നത് തുടരുന്നതോടൊപ്പം ബോർഡിന്റെ ഫാമു കളെ അന്താരാഷ്ട്ര വികസന കേന്ദ്രമായി വികസിപ്പിച്ചെടുക്കുവാനും ആലോചനയു ണ്ട്.ഗവേഷണഫലങ്ങളെ ഏകോപിപ്പിച്ച് കർഷകർക്ക് സാങ്കേതിക വിദ്യകൈമാറ്റം ത്വരിതപ്പെടുത്താനിതു സഹായകമാകും.

ഇങ്ങനെ ഇതുവരെ കടന്നുചെല്ലാത്ത മേഖലകളിൽ ശ്രദ്ധ ചെലുത്തിയും സമീ പനങ്ങളിലും തന്ത്രങ്ങളിലും മാറ്റങ്ങൾ വരു ത്തിയും കർഷകരെയും മറ്റു തൽപരക ക്ഷികളെയും കൈകോർപ്പിച്ച് അസാധ്യമാ യതെല്ലാം സാധ്യമാക്കുകയാണ് അടുത്ത പഞ്ച വത്സര പദ്ധതിയിൽ ബോർഡിന്റെ ലക്ഷ്യം.

*ഡെപ്യൂട്ടി ഡയറക്ടർ,*
*നാളികേര വികസന ബോർഡ്, കൊച്ചി-11*



# ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ കാർഷിക വിജയത്തിന് അടിത്തറ

**ടി. ഐ. മാത്യുക്കുട്ടി**

തെങ്ങ് മാനവജാതിക്ക് അത്യന്തം പ്രയോജനപ്രദമായ കാർഷിക വിളയാണ്. ഭക്ഷണത്തിനും പാനീയത്തിനും എണ്ണയ്ക്കും നാരുകൾക്കും തടിയ്ക്കും ഇന്ധനത്തിനും പുറമേ ജീവിതത്തിന്റെ നാനാതുറകളിൽ നിരവധി തരത്തിൽ തെങ്ങ് മനുഷ്യന് പ്രയോജനപ്പെടുന്നു. ചെറുകിട, നാമമാത്ര കർഷകരുടെ വിളയായ തെങ്ങ് നമ്മുടെ രാജ്യത്ത് 18 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും കൃഷി ചെയ്യപ്പെടുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ജനങ്ങളുടെ, പ്രത്യേകിച്ച് സമൂഹത്തിലെ അവശ വിഭാഗത്തിന് വരുമാന സമ്പാദനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തെങ്ങ്കൃഷിക്കുള്ള പങ്ക് കണക്കിലെടുത്താൽ ദേശീയ സമ്പദ് വ്യവസ്ഥയിൽ തെങ്ങിന്റെ സ്ഥാനം അത്യധികം പ്രാധാന്യമുള്ളതാണ്. നമ്മുടെ രാജ്യത്ത് ഒരു കോടിയിലധികം ജനങ്ങൾ ഉപജീവനത്തിനായി തെങ്ങുകൃഷിയെയാണ് ആശ്രയിക്കുന്നത്. രാജ്യത്തെ മൊത്തം ആഭ്യന്തര വരുമാനത്തിൽ തെങ്ങുകൃഷിയുടെ സംഭാവന 8300 കോടി രൂപയാണ്; സസ്യഎണ്ണ ഉത്പാദനത്തിന്റെ 6 ശതമാനവും. കയർ അടക്കമുള്ള നാളികേരോൽപന്നങ്ങളുടെ കയറ്റുമതിയിൽ നിന്ന് 1700 കോടി രൂപയുടെ വിദേശനാണ്യമാണ് രാജ്യത്തിന് ലഭിക്കുന്നത്.

രാജ്യത്തെ തെങ്ങുകൃഷിയുടേയും കേരവ്യവസായത്തിന്റേയും വികസനത്തിനായി 1981ൽ ആണ് നാളികേര വികസന ബോർഡ് സ്ഥാപിതമായത്. ആറാം പഞ്ചവത്സര പദ്ധതിയുടെ ഉത്തരാർദ്ധത്തിൽ 1982-83ൽ ബോർഡ് വികസന പരിപാടികൾ നടപ്പിലാക്കാൻ തുടങ്ങി. ഇക്കാലയളവിൽ തെങ്ങുകൃഷി വ്യാപനം, നടീൽ സാമഗ്രികളുടെ ഉത്പാദനവും വിതരണവും തുടങ്ങിയ പദ്ധതികളായിരുന്നു ബോർഡ് നടപ്പിലാക്കിയത്. പ്രസ്തുത കാലയളവിൽ പദ്ധതി നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരുന്നത് 3.67 കോടി രൂപയായിരുന്നു. ഏഴാം പഞ്ചവത്സര പദ്ധതിയിൽ ഇത് 10.22 കോടി രൂപയായി വർദ്ധിച്ചു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ ബജറ്റ് വിഹിതം 395 കോടി രൂപയായിരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ 1000 കോടി രൂപയുടെ പദ്ധതികളാണ് ബോർഡ് വിഭാവനം ചെയ്യുന്നത്.

കേരകർഷക സമൂഹത്തിന്റെ നന്മയ്ക്കായി വിവിധതരം ദീർഘകാല, ഹ്രസ്വകാല പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്. നമ്മുടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലായി ബോർഡ് നേരിട്ടോ സംസ്ഥാന കൃഷി വകുപ്പിന്റേയോ ഹോർട്ടികൾച്ചർ വകുപ്പിന്റേയോ സഹായത്തോടെയോ ആണ് പദ്ധതി നടപ്പിലാക്കുന്നത്. നടീൽ സാമഗ്രികളുടെ ഉത്പാദനവും വിതരണവും, തെങ്ങുകൃഷി വ്യാപനം, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സമഗ്രകൃഷി, സാങ്കേതികവിദ്യ പ്രദർശനം, വിപണി പ്രോത്സാഹനം, വിവര സാങ്കേതിക വിദ്യ, നാളികേര ടെക്നോളജി മിഷൻ, കേര ഇൻഷൂറൻസ്, തെങ്ങുകൃഷി പുനരുദ്ധാരണം എന്നിവയാണ് ബോർഡ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.ബോർഡിന്റെ 'നടീൽ സാമഗ്രികളുടെ ഉത്പാദനവും വിതരണവും' എന്ന പദ്ധതിക്ക് കീഴിൽ

സംസ്ഥാന കൃഷി വകുപ്പുകളിലൂടെ സങ്കരയിനങ്ങളുടേയും മറ്റ് മെച്ചപ്പെട്ട ഇനങ്ങളുടേയും ഉത്പാദനവും വിതരണവും, പ്രാദേശിക തെങ്ങിൻ നഴ്സറികൾ സ്ഥാപിക്കൽ, ന്യൂക്ലിയസ് സീഡ് ഗാർഡനോ, നഴ്സറികളോ തുടങ്ങുന്നതിന് സഹായം തുടങ്ങിയ പരിപാടികളും നടപ്പിലാക്കുന്നുണ്ട്. ഓരോ പ്രദേശത്തേയും കാലാവസ്ഥയ്ക്കും പരിസ്ഥിതിക്കും അനുയോജ്യമായ തെങ്ങിനങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാധാന്യം മനസ്സിലാക്കി അത്തരം തെങ്ങിനങ്ങളുടെ തൈകൾ ഉത്പാദിപ്പിക്കുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശന വിത്തുത്പാദന തോട്ടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ബോർഡിന്റെ കീഴിൽ ഇപ്പോൾ ഏഴ് പ്രദർശന വിത്തുത്പാദന തോട്ടങ്ങൾ കർണ്ണാടക (മാണ്ഡ്യ)ത്തിലും കേരള(നേര്യമംഗലം)ത്തിലും ആന്ധ്രാപ്രദേശി (വേഗിവാഡ)ലും ഛത്തീസ്ഗഢി (കൊണ്ടഗാവ്)ലും ബീഹാറി (മധേപുര)ലും ഒഡീഷ (പിട്ടാപ്പിള്ളി)യിലും അസ്സമിലു (അഭയ്പുരി)മായി മൊത്തം 240 ഹെക്ടറിൽ പ്രവർത്തിക്കുന്നു.

**തെങ്ങിൻ തൈകളുടെ ആവശ്യം**

ദീർഘകാലവിളയായതിനാൽ അറുപതിലേറെ വർഷക്കാലം തെങ്ങിൽ നിന്ന് ആദായം ലഭിക്കുന്നുണ്ട്. നടീൽ സാമഗ്രിയുടെ ഗുണമേന്മയെ അടിസ്ഥാനമാക്കിയായിരിക്കും ഭാവിയിൽ തെങ്ങിൽ നിന്നുള്ള വിളവിന്റെ ലഭ്യത. ഗുണനിലവാരം കുറഞ്ഞ നടീൽ സാമഗ്രികൾ കർഷകന് നഷ്ടമാണുണ്ടാക്കുക. തെങ്ങിൻ തൈ നട്ടുവളർത്തി കായ്ഫലം ലഭിക്കുന്നതിനു മുൻപ് തന്നെ കർഷകന്റെ പ്രയത്നം വളരെയധികം ആവശ്യമായി വരുന്നതിനാൽ നല്ല ഇനത്തിൽപ്പെട്ട ഗുണനിലവാരമുള്ള നടീൽ സാമഗ്രികൾ തെരഞ്ഞെടുക്കുവാൻ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. വിത്തുതേങ്ങ പാകി കിളിർപ്പിച്ച് മാത്രമേ തെങ്ങിൽ നിന്ന് നടീൽ സാമഗ്രികൾ ഉത്പാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. ടിഷ്യു കൾച്ചർ മുഖേന നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും അവയൊന്നും പൂർണ്ണമായി ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

നമ്മുടെ രാജ്യത്ത് തെങ്ങുകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിൽ കഴിഞ്ഞ ദശകത്തിൽ 0.8 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. വരും വർഷങ്ങളിലും ഈ പ്രവണത തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. മഹാരാഷ്ട്ര, ഛത്തീ



സ്ഗഢ്, മേഘാലയ, അസ്സം എന്നീ സംസ്ഥാനങ്ങളിലും മറ്റ് വടക്ക് – കിഴക്കൻ സംസ്ഥാനങ്ങളിലും തെങ്ങുകൃഷി വ്യാപിപ്പിക്കാനുള്ള സാദ്ധ്യതകളുണ്ട്. രാജ്യത്ത് ഇപ്പോൾ 18.9 ലക്ഷം ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നുണ്ട്. ഇതിൽ ശരാശരി 1 ശതമാനം വർദ്ധനയുണ്ടാകണമെങ്കിൽ 18900 ഹെക്ടർ സ്ഥലത്ത് പുതുതായി തെങ്ങുകൃഷി ചെയ്ത് തുടങ്ങണം. ഒരു ഹെക്ടർ സ്ഥലത്ത് 175 തെങ്ങുകൾ എന്ന കണക്കിൽ നട്ടുപിടിപ്പിക്കുന്നതിന് ഒരു വർഷം 33 ലക്ഷത്തോളം തെങ്ങിൻ തൈകളാണ് ആവശ്യമായി വരുന്നത്. പരമ്പരാഗതമായി തെങ്ങുകൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ പുതുകൃഷിക്ക് പുറമേ അടിത്തൈ വെച്ചു പിടിപ്പിക്കുകയും കായ്ഫലമില്ലാത്ത തെങ്ങുകൾ വെട്ടിമാറ്റി തൈ വെച്ച് പിടിപ്പിക്കുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിലും ആൻഡമാൻ നിക്കോബാറിലും നടപ്പിലാക്കിവരുന്ന തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി കേരളത്തിലെ മറ്റ് ജില്ലകളിലേക്കും, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേക്കും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് വ്യാപിപ്പിക്കുന്നതാണ്. ഇവിടങ്ങളിലെല്ലാം പുതുതായി നട്ടുപിടിപ്പിക്കുന്നതിന് വളരെയേറെ തെങ്ങിൻ തൈകളാണ് ആവശ്യമായി വരുന്നത്. ഏകദേശം 37,800 ഹെക്ടർ സ്ഥലത്തേക്ക് അതിന്റെ 2 ശതമാനമെന്ന നിരക്കിലാണ് അടിത്തൈവെയ്ക്കലിനും പുനർനടീലിനുമായി തൈകൾ ആവശ്യമായി വരുന്നതെന്ന് കണക്കാക്കിയിരിക്കുന്നു. ഇതിനായി 66 ലക്ഷം തെങ്ങിൻ തൈകൾ വീതം വർഷം തോറും ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അപ്രകാരം രാജ്യത്ത് പ്രതിവർഷം ഒരു കോടി തെങ്ങിൻ തൈകൾ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഒരു കോടി തെങ്ങിൻ തൈകൾ കിളിർപ്പിച്ചെടുക്കുന്നതിന് ഒന്നരക്കോടി വിത്തുതേങ്ങകൾ ശേഖരിച്ച് പാകി മുളപ്പിക്കേണ്ടതുണ്ട്.

**തെങ്ങിൻ തൈ ഉത്പാദനം**

നെടിയ നാടൻ തെങ്ങിനങ്ങളേക്കാൾ 25 മുതൽ 40 ശതമാനം വരെ വിളവ് കൂടുതൽ നൽകുവാൻ കഴിവുള്ളവയാണ് കുറിയതും നെടിയതും തമ്മിലുള്ള സങ്കരയിനങ്ങളും (ഡിxടി) നെടിയതും കുറിയതും തമ്മിലുള്ള സങ്കരയിനങ്ങളും (ടി x ഡി) അത്യുത്പാദനശേഷിയുള്ള തെങ്ങിനങ്ങളും. പല ഗവേഷണസ്ഥാപനങ്ങളും പുറത്തിറക്കിയിട്ടുള്ള ഡിxടി സങ്കരയിനങ്ങൾ



*ബോർഡിന്റെ പ്രദർശന വിത്തുത്പാദനതോട്ടത്തിലെ നഴ്സറി*

ഉയർന്ന വിളവ് തരുന്നവയാണെങ്കിലും ഇവയുടെ ലഭ്യത വളരെ പരിമിതമാണ്. ഡിxടി തെങ്ങിൻതൈകൾ നേരത്തെ കായ്ക്കുന്നതിനാലും ഉയരം അധികം ഇല്ലാത്തതിനാലും ഉയർന്ന വിളവ് തരുന്നതിനാലും ഇവ നട്ടുപിടിപ്പിക്കാൻ കർഷകർ വളരെയേറെ താൽപര്യം കാണിക്കുന്നുണ്ട്. കുറിയ ഇനം തെങ്ങുകളുടെ ദൗർലഭ്യം ഡി X ടി തൈകളുടെ ഉത്പാദനത്തിൽ പ്രതിബന്ധം സൃഷ്ടിക്കുന്നു. കുറിയയിനം തെങ്ങുകളുള്ള തോട്ടങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. നമ്മുടെ രാജ്യത്ത് നെടിയ ഇനങ്ങളുടേയും കുറിയ ഇനങ്ങളുടേയും സങ്കരയിനങ്ങളുടേയും അനുപാതം 60 : 20: 20 എന്ന തോതിലാക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി കൂടുതൽ കുറിയ ഇനം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കേണ്ടതുണ്ട്. മാത്രമല്ല, കുറിയ തെങ്ങിനങ്ങളുടെ കരിക്കിന് നല്ല ജനപ്രീതിയുമുണ്ട്.

ബോർഡിന്റെ ഏഴ് പ്രദർശന വിത്തുത്പാദന തോട്ടങ്ങളിൽ നിന്നും സംസ്ഥാന കൃഷിവകുപ്പിന്റെ നഴ്സറികളിൽ നിന്നും കാർഷിക സർവ്വകലാശാലകളിൽ നിന്നും കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നിന്നും സ്വകാര്യ നഴ്സറികളിൽ നിന്നുമാണ് തെങ്ങിൻ തൈകൾ പ്രധാനമായും ലഭിക്കുന്നത്. ചില കർഷകർ സ്വന്തം ആവശ്യത്തിനായി തങ്ങളുടെ തോട്ടത്തിൽ നിന്ന് നല്ല മാതൃവൃക്ഷം തെരഞ്ഞെടുത്ത് തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നുണ്ട്. ബോർഡ് സങ്കരയിനങ്ങളുടേയും മറ്റ് മെച്ചപ്പെട്ടയിനങ്ങളുടേയും ഉത്പാദനത്തിനും പ്രാദേശിക തെങ്ങിൻ നഴ്സറി തുടങ്ങുന്നതിനുമുള്ള പദ്ധതിക്ക് കീഴിൽ സംസ്ഥാന കൃഷി വകുപ്പുകൾക്ക് ധനസഹായം നൽകുന്നുണ്ട്. ന്യൂക്ലിയസ് സീഡ് ഗാർഡൻ (വിത്തുതോട്ടം), സ്വകാര്യ നഴ്സറി എന്നിവ തുടങ്ങുന്നതിനും ബോർഡ് ധനസഹായം നൽകുന്നുണ്ട്.

**പട്ടിക 1 : ടി X ഡി സങ്കരയിനങ്ങളുടേയും മറ്റ് മെച്ചപ്പെട്ട ഇനങ്ങളുടേയും സംസ്ഥാന തലത്തിലുള്ള ഉത്പാദനം**

| വർഷം | കേരളം | കർണ്ണാടക | തമിഴ്നാട് | ഒഡീഷ | ആന്ധ്രാപ്രദേശ് | ആകെ |
|---|---|---|---|---|---|---|
| 2001 - 02 | 1.5 | | 1.25 | 0.5 | | 3.25 |
| 2002 - 03 | 0.9 | | 0.9 | 0.4 | | 2.2 |
| 2003 - 04 | 0.75 | | 1 | | 0.02 | 1.77 |
| 2004 - 05 | 0.75 | | 1 | | | 1.75 |
| 2005 - 06 | 0.75 | | 0.991 | 0.26 | | 2.001 |
| 2006 - 07 | 0.75 | 0.25 | 0.75 | | | 1.75 |
| 2007 - 08 | 0.75 | 0.25 | 0.75 | 0.25 | | 2 |
| 2008 - 09 | 1.05 | 0.25 | 1 | 0.25 | | 2.55 |
| 2009 - 10 | 1.5 | 0.25 | 1.2 | 0.25 | | 3.2 |
| 2010 - 11 | 1.9 | 0.125 | 1.6 | 0.25 | | 3.875 |
| 2011 - 12 | 1.9 | 0.25 | 1.6 | 0.25 | | 4 |
| ആകെ | 12.5 | 1.375 | 12.041 | 2.41 | 0.02 | 28.346 |

### ടി X ഡി സങ്കരയിനങ്ങളുടേയും മെച്ചപ്പെട്ട ഇനങ്ങളുടേയും ഉത്പാദനം

സങ്കരയിനങ്ങളുടേയും മറ്റ് മെച്ചപ്പെട്ട ഇനങ്ങളുടേയും ഉത്പാദനത്തിനും വിതരണത്തിനുമുള്ള ഒരു പദ്ധതി വിവിധ സംസ്ഥാനങ്ങളിൽ എട്ടാംപദ്ധതി കാലയളവ് മുതൽ നടപ്പിലാക്കിവരു.ന്നു. പ്രസ്തുത പദ്ധതിയിൽ സംസ്ഥാനകൃഷി വകുപ്പിന് സങ്കരയിനങ്ങളും മറ്റു മെച്ചപ്പെട്ട ഇനങ്ങളും ഉത്പാദിപ്പിക്കുന്നതിന് സഹായം നൽകി വരുന്നു. ഇതിനായി വേണ്ടി വരുന്ന ചെലവ് 50:50 അടിസ്ഥാനത്തിൽ ബോർഡും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കുകയാണ് ചെയ്യുന്നത്. തെങ്ങിൻ തൈകൾ വിപണനം ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനവും തുല്യമായി പങ്കുവെയ്ക്കുന്നു. 2001-02 മുതൽ 2011-12 വരെ പദ്ധതി നടപ്പാക്കിയ സംസ്ഥാനങ്ങളിൽ ഉത്പാദിപ്പിച്ച തെങ്ങിൻ തൈകളുടെ വിശദാംശങ്ങൾ പട്ടിക 1ൽ കൊടുത്തിരിക്കുന്നു. ഇതനുസരിച്ച് കേരളം, തമിഴ്നാട്, കർണ്ണാടകം, ഒഡീഷ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലായി 28.35 ലക്ഷം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു.

### പ്രാദേശിക തെങ്ങിൻ നഴ്സറി തുടങ്ങുക

സംസ്ഥാന സർക്കാരുകളുടെ നഴ്സറി പരിപാടികൾക്ക് പിന്തുണയേകുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രസ്തുത പരിപാടി നടപ്പിലാക്കുന്നത്. ഉത്പാദിപ്പിക്കുന്ന

**പട്ടിക 2: പ്രാദേശിക തെങ്ങിൻ തൈ നഴ്സറി തുടങ്ങുവാനുള്ള പദ്ധതിയുടെ കീഴിൽ സംസ്ഥാന തലത്തിൽ ഉത്പാദിപ്പിച്ച തെങ്ങിൻ തൈകൾ**

| വർഷം | കേരളം | പശ്ചിമ ബംഗാൾ | തമിഴ്നാട് | ആന്ധ്രപ്രദേശ് | ഒഡിഷ | ഗുജറാത്ത് | ആസാം | ത്രിപുര | നാഗാലാന്റ് | അരുണാചൽ പ്രദേശ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 2001-02 | | 0.94 | | | 1.5 | | 0.25 | 0.25 | 0.25 | 0.3 | 3.49 |
| 2002-03 | | 0.31 | | | 1.24 | | 0.21 | | 0.21 | 0.105 | 2.075 |
| 2003-04 | | | | | 1 | | | 0.15 | | 0.1 | 1.25 |
| 2004-05 | 0 | | 3 | 0 | 0 | 0 | 0 | 0 | 0.1 | 0.05 | 3.15 |
| 2005-06 | 2.58 | | 0 | | 3 | 2 | | | 0.05 | 0.05 | 7.68 |
| 2006-07 | 2.9 | | 2.5 | | 2 | | | 0.2 | 0.2 | 0.1 | 7.9 |
| 2007-08 | 2.5 | | 2 | | 1.5 | | | 0.2 | 0.2 | 0.2 | 6.6 |
| 2008-09 | 0.5 | | 2 | | 2 | | | 0.35 | | | 4.85 |
| 2009-10 | 2.6 | | 2.3 | 0.15 | 2 | | | 0.1 | | | 7.15 |
| 2010-11 | 4.6 | | 2.3 | | 2 | 0.5 | 0.3 | 0.1 | 0.1 | 0.1 | 10 |
| 2011-12 | 2.13 | | 3 | | 0.45 | 0.15 | | 0.05 | 0.05 | | 5.83 |
| ആകെ | 17.81 | 1.25 | 17.1 | 0.15 | 16.69 | 2.65 | 0.76 | 1.4 | 1.16 | 1.005 | 59.825 |

തെങ്ങിൻ തൈ ഒന്നിന് 12.50 രൂപ എന്ന നിരക്കിലാണ് ധനസഹായം നൽകുന്നത്. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡീഷ, ഗുജറാത്ത്, അസ്സം, ത്രിപുര, നാഗാലാന്റ്, അരുണാചൽ പ്രദേശ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ 2001-2002 മുതൽ 59.825 ലക്ഷം തെങ്ങിൻ തൈകളാണ് പദ്ധതിയുടെ കീഴിൽ ഉത്പാദിപ്പിച്ചത്. തെങ്ങിൻ തൈകളുടെ ഉത്പാദനത്തിന്റെ വിശദാംശങ്ങൾ പട്ടിക 2 ൽ കൊടുത്തിരിക്കുന്നു.

**ന്യൂക്ലിയസ് സീഡ് ഗാർഡൻ**

ഗുണനിലവാരമുള്ള സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായി മെച്ചപ്പെട്ടയിനം മാതൃ, പിതൃ വൃക്ഷങ്ങളുടെ വിത്തുതോട്ടം സ്വകാര്യമേഖലയിൽ സ്ഥാപിക്കുക എന്നതാണ് പ്രസ്തുത പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് കീഴിൽ 4 ഹെക്ടർ സ്ഥലത്ത് മൂന്ന് വർഷ കാലയളവിൽ കുറഞ്ഞത് 600 തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതിന് 6 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ആദ്യവർഷം വിത്തുതോട്ടത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി തെങ്ങിൻ തൈകൾ നട്ടുപിടിപ്പിച്ചു കഴിഞ്ഞാൽ ചെലവിന്റെ 25 ശതമാനം പരമാവധി 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. അടുത്ത രണ്ട് വർഷങ്ങളിൽ ബോർഡ് നടത്തുന്ന പരിശോധനയ്ക്ക് ശേഷം 1.50 ലക്ഷം രൂപ വീതമുള്ള അടുത്ത രണ്ട് ഗഡുക്കൾ നൽകുന്നു.

കേരളം പോലെ സ്ഥലപരിമിതിയുള്ള സംസ്ഥാനങ്ങളിൽ 2 ഹെക്ടർ സ്ഥലത്ത് വിത്തുതോട്ടം തുടങ്ങുന്നതിന് ആനുപാതികമായ സഹായം നൽകുന്നതാണ്. പ്രസ്തുത പദ്ധതിക്ക് കീഴിൽ കേരളം, കർണ്ണാടകം, ആന്ധ്രാപ്രദേശ്, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങളിൽ ഇതുവരെ 49 വിത്തുതോട്ടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**ബോർഡിൽ രജിസ്റ്റർ ചെയ്തതോ അംഗീകാരം നൽകിയിട്ടുള്ളതോ ആയ സ്വകാര്യ നഴ്സറികൾ**

സ്വകാര്യനഴ്സറികൾ മുഖേന ഗുണമേന്മയുള്ള തൈകൾ ഉത്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ബോർഡ് നടപ്പിലാക്കുന്ന പദ്ധതിക്ക് കീഴിൽ 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വർഷം തോറും 25000 തെങ്ങിൻ തൈകൾ വീതം ഉത്പാദിപ്പിക്കുന്ന നഴ്സറികൾക്ക് ആദ്യരണ്ടുവർഷം ഒരു ലക്ഷം രൂപവീതം ധനസഹായം നൽകുന്നതാണ്. 6250



*ഒരു സ്വകാര്യ നഴ്സറി*

തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്ന ചെറുകിട നഴ്സറികൾക്കും 25,000 രൂപ വീതം രണ്ട് വാർഷിക തവണകളായി നൽകുന്നതാണ്. 2001-02 വർഷത്തിൽ ആരംഭിച്ച പദ്ധതിക്ക് കീഴിൽ വിവിധ സംസ്ഥാനങ്ങളിലായി 253 നഴ്സറികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

**പ്രദർശന വിത്തുത്പാദന തോട്ടങ്ങളിലെ നഴ്സറികൾ**

ബോർഡിന്റെ ഏഴ് പ്രദർശന വിത്തുത്പാദന തോട്ടങ്ങളിൽ നെടിയ ഇനത്തിലും കുറിയയിനത്തിലുംപെട്ട തെങ്ങിൻ തൈകളും വിവിധയിനം പിതൃ-മാതൃ വൃക്ഷങ്ങളിൽ നിന്ന് വർഗ്ഗസങ്കരണം നടത്തി ഉത്പാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകളും ലഭ്യമാണ്. പ്രദർശന -വിത്തുത്പാദന തോട്ടങ്ങൾ ഗുണനിലവാരമുള്ള നടീൽ സാമഗ്രികളുടെ വിശ്വസനീയ സ്രോതസ്സ് മാത്രമല്ല, ഇവിടെ നാളികേരോത്പാദനം, കേര പരിപാലനം, സംരക്ഷണം എന്നീ മേഖലകളിൽ ഉരുത്തിരിച്ചെടുക്കുന്ന സാങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. മാണ്ഡ്യ, നേര്യമംഗലം, അഭയപുരി എന്നിവിടങ്ങളിലെ തോട്ടങ്ങളിൽ സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനവും വിപണനവും നടക്കുന്നുണ്ട്. മറ്റ് തോട്ടങ്ങളിൽ 2012-13ൽ വർഗ്ഗ സങ്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**പട്ടിക 3 : പ്രദർശന വിത്തുത്പാദന തോട്ടങ്ങളിലെ കായ്ഫലം നൽകുന്ന തെങ്ങിനങ്ങൾ**

| ഇനം | മാണ്ഡ്യ | അഭയപുരി | കൊണ്ടഗാവ് | മധേപ്പുര | പിട്ടിപ്പള്ളി | ധേലിവാഡ | നേര്യമംഗലം | ആകെ |
|---|---|---|---|---|---|---|---|---|
| നെടിയത് | 1320 | 1333 | 2542 | 2423 | 1612 | 2030 | 462 | 11722 |
| കുറിയത് | 1500 | 888 | 568 | 200 | 1086 | 1235 | 729 | 6206 |
| സങ്കരം | 275 | 491 | 380 | 297 | 129 | 27 | 12 | 1611 |
| വിദേശി | 105 | 316 | 132 | 86 | 87 | 188 | 123 | 1037 |
| ആകെ | 3200 | 3028 | 3622 | 3006 | 2914 | 3480 | 1326 | 20576 |

**പട്ടിക -4 : 2005-06 മുതൽ 2011-12 വരെയുള്ള കാലയളവിൽ വിവിധ തോട്ടങ്ങളിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്ത തെങ്ങിൻ തൈകൾ**

| വർഷം | മാണ്ഡ്യ | അഭയപുരി | കൊണ്ടഗാവ് | മധേപ്പുര | പിട്ടിപ്പള്ളി | ധേലിവാഡ | നേര്യമംഗലം | ആകെ |
|---|---|---|---|---|---|---|---|---|
| 2005-06 | 33428 | 8557 | 0 | 0 | 0 | 0 | 3054 | 44839 |
| 2006-07 | 63476 | 12973 | 3777 | 0 | 16319 | 27020 | 8246 | 131811 |
| 2007-08 | 83551 | 19624 | 9465 | 8825 | 5674 | 33284 | 10553 | 170976 |
| 2008-09 | 79209 | 15415 | 15033 | 746 | 8656 | 32112 | 22783 | 173954 |
| 2009-10 | 93057 | 19184 | 14268 | 2250 | 8894 | 18562 | 15794 | 167409 |
| 2010-11 | 132001 | 21078 | 13988 | 5178 | 14235 | 42867 | 16202 | 245549 |

ജി. കാർത്തികേയൻ
സ്പീക്കർ
കേരള നിയമസഭ

16-10-2012

പ്രിയപ്പെട്ട ശ്രീ. ജോസ്,

ഇന്ത്യൻ നാളികേര ജേണൽ സെപ്തംബർ ലക്കവും ലഭിച്ചു. നാളികേര വികസനത്തിനുള്ള ശ്രമങ്ങൾക്ക് സർവ്വ വിജയവും ആശംസിക്കുന്നു. മറ്റ് ലക്കങ്ങൾ പോലെ, ഈ ലക്കവും ഉള്ളടക്കത്തിൽ സമ്പന്നമായിരുന്നു. തുടർന്നും ഈ നിലവാരം കാത്തു സൂക്ഷിക്കാനാവട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം,

ജി. കാർത്തികേയൻ

ശ്രീ. ടി. കെ. ജോസ്
ചെയർമാൻ
ഇന്ത്യൻ നാളികേര ജേണൽ
നാളികേര വികസന ബോർഡ്
കേര ഭവൻ
എറണാകുളം
കൊച്ചി - 682011

പ്രിയ എഡിറ്റർ,

ജൂലൈ ലക്കം നാളികേര ജേണലിലെ താങ്കളുടെ രണ്ട് ലേഖനങ്ങളും വായിച്ചു. കോക്കനട്ട് ബ്രീഡിങ്ങിനെക്കുറിച്ചുള്ള ലേഖനം വളരെ നന്നായി. ശ്രീലങ്കൻ ഡി x ഡി പരീക്ഷണം ഇന്ത്യയിൽ നടത്തുന്നത് ഒരു ജനകീയ ഗവേഷണ പരിപാടിയായി അവതരിപ്പിക്കാം. എന്നാൽ ഗവേഷണ മേഖല ഏറെ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. ശാസ്ത്രജ്ഞരുടെ എണ്ണം കുറയുന്നതും ശ്രദ്ധിക്കണം.

'കേര പഞ്ചസാര'യിൽ എത്തണമെങ്കിൽ മധുരക്കള്ള് ചെത്ത് വ്യാപകമാക്കണം. അത് ചിന്തിക്കേണ്ട സമയമായി. കഴിഞ്ഞ കാൽ ശതാബ്ദമായി ഞാൻ ഇത് പറയുന്ന കാര്യം അറിയുമല്ലോ. തെങ്ങും തെങ്ങ് വ്യവസായവും നന്നാകണമെങ്കിൽ അതുതന്നെയാണ് ആവശ്യം. ചെയർമാൻ തെങ്ങിൻ പഞ്ചസാരയെ 'താര'മാക്കിയത് നന്നായി. കൊക്കൊടെക്കിന്റെ വിജയം അത്തരത്തിൽ ഓർമ്മിക്കപ്പെടും.

**ആർ. ഹേലി**
കൃഷി ഡയറക്ടർ (റിട്ട.)
പേൾ ഹിൽ, ആറ്റിങ്ങൽ, തിരുവനന്തപുരം - 695101

**പട്ടിക 5 – തെരഞ്ഞെടുക്കേണ്ട മാതൃ വൃക്ഷങ്ങളുടെ എണ്ണം – സംസ്ഥാന തലത്തിൽ**

| സംസ്ഥാനം | മാതൃ വൃക്ഷം | വിത്തുതേങ്ങകളുടെ എണ്ണം (ലക്ഷത്തിൽ) | കിളിർപ്പിച്ചെടുക്കാവുന്ന തെങ്ങിൻ തൈകൾ (ലക്ഷത്തിൽ) |
|---|---|---|---|
| കേരളം | 20000 | 8.00 | 4.8 |
| കർണ്ണാടക | 30000 | 12.00 | 7.2 |
| തമിഴ്നാട് | 30000 | 12.00 | 7.2 |
| ആന്ധ്രപ്രദേശ് | 20000 | 8.00 | 4.8 |
| ഒഡീഷ | 12000 | 4.8 | 2.88 |
| മഹാരാഷ്ട്ര | 10000 | 4.00 | 2.4 |
| പശ്ചിമബംഗാൾ | 10000 | 4.00 | 2.4 |
| ആസ്സാം | 10000 | 4.00 | 2.4 |
| ആൻഡമാൻ നിക്കോബാർ ദ്വീപുകൾ | 2000 | 0.8 | 0.48 |
| ലക്ഷദ്വീപ് | 2000 | 0.8 | 0.48 |
| ഗോവ | 3000 | 1.2 | 0.72 |
| മറ്റുള്ളവ | 1000 | 0.4 | 0.24 |
| ആകെ | 150000 | 60 | 36 |

ഗുണനിലവാരമുള്ള തെങ്ങിൻ തൈകളുടെ വർദ്ധിച്ച ആവശ്യം പരിഗണിച്ച് ഉത്പാദന ലക്ഷ്യം 2011-12ൽ 11 ലക്ഷം തെങ്ങിൻ തൈകളായി വർദ്ധിപ്പിച്ചു. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി 19,28,923 വിത്തുതേങ്ങകൾ നഴ്സറികളിൽ പാകിക്കഴിഞ്ഞു. ഇതുവരെ 10,77,860 വിത്തുതേങ്ങകളാണ് മുളച്ചത്. തോട്ടങ്ങളിൽ നിന്ന് തെങ്ങിൻ തൈകളുടെ വിതരണം ആരംഭിച്ചുകഴിഞ്ഞു. 2012-13 ൽ 13.2 ലക്ഷം തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. അതായത് മുൻവർഷത്തെ അപേക്ഷിച്ച് 20 ശതമാനം കൂടുതൽ ഉത്പാദനം. ഇതിനായി 24 ലക്ഷം വിത്തുതേങ്ങകൾ ശേഖരിച്ച് 7 തോട്ടങ്ങളിലും പാകിത്തുടങ്ങിയിട്ടുണ്ട്.

**മാതൃവൃക്ഷം തെരഞ്ഞെടുക്കൽ**

തെങ്ങിൻ തൈകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ ബോർഡിന്റേയും മറ്റ് സംസ്ഥാന സർക്കാർ വകുപ്പുകളുടേയും സർക്കാർ ഏജൻസികളുടേയും പരിശ്രമം കൊണ്ടുമാത്രം ഒരു കോടി തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുവാൻ സാധിക്കുകയില്ല. ഇതിനായി കേരകർഷകരുടേയും കേരോത്പാദക സംഘങ്ങളുടേയും കേരകർഷക സംഘടനകളുടേയും ആത്മാർത്ഥമായ പരിശ്രമം കൂടിയേ തീരൂ. ഗുണമേന്മയുള്ള വിത്തുതേങ്ങ കണ്ടെത്തുന്നതിനായി നല്ല മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കേണ്ടതുണ്ട്. തെങ്ങുകൃഷി ചെയ്യുന്ന വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 1.5 ലക്ഷം മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കാനാണ് ബോർഡ് ലക്ഷ്യമിടുന്നത്.

തെരഞ്ഞെടുക്കപ്പെടുന്ന മാതൃ വൃക്ഷങ്ങളിൽ കുറഞ്ഞത് ഒരു തെങ്ങിൽ നിന്ന് 40 വിത്തുതേങ്ങകളെങ്കിലും ഒരു വർഷം ശേഖരിക്കാൻ കഴിഞ്ഞാൽ മൊത്തം 60 ലക്ഷം വിത്തുതേങ്ങകൾ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി സംഭരിക്കുവാൻ കഴിയും. ഇതിൽ നിന്ന് 30 ലക്ഷത്തിലേറെ തെങ്ങിൻ തൈകൾ മുളപ്പിച്ചെടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അപ്രകാരം ഉയർന്ന ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ വർദ്ധിച്ചു വരുന്ന ആവശ്യം വലിയൊരളവ് വരെ പരിഹരിക്കാനാവും.

*ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി -11*

# കാറ്റുവീഴ്ച രോഗവും കേരവികസന പദ്ധതികളും

ആർ. ജ്ഞാനദേവൻ[1], ജയനാഥ് ആർ.[2]

ഒരു കാലത്ത് തെങ്ങ്കൃഷിയിലൂടെയും മറ്റു നാളികേരാധിഷ്ഠിത വ്യവസായങ്ങളിലൂടെയും സുഭിക്ഷമായും സുരക്ഷിതമായും കഴിഞ്ഞിരുന്ന കേരകർഷകർക്കേറ്റ പ്രഹരമാണ് കാറ്റുവീഴ്ച രോഗം. മാരകമല്ലെങ്കിലും തെങ്ങിന്റെ ഉത്പാദനക്ഷമതയെ സാരമായി ബാധിക്കുന്ന ഒരു രോഗമാണിത്. ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലും, തമിഴ്നാട്ടിലെ ചില ജില്ലകളിലും ഈ രോഗം കാണുന്നുണ്ട്. ഓലക്കാലുകളുടെ ബലംകുറഞ്ഞ് വാരിയെല്ലുകൾ പോലെ വളയുക, പുറംനിരകളിലെ ഓല മഞ്ഞളിക്കുക, ഓലക്കാലുകളുടെ അരികു കരിയുക എന്നിവയാണ് കാറ്റുവീഴ്ച രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. എന്നാൽ തൈകളിൽ ഓലക്കാലുകളുടെ വളവ് മാത്രമേ രോഗലക്ഷണമായി കാണുകയുള്ളൂ. രോഗം ബാധിച്ച തെങ്ങുകളുടെ മണ്ട ക്രമേണ ശോഷിക്കുന്നു. ഈ രോഗമുള്ള ചില തെങ്ങുകളിൽ ഇടയോല മഞ്ഞളിപ്പും കാണുന്നുണ്ട്. ഫൈറ്റോപ്ലാസ്മയെന്ന സൂക്ഷ്മാണുക്കളാണ് കാറ്റുവീഴ്ചരോഗത്തിന്റെ കാരണം. ഈ രോഗം കണ്ടുതുടങ്ങിയിട്ട് 130 വർഷങ്ങൾ കഴിഞ്ഞെങ്കിലും ഇന്നും പരിപൂർണ്ണമായി നിയന്ത്രിക്കുവാൻ കഴിയാത്ത മാറാരോഗമായി തുടരുകയാണ്. രോഗം പടർന്ന് പിടിക്കുന്നത് തടയുന്നതിന്റേയും രോഗം ബാധിച്ച തെങ്ങുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയും പ്രാധാന്യം മനസ്സിലാക്കി നാളികേര വികസന ബോർഡ് രൂപം കൊണ്ടകാലം മുതൽ വിവിധ വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ബോർഡിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വാർഷിക വിഹിതത്തിന്റെ നല്ലൊരു പങ്കും ഈ രോഗബാധ പ്രദേശത്തെ തെങ്ങുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെലവഴിച്ചു വരുന്നു.

ബോർഡ് 1981ൽ ആറാം പഞ്ചവത്സര പദ്ധതി കാലയളവിൽ രൂപം കൊണ്ടതിനു ശേഷം 6-ാം പദ്ധതിയിൽ കാറ്റുവീഴ്ച രോഗം കൂടുതൽ തെങ്ങുകളിലേക്ക് വ്യാപിക്കുന്നത് തടയുവാനാണ് മുൻഗണന കൊടുത്തിരുന്നത്. ഇതിനായി രോഗം മൂർച്ഛിച്ച് ഉത്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള പദ്ധതി കേരളത്തിലെ 8 തെക്കൻ ജില്ലകളിൽ നടപ്പിലാക്കി. ഈ കാലയളവിൽ 2,48,000 രോഗം മൂർച്ഛിച്ച തെങ്ങുകൾ വെട്ടിമാറ്റി. തെങ്ങൊന്നിന് 75 രൂപ നിരക്കിലായിരുന്നു ധനസഹായം നൽകിയത്.

എന്നാൽ ഏഴാം പദ്ധതിക്കാലത്ത് കാറ്റുവീഴ്ച ബാധിച്ച പ്രദേശങ്ങളിൽ കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനം ശുപാർശ ചെയ്തിട്ടുള്ള സമഗ്ര പരിപാലന മുറകൾ അനുവർത്തിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ സമഗ്രകേരവികസന പരിപാടിക്ക് ബോർഡ് തുടക്കം കുറിച്ചു. ഈ പദ്ധതി പ്രകാരം രോഗം മൂർച്ഛിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിന് 75 രൂപ നിരക്കിൽ നഷ്ടപരിഹാരത്തിനുപുറമേ പകരം തൈ വെയ്ക്കുന്നതിന് തൈ ഒന്നിന് 4 രൂപ നിരക്കിലും ജലസേചനം നടത്തുന്നതിനും, പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും 1000 രൂപ നിരക്കിൽ ധനസഹായവും കൂടാതെ ഇടവിളകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 50 രൂപ നിരക്കിൽ ധനസഹായവും നൽകുകയുണ്ടായി. രോഗം ബാധിച്ച 78,300 തെങ്ങുകൾ പ്രസ്തുത പദ്ധതിക്കാലത്ത് മുറിച്ച് മാറ്റുകയുണ്ടായി.



*കാറ്റുവീഴ്ച ബാധിച്ച തെങ്ങ്*

എട്ടാം പദ്ധതിക്കാലത്ത് പദ്ധതിയുടെ ഘടകങ്ങളിലും ധനസഹായത്തിന്റെ തോതിലും വ്യത്യാസം വരുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കി. തെങ്ങു വെട്ടിമാറ്റുന്നതിനുള്ള ധനസഹായം 200 രൂപയായി ഉയർത്തുകയും പകരം തൈ വെയ്ക്കുന്നതിന് 5 രൂപയും വളപ്രയോഗത്തിനും സസ്യസംരക്ഷണ നടപടികൾ ഏർപ്പെടുത്തുന്നതിനും തെങ്ങൊന്നിന് 8 രൂപ നിരക്കിലും ഇടവിള കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 200 രൂപ നിരക്കിലും ധനസഹായവും നൽകുകയുണ്ടായി. 7.39 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 1479.45 ലക്ഷം രൂപയാണ് ഇക്കാലയളവിൽ കേരകർഷകർക്ക് നൽകിയത്.

ഒൻപതാം പദ്ധതിക്കാലത്ത് കാറ്റുവിഴ്ച ബാധിച്ച 8 തെക്കൻ ജില്ലകളിൽ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ശുപാർശ ചെയ്തിട്ടുള്ള സമഗ്രപരിപാലന മുറകൾ നടപ്പിലാക്കുന്നതിന്റെ പ്രയോജനത്തെക്കുറിച്ച് കേരകർഷകരെ ബോധവാന്മാരാക്കുന്നതിനായി കർഷക പങ്കാളിത്തത്തോടുകൂടി പ്രദർശന തോട്ടങ്ങൾ കർഷകരുടെ കൃഷിയിടങ്ങളിൽ നടപ്പാക്കി. ഈ പ്രദർശന തോട്ടങ്ങൾ പലയിടങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുന്നതിനാൽ പദ്ധതിയുടെ ഗുണഫലങ്ങൾ ശരിക്കു പ്രതിഫലിച്ചുകണ്ടില്ല. അതിനാൽ പദ്ധതി നടത്തിപ്പിന്റെ സമീപനത്തിൽ ചില മാറ്റങ്ങൾ വരുത്തി കർഷക കൂട്ടായ്മയിലൂടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കി. ഈ പദ്ധതിയിലൂടെ കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനം (സിപിസിആർഐ) ശുപാർശ ചെയ്തിട്ടുള്ള കാറ്റുവിഴ്ച പരിപാലന മുറകൾ അവലംബിച്ച് അതിന്റെ പ്രയോജനം കർഷകർക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് സാധ്യമാകുന്നു. 25 മുതൽ 50 ഹെക്ടർ വരെയുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ച് അടുത്തടുത്തുള്ള കർഷകരെ സംഘടിപ്പിച്ച് പൂർണ്ണമായും കർഷക പങ്കാളിത്തത്തോടെ കാറ്റുവീഴ്ച പരിപാലന മുറകൾ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി ഇപ്പോഴും കേരളത്തിലെ വിവിധ ജില്ലകളിൽ കർഷക പങ്കാളിത്തത്തോടുകൂടി സിപിഎസുകൾ വഴി നടപ്പിലാക്കുന്നുണ്ട്.

### കാറ്റുവീഴ്ച-സമഗ്ര പരിപാലനം

കാലവർഷാരംഭത്തോടുകൂടി തടം തുറന്ന് കിട്ടാവുന്നിടത്തോളം ജൈവവളം (തെങ്ങൊന്നിന് 50 കി.ഗ്രാം) ചേർത്തുകൊടുത്ത് മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തണം. അതിനുശേഷം തെങ്ങൊന്നിന് 1 കിലോഗ്രാം യൂറിയ, 1½ കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ്, 2 കിലോഗ്രാം മ്യൂറിയേറ്റ്



*കാറ്റുവീഴ്ച ബാധിച്ച തെങ്ങ് വെട്ടി മാറ്റുന്നു*



*മിശ്രവിളകൃഷി*

ഓഫ് പൊട്ടാഷ്, ½ കിലോഗ്രാം മഗ്നീഷ്യം സൾഫേറ്റ് എന്നീ രാസവളങ്ങൾ ചേർത്ത് കൊടുക്കണം. കൂടാതെ മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിന് മെയ് - ജൂൺ മാസങ്ങളിൽ തെങ്ങൊന്നിന് 1 കിലോഗ്രാം എന്ന തോതിൽ കുമ്മായം, രാസവളം ചേർക്കുന്നതിന് രണ്ട് ആഴ്ച മുമ്പായി ചേർത്ത് കൊടുക്കേണ്ടതാണ്. തീരപ്രദേശങ്ങളിൽ കാലവർഷാരംഭത്തോടുകൂടി 1 കിലോഗ്രാം പരലുപ്പ് തടം തുറന്നതിനുശേഷം ചേർത്തുകൊടുക്കേണ്ടതാണ്.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ കണ്ടു വരുന്ന ഓലചീയൽ രോഗ നിയന്ത്രണത്തിനായി നടുനാമ്പിന്റെ അഴുകിത്തുടങ്ങിയ ഓലഭാഗങ്ങൾ വെട്ടിമാറ്റി കോൺടാഫ് എന്ന കീടനാശിനി 2 മി.ലി., 300 മി. ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി വെട്ടിമാറ്റിയ നാമ്പോലക്ക് മുകളിലൂടെ ഒഴിച്ചു കൊടുക്കുക. തെങ്ങിൻ തടത്തിൽ മഴക്കാലാരംഭത്തോടുകൂടി പച്ചിലച്ചെടികൾ നട്ടുവളർത്തി 3 മാസം കഴിയുമ്പോൾ തടത്തിൽ വെട്ടിമൂടുക. അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കുക. വേനൽക്കാലത്ത് ഈർപ്പ സംരക്ഷണമാർഗ്ഗങ്ങളും, ജലസേചനവും ഉറപ്പുവരുത്തുക എന്നുള്ളതും പരമപ്രധാനമായ പരിചരണമുറകളാണ്. രോഗം മൂർച്ഛിച്ച് കായ്ഫലം തീരെക്കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പകരം ഗുണനിലവാരമുള്ള തൈകൾ നടുന്നതിനും പ്രാധാന്യം നൽകേണ്ടതാണ്.

മുകളിൽ വിവരിച്ച പദ്ധതികൾ കൂടാതെ കാറ്റുവീഴ്ച രോഗം രൂക്ഷമായി കാണുന്ന എട്ട് തെക്കൻ ജില്ലകളുടെ അതിർത്തി ജില്ലകളായ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ രോഗവ്യാപനം മറ്റു ജില്ലകളിലേക്ക് വ്യാപിക്കുന്നത് തടയുന്നതിനായി കാറ്റുവീഴ്ച ബാധയേറ്റ തെങ്ങുകൾ പരമാവധി മുറിച്ചുമാറ്റുന്നതിനുള്ള പദ്ധതി നാളികേര ടെക്നോളജി മിഷന്റെ ഭാഗമായി 2002 മുതൽ 2004 വരെ നടപ്പിലാക്കി. പ്രസ്തുത പദ്ധതി പ്രകാരം 2.73 ലക്ഷം തെങ്ങുകൾ മുറിച്ച് മാറ്റുകയുണ്ടായി. ഈ പ്രദേശങ്ങളിൽ ശാസ്ത്രീയ പരിപാലനമുറകൾ അവലംബിക്കുന്നതിനായി ധനസഹായം നൽകുകയും ചെയ്തു.

**കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- ഓലചീയൽ രോഗം നിയന്ത്രിക്കുക
- സംയോജിത വളപ്രയോഗം
- പച്ചില വളച്ചെടികൾ തടത്തിൽ വളർത്തി പിഴുത് ചേർക്കുക
- അനുയോജ്യമായ ഇടവിള/മിശ്രവിളകൃഷി രീതികൾ അനുവർത്തിച്ച് ജൈവ പുന:ചംക്രമണം നടത്തുക
- കീടങ്ങളേയും മറ്റ് രോഗങ്ങളേയും നിയന്ത്രിക്കുക
- വേനൽക്കാലത്ത് ജലസേചനം നടപ്പാക്കുക
- ജലനിർഗ്ഗമനത്തിന് സൗകര്യമൊരുക്കുക
- തണൽ ക്രമീകരിക്കുക
- രോഗം രൂക്ഷമായതും തീരെ വിളവില്ലാത്തതുമായ തെങ്ങുകൾ മുറിച്ച് മാറ്റുക
- രോഗത്തെ ചെറുത്ത് നിൽക്കുന്നതും നല്ല വിളവുള്ളതുമായ മാതൃവൃക്ഷങ്ങളിൽ നിന്ന് തൈകൾ ഉൽപാദിപ്പിച്ച് നടുക.

*കടപ്പാട്: സിപിസിആർഐ*

11-ാം പദ്ധതിയിൽ കാറ്റുവീഴ്ച രോഗത്തിന്റെ രൂക്ഷതയും രോഗം പടർന്ന് പിടിക്കുന്നത് തടയുന്നതിന്റെ പ്രാധാന്യവും മനസ്സിലാക്കി 'തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി' എന്ന ബൃഹത് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ ബോർഡിന് അനുമതി നൽകി. ഈ പദ്ധതി തിരുവനന്തപുരം, കൊല്ലം, തൃശൂർ എന്നീ ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി വരുന്നു. രോഗം ബാധിച്ച് ഉത്പാദനശേഷി തീരെക്കുറഞ്ഞ തെങ്ങുകൾ കർഷക കൂട്ടായ്മയിലൂടെ വെട്ടിമാറ്റി, പകരം ഗുണമേന്മയുള്ള തൈകൾ നടുന്നതിനും, ശാസ്ത്രീയ വളപ്രയോഗവും മറ്റു പരിചരണമുറകളും അവലംബിക്കുന്നതിനും, പദ്ധതിവഴി സാമ്പത്തിക സഹായം നൽകിവരുന്നു.

**തെങ്ങ് പുനരുദ്ധാരണ പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ**

***1. തെങ്ങുവെട്ടിമാറ്റൽ:*** ഒരു ഹെക്ടർ (2½ ഏക്കർ) സ്ഥലത്തുനിന്ന് കാറ്റുവിഴ്ച രോഗബാധിതവും ഉത്പാദനശേഷി തീരെ കുറഞ്ഞതുമായ പരമാവധി 32 തെങ്ങുകൾ വെട്ടി മാറ്റുന്നതിന് 13,000 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 20 തെങ്ങുകൾക്ക് 500 രൂപ നിരക്കിലും, ബാക്കി 12 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 250 രൂപ നിരക്കിലുമാണ് ആനുകൂല്യം നൽകുന്നത്. പരമാവധി ഒരു കർഷകന് 4 ഹെക്ടർ അതായത് 10 ഏക്കർ സ്ഥലത്തുനിന്ന് 128 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 52,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. കാറ്റുവീഴ്ച ബാധിച്ച കായ്ക്കാത്ത തൈത്തെങ്ങുകൾ കർഷകരുടെ സ്വന്തം ചെലവിൽ വെട്ടിമാറ്റിയിരിക്കണം.

***2. പകരം തൈവയ്ക്കൽ:*** തൈ ഒന്നിന് 20 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വെട്ടിമാറ്റിയ തെങ്ങിനു പകരം ആവശ്യമായ തോതിൽ സൂര്യപ്രകാശം കിട്ടത്തക്കവിധത്തിൽ സ്ഥലമുണ്ടെങ്കിൽ മാത്രം തൈ വച്ചാൽ മതി. പരമാവധി ഒരു ഏക്കർ സ്ഥലത്ത് തൈ ഉൾപ്പെടെ 70

പട്ടിക-1

| ക്രമ സംഖ്യ | കേര പദ്ധതി | പഞ്ചവത്സര പദ്ധതി | വെട്ടിമാറ്റിയ തെങ്ങുകളുടെ എണ്ണം | സാമ്പത്തിക സഹായ തോത് (രൂപ) | സാമ്പത്തിക സഹായം (ലക്ഷം രൂപ) |
|---|---|---|---|---|---|
| 1 | രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി നീക്കം ചെയ്യൽ | 6-ാം പദ്ധതി | 2,26,000 | 75 | 84.70 |
| 2 | സംയോജിത കേരവികസന പദ്ധതി | 7-ാം പദ്ധതി | 78,300 | 75 | 29.37 |
| 3 | സംയോജിത കേര വികസന പദ്ധതി | വാർഷിക പദ്ധതി 90-92 | 1,22,100 | 100 | 45.79 |
| 4 | സംയോജിത കേര വികസന പദ്ധതി | 8-ാം പദ്ധതി | 7,39,700 | 200 | 1,479.45 |
| 5 | സംയോജിത കേര വികസന പദ്ധതി | 9-ാം പദ്ധതി | 8,55,000 | 250 | 1,883.84 |
| 6 | സംയോജിത കേര വികസന പദ്ധതി | 10-ാം പദ്ധതി | 3,10,000 | 250 | 775.00 |
| 7 | നാളികേര ടെക്നോളജി മിഷൻ | 2002-2004 | 2,73,300 | 250 | 376.80 |
| 8 | രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി നീക്കം ചെയ്യൽ | 2004-2009 | 1,79,200 | 250 | 370.90 |
| 9 | നാളികേര കൃഷി പുനരുദ്ധാരണം | 2009 ഡിസംബർ മുതൽ | 13,03,123 | 250 മുതൽ 500 വരെ | 5,717.87 |
| | ആകെ | | 40,86,723 | | 10,733.73 |

തെങ്ങുകളായി എണ്ണം ക്രമപ്പെടുത്തണം. വെട്ടി മാറ്റിയ തെങ്ങിന് പകരം ഗുണമേന്മയുള്ള കാറ്റുവീഴ്ച രോഗത്തെ ഒരു പരിധിവരെ ചെറുക്കാൻ കഴിവുള്ള ഡി X ടി സങ്കര ഇനങ്ങൾ വയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

***3. ശാസ്ത്രീയ പരിചരണ മുറകൾ അവലംബിക്കുന്നതിന്:*** തോട്ടത്തിൽ ശേഷിക്കുന്ന തെങ്ങുകൾക്ക് സംയോജിത പരിപാലന മുറകൾ അവലംബിക്കാൻ, അതായത് തടമെടുക്കൽ, ശാസ്ത്രീയ വളപ്രയോഗം, ജലസേചനം, സസ്യസംരക്ഷണ നടപടികൾ ഏർപ്പെടുത്തൽ, പുതയിടൽ, പച്ചിലവളച്ചെടികൾ വളർത്തൽ, ഇടവിളക്കൃഷി തുടങ്ങിയവയ്ക്ക് വേണ്ടിവരുന്ന ചെലവിന്റെ 25 ശതമാനം പരമാവധി ഒരു ഹെക്ടറിന് 7500 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. ബാക്കി 75 ശതമാനം തുക കർഷകർ തന്നെ വഹിക്കേണ്ടതാണ്. ഈ ആനുകൂല്യം 2 വർഷം ലഭ്യമാണ്. ഓരോ ക്ലസ്റ്ററിലും സമയാസമയം തെങ്ങിൻ തോട്ടത്തിൽ അനുവർത്തിക്കേണ്ട പരിപാലനമുറകളെക്കുറിച്ച് ഒരു കലണ്ടർ ക്ലസ്റ്ററിലെ കർമ്മ പദ്ധതിയോടൊപ്പം തയ്യാറാക്കണം.

തെങ്ങു പുനരുദ്ധാരണ പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ മൂന്നു ജില്ലകളിലും 12.41 ലക്ഷം രോഗം മൂർച്ഛിച്ച തെങ്ങുകൾ മുറിച്ച് മാറ്റുകയുണ്ടായി. സമഗ്ര പരിപാലന മുറകൾ നടപ്പിലാക്കുവാനായി ഇതുവരെ 5182.77 ലക്ഷം രൂപയാണ് നൽകിയിട്ടുള്ളത്.

**കാറ്റുവീഴ്ച രോഗവ്യാപന തീവ്രത തിട്ടപ്പെടുത്തുവാൻ നടത്തിയ പഠനങ്ങൾ**

1948ൽ നടത്തിയ പഠനത്തിൽ വർഷം തോറും 56 ലക്ഷം തേങ്ങ ഈ രോഗം മൂലം നഷ്ടം വരുന്നതായി കണ്ടെത്തി അതിനുശേഷം 1976ൽ മറ്റൊരു പഠനത്തിൽ ഈ രോഗം കൊണ്ടുണ്ടാകുന്ന വാർഷിക നഷ്ടം 34 കോടി തേങ്ങയായി തിട്ടപ്പെടുത്തി.

1984ൽ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തിയ വിശദമായ സർവ്വേയിൽ കേരളത്തിലെ 8 തെക്കൻ ജില്ലകളിലായി 4.1 ലക്ഷം ഹെക്ടർ സ്ഥലത്ത് രോഗം ബാധിച്ചതായി കണ്ടെത്തി. ഈ ജില്ലകളിൽ രോഗവ്യാപന തീവ്രത 32.37 ശതമാനവും, രോഗം മൂലമുള്ള വാർഷിക നഷ്ടം 96.8 കോടി തേങ്ങയുമായി തിട്ടപ്പെടുത്തി. അതിനുശേഷം 1996ൽ സംസ്ഥാന കൃഷി വകുപ്പും, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനവും, നാളികേര വികസന ബോർഡും സംയുക്തമായി നടത്തിയ മറ്റൊരു വിശദമായ സർവ്വേയിൽ രോഗ തീവ്രത 24.05 ശതമാനമായി കുറഞ്ഞതായി കണ്ടെത്തി. 1996ൽ നടത്തിയ സർവ്വേയിൽ ഏകദേശം 80 ലക്ഷത്തോളം രോഗം മൂർച്ഛിച്ച് ഉത്പാദനക്ഷമത തീരെക്കുറഞ്ഞ മുറിച്ചു മാറ്റേണ്ട തെങ്ങുകൾ ഉണ്ടെന്ന് കണ്ടെത്തി.

കേരളത്തിലെ 8 തെക്കൻ ജില്ലകളിൽ ആകെയുള്ള 10 കോടിയോളം തെങ്ങുകളിൽ 2.50 കോടിയോളം തെങ്ങുകൾക്ക് രോഗം ബാധിച്ചു എന്നാണ് 1996ൽ നടത്തിയ സർവ്വേയിൽ കണ്ടെത്തിയത്. അതായത് 25ശതമാനത്തോളം തെങ്ങുകൾക്കാണ് രോഗം ബാധിച്ചത്. എന്നാൽ 1985ൽ നടത്തിയ സർവ്വേയിൽ മൊത്തം രോഗം ബാധിച്ച തെങ്ങുകൾ 32.37 ശതമാനമായിരുന്നു. അതായത് 11 വർഷത്തിനുള്ളിൽ രോഗവ്യാപനം കുറഞ്ഞു. കഴിഞ്ഞ 30 വർഷമായി വിവിധ പദ്ധതികൾ വഴി രോഗം ബാധിച്ച 40.86 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുന്നതിനായി 107.34 കോടിയോളം രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പട്ടിക-1ൽ നൽകിയിട്ടുണ്ട്.

ബോർഡ് കഴിഞ്ഞ 30 വർഷമായി കാറ്റുവീഴ്ച രോഗബാധിത പ്രദേശത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി കാറ്റുവീഴ്ച രോഗവ്യാപനം ഒരു പരിധി വരെ തടയാൻ സാധിച്ചു. സമഗ്ര പരിപാലനമുറകൾ അവലംബിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാനും കഴിഞ്ഞു. എന്നാൽ രോഗം പൂർണ്ണമായി നിയന്ത്രിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കാറ്റുവീഴ്ച രോഗം വരുത്തുന്ന സുക്ഷ്മജീവികളായ 'ഫൈറ്റോപ്ലാസ്മ'യെ മരുന്ന് തളിച്ച് നിയന്ത്രിക്കുക എന്നത് പ്രായോഗികമല്ല. രോഗത്തോടൊപ്പം ജീവിച്ച്, രോഗപരിപാലന മുറകൾ അവലംബിച്ച് ഉത്പാദനക്ഷമത ഒരു പരിധി വരെ കുറയാതെ നിലനിർത്തിക്കൊണ്ട് പോകുക എന്നതാണ് ഈ രോഗത്തിന്റെ ഏക പ്രതിവിധി. രോഗം ബാധിച്ച എല്ലാ തെങ്ങുകളും വെട്ടിമാറ്റി പകരം പ്രതിരോധ ശേഷിയുള്ള തെങ്ങ് നടുക എന്നതും പ്രായോഗികമല്ല. രോഗത്തിന്റെ ആദ്യദശയിലും, മദ്ധ്യ ദശയിലുമുള്ള, തെങ്ങുകൾക്ക് ശുപാർശ ചെയ്തിട്ടുള്ള ശാസ്ത്രീയ പരിപാലനമുറകൾ അനുവർത്തിച്ച് ആരോഗ്യവും ഉത്പാദനക്ഷമതയും ക്ഷയിക്കാതെ നിലനിർത്തുകയും, രോഗം മൂർച്ഛിച്ച ആദായകരമല്ലാത്ത തെങ്ങുകൾ വെട്ടിമാറ്റി പകരം തൈ വെയ്ക്കുകയും ചെയ്യുക. ഇതു തന്നെയാണ് ഈ രോഗത്തെ ചെറുത്ത് നിറുത്തുന്നതിന് നമുക്ക് ചെയ്യാവുന്ന ഫലപ്രദമായ മാർഗ്ഗവും.

*1.അസിസ്റ്റന്റ് ഡയറക്ടർ (ഡെപ്യൂട്ടേഷൻ), 2. ടെക്നിക്കൽ ആഫീസർ, നാളികേര വികസന ബോർഡ്*

# നാളികേര വികസന ബോർഡ് പദ്ധതികൾ ജനങ്ങളിലേക്ക് - തിരുവനന്തപുരം ജില്ല

നിഷ ജി.

കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടുകൂടി നാളികേര വികസന ബോർഡും സംസ്ഥാന കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന 'തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി'യാണ് തിരുവനന്തപുരം ജില്ലയിൽ നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന ഏറ്റവും വലിയ പദ്ധതി. 2009 നവംബർ മാസത്തിൽ തുടക്കം കുറിച്ച ഈ പദ്ധതി ഒന്നാം ഘട്ടത്തിൽ ആറ്റിങ്ങൽ, കഴക്കൂട്ടം, വർക്കല എന്നീ മൂന്ന് ബ്ലോക്കുകളിലെ 23 പഞ്ചായത്തുകളിലും രണ്ടാംഘട്ടത്തിൽ നെടുമങ്ങാട്, കാട്ടാക്കട, ചെട്ടിവിളാകം, വാമനപുരം, പുളിമാത്ത്, പള്ളിച്ചൽ എന്നീ ആറ് ബ്ലോക്കുകളിലെ 43 പഞ്ചായത്തുകളിലും മൂന്നാംഘട്ടത്തിൽ ശേഷിക്കുന്ന പാറശ്ശാല, നെയ്യാറ്റിൻകര, ആര്യങ്കോട് എന്നീ മൂന്ന് ബ്ലോക്കുകളിലെ 23 പഞ്ചായത്തുകളിലുമായി നടന്ന് വരുന്നു. ഇതോടെ ജില്ലയിലെ മുഴുവൻ പ്രദേശങ്ങളിലും പദ്ധതിയുടെ ആനുകൂല്യങ്ങൾ എത്തിക്കഴിഞ്ഞു. പ്രായാധിക്യം കൊണ്ട് വർഷത്തിൽ പത്ത് തേങ്ങ പോലും ഉത്പാദിപ്പിക്കാത്ത തെങ്ങുകളും കാറ്റുവീഴ്ച രോഗാധിക്യത്താൽ ഉത്പാദനക്ഷമത തീരെ ക്കുറഞ്ഞ തെങ്ങുകളും വെട്ടിമാറ്റി ബാക്കിയുള്ള ആരോഗ്യമുള്ള തെങ്ങുകളുടെ പുനരുദ്ധാരണവും തെങ്ങുകൾ മുറിച്ചു മാറ്റപ്പെട്ട തോട്ടങ്ങളിൽ ആവശ്യമെങ്കിൽ പുനർനടീലുമാണ് പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്.

ഒന്നാം ഘട്ടത്തിൽ 12583.8 ഹെക്ടറിൽ 1,20,668 ഗുണഭോക്താക്കൾ പദ്ധതിയിൽ അംഗങ്ങളായി. മുറിച്ചു മാറ്റാനായി അടയാളപ്പെടുത്തിയ 2,57,032 തെങ്ങുകളിൽ 2,13,188 എണ്ണം മുറിച്ച് മാറ്റുകയും 8.60 കോടി രൂപ മുറിച്ചു മാറ്റിയ തെങ്ങുകൾക്കുള്ള ആനുകൂല്യമായി വിതരണം ചെയ്യുകയും ചെയ്തു. 10,42,742 തെങ്ങുകൾക്ക് പുനരുദ്ധാരണത്തിനുള്ള സാമഗ്രികൾ രണ്ട് വർഷത്തിനുള്ളിൽ വിതരണം ചെയ്തു. പുനർനടീലിനായി 33,254 തെങ്ങിൻ തൈകൾ കൃഷിഭവനുകൾ വഴി കർഷകരിലെത്തി.

രണ്ടാംഘട്ടത്തിലെ ആറ് ബ്ലോക്കുകളിൽ 13,997 ഹെക്ടറിലായി 92,332 കർഷകർ പദ്ധതിയുടെ ഗുണഭോക്താക്കളായി. മുറിച്ചുമാറ്റാനായി 2,47,652 തെങ്ങുകൾ അടയാളപ്പെടുത്തുകയും 1,68,513 തെങ്ങുകൾ ഇതുവരെ മുറിച്ചുമാറ്റുകയും ചെയ്തു. പുനരുദ്ധാരണത്തിനായി ഒന്നാംവർഷം 10,63,600 തെങ്ങുകൾക്ക് വളം വിതരണം ചെയ്തു. രണ്ടാംവർഷത്തെ വളം വിതരണം ഇപ്പോൾ ഊർജ്ജിതമായി നടന്ന് വരുന്നു. പുനർനടീലിനായി 72,972 തൈകൾ പദ്ധതിയിലൂടെ കർഷകരിലെത്തിച്ചു. 6.21 കോടി രൂപ മുറിച്ചുമാറ്റുന്നതിനുള്ള ആനുകൂല്യമായി കർഷകരിലെത്തി.

അവസാനഘട്ടത്തിൽ മൂന്ന് ബ്ലോക്കുകളിൽ 4,874 ഹെക്ടർ പദ്ധതിയുടെ പരിധിയിൽ വരികയും 38,051 ഗുണഭോക്താക്കൾ അംഗങ്ങളാവുകയും ചെയ്തു. പദ്ധതിയിൽ മുറിച്ചുമാറ്റാനായി അടയാളപ്പെടുത്തിയ1,09,712 തെങ്ങുകളിൽ 54,371 എണ്ണം ആണ് ഇതുവരെ മുറിച്ചുമാറ്റാനായത്. 2011 ഡിസംബറിൽ ആണ് മൂന്നാംഘട്ടത്തിന് തുടക്കമിട്ടത്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്ന് വരുന്നു. പുനരുദ്ധാരണത്തിനായി വകയിരുത്തിയ 6,11,763 തെങ്ങുകൾക്കുള്ള കാർഷികോപാധികൾ വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ നടന്ന് വരുന്നു. തുടർന്ന് പുനർനടീലിനായുള്ള തൈകളും വിതരണം ചെയ്യും.

പദ്ധതി പ്രദേശത്തെ മുഴുവൻ കേരകർഷകരേയും ഉൾക്കൊള്ളിച്ചുകൊണ്ട് നടന്ന് വരുന്ന ഈ ബൃഹത്പദ്ധതി, ഈയൊരു കാരണം കൊണ്ട് തന്നെ പ്രത്യേകം ജനശ്രദ്ധയാകർഷിച്ചു. കൃഷിഭവനുകളിൽ കർഷകരുടെ സജീവസാന്നിദ്ധ്യം പദ്ധതിയുടെ ഫലമായി ഉണ്ടായി എന്ന കാര്യവും ശ്രദ്ധേയമാണ്.

'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' എന്ന യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റ പരിശീലനപരിപാടിയാണ് ജില്ലയിൽ നടപ്പാക്കുന്ന ബോർഡിന്റെ മറ്റൊരു പ്രധാനപദ്ധതി. കഴിഞ്ഞ വർഷം 17 ബാച്ചുകളിലായി 618 പേർ പദ്ധതിയിൽ പരിശീലനം നേടുകയുണ്ടായി. ഈ വർഷം ഇതുവരെ നടന്ന 5 ബാച്ചുകളിലായി 111 പേരാണ് പങ്കെടുത്തത്.

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ചുവരുന്ന 'നാളികേരോത്പാദക സംഘങ്ങൾ' എന്ന കർഷക കൂട്ടായ്മകൾ 92 എണ്ണം തിരുവനന്തപുരം ജില്ലയിൽ നിന്നും ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. 160 ൽ കൂടുതൽ സംഘങ്ങൾ പ്രാഥമിക രജിസ്ട്രേഷൻ ജില്ലാ രജിസ്ട്രാർ ഓഫീസിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇവരുടെ 3 ഫെഡറേഷനും ജില്ലയിൽ രൂപം കൊടുത്തിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഉത്പാദകസംഘങ്ങളുടെ ഭാരവാഹികൾക്കായുള്ള പരിശീലനത്തിൽ 188 പേർ ഇതുവരെ പങ്കെടുക്കുകയുണ്ടായി.



*പൂവച്ചൽ പഞ്ചായത്തിലെ ശ്രീ. കെ. ഗോപാലകൃഷ്ണന്റെ നഴ്സറി*

'സ്വകാര്യ നഴ്സറികൾക്ക് ധനസഹായം' എന്ന നാളികേര വികസന ബോർഡിന്റെ പദ്ധതിയുടെ കീഴിൽ ജില്ലയിലെ കാട്ടാക്കട ബ്ലോക്കിലെ പൂവച്ചൽ പഞ്ചായത്തിലെ ശ്രീ. കെ. ഗോപാലകൃഷ്ണൻ ഒരു ലക്ഷം രൂപയുടെ ആനുകൂല്യത്തിന് അർഹനായി. 21 വർഷമായി തെങ്ങിൻ തൈ നഴ്സറി നടത്തുന്ന ഇദ്ദേഹം കേരളത്തിലെ മിക്ക ജില്ലകളിലും ആന്ധ്രപ്രദേശ്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലേക്കും തൈകൾ എത്തിച്ചുവരുന്നു. കഴിഞ്ഞ വർഷം ഏകദേശം 54,000 വിത്തുതേങ്ങകൾ പാകുകയും 32000 തൈകൾ ഉത്പാദിപ്പിക്കുകയും ചെയ്തു. ഗൗരിഗാത്രമാണ് ഇദ്ദേഹം ഏറ്റവും കൂടുതലായി ഉത്പാദിപ്പിച്ചുവരുന്നത്. ഇപ്പോൾ ഏകദേശം 40,000 വിത്തുതേങ്ങ പാകിയതിൽ 6000 എണ്ണം നാളികേര വികസന ബോർഡിന്റെ നേര്യമംഗലം പ്രദർശന വിത്തുത്പാദന തോട്ടത്തിൽ നിന്നുള്ളതാണ്. തൈകളുടെ മേന്മ കൊണ്ട് തന്നെ ഗോപാലകൃഷ്ണന്റെ തൈകൾക്ക് ആവശ്യക്കാർ ഏറെയാണ് (ഫോൺ : 9847609229).

തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി രണ്ടാംഘട്ടത്തിൽ നടപ്പിലാക്കിയ പുളിമാത്ത് ബ്ലോക്കിലെ പഴയ കുന്നിന്മേൽ ഗ്രാമപഞ്ചായത്ത് പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയുടെ കാര്യത്തിൽ മറ്റുള്ളവർക്ക് മാതൃകയായിത്തീർന്നു. മുറിച്ചുമാറ്റാനായി അടയാളപ്പെടുത്തിയ 99 ശതമാനം തെങ്ങുകളും മുറിച്ചുമാറ്റി ആനുകൂല്യം കർഷകരിലെത്തിക്കുകയും പുനരുദ്ധാരണത്തിനായി കർഷകർക്ക് വളങ്ങൾ



വിതരണം ചെയ്യുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രഘുനാഥൻ നായർ പദ്ധതിയുടെ പഞ്ചായത്തിലെ നടത്തിപ്പിനെക്കുറിച്ച് വിശദീകരിക്കുന്നു:

***താങ്കളുടെ പഞ്ചായത്തിനെക്കുറിച്ച് ഒന്ന് വിവരിക്കാമോ?***

നെല്ല് വാഴ, തെങ്ങ്, കമുക്, വളർത്തുമൃഗങ്ങൾ എന്നിവയുടെ കൃഷിയാൽ സമൃദ്ധമായ പ്രദേശമാണ് പഴയ കുന്നുമേൽ പഞ്ചായത്ത്. 23.51 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 17 വാർഡുകളാണുള്ളത്. ജനസംഖ്യ34,712 ആണ്. വടക്ക് നിലമേലും തെക്ക് പുളിമാത്തും കിഴക്ക് കുമിഴും പടിഞ്ഞാറ് കിളിമാനൂരുമാണ് ഈ പഞ്ചായത്തിന്റെ അതിരുകൾ.

***നാളികേര വികസന ബോർഡ് സംസ്ഥാന കൃഷി വകുപ്പുമായി ചേർന്ന് താങ്കളുടെ പഞ്ചായത്തിലടക്കം നടത്തിവരുന്ന തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയെക്കുറിച്ച് എന്താണ് പറയാനുള്ളത്?***

തെക്കൻ കേരളത്തിലെ തെങ്ങുകളെ കാര്യമായി ബാധിച്ചിരിക്കുന്ന കാറ്റുവീഴ്ച രോഗത്തിനൊരു പ്രതിവിധി എന്ന നിലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതി അതിന്റെ ലക്ഷ്യം കൊണ്ടുതന്നെ വളരെ പ്രസക്തമാണ്. ഈ പഞ്ചായത്തിൽ മുറിച്ചു മാറ്റാനായി 8,440 തെങ്ങുകൾ അടയാളപ്പെടുത്തുകയും അതിൽ 8,327 തെങ്ങുകൾ മുറിച്ചുമാറ്റുകയും ചെയ്തു. അതിനുള്ള ആനുകൂല്യമായ 41.3 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. ആരോഗ്യമുള്ള തെങ്ങുകൾക്കുള്ള വളം വിതരണത്തിനായി 30,950 തെങ്ങുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി. രണ്ടു വർഷങ്ങളിലായി വളങ്ങളും കർഷകർക്ക് ലഭിച്ചു. 2300 തെങ്ങിൻ തൈകൾ പുനർനടീലിന് കർഷകർക്ക് നൽകുകയുണ്ടായി. ഇത്രയുമധികം കർഷകരെ ഗുണഭോക്താക്കളാക്കി എന്നത് ഈ പദ്ധതിയുടെ പ്രത്യേകതകളിലൊന്നാണ്.

***ഇത്രയും കാര്യക്ഷമമായി പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കാൻ ഏതൊക്കെ ഘടകങ്ങൾ സഹായിച്ചുവെന്നാണ് താങ്കൾ കരുതുന്നത് ?***

പദ്ധതി നടത്തിപ്പിന്റെ ആരംഭത്തിൽ പഞ്ചായത്ത് തലത്തിലും തുടർന്ന് വാർഡ് തലങ്ങളിലുമായി നടത്തപ്പെട്ട ശിൽപ്പശാലകൾ ഇതേക്കുറിച്ച് വ്യക്തമായ അവബോധം ജനങ്ങളിലുണ്ടാക്കി. ഇത് പദ്ധതി നടത്തിപ്പിനെ കാര്യമായി സഹായിച്ചിട്ടുണ്ട് എന്ന് ഞാൻ കരുതുന്നു. ഓരോ ക്ലസ്റ്ററിലേയും തെരഞ്ഞെടുക്കപ്പെട്ട കൺവീനർമാരുടെ പ്രവർത്തനവും പദ്ധതി നടത്തിപ്പിനെ സഹായിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ചുക്കാൻ പിടിച്ച കൃഷിഭവന്റെ ഇടപെടലുകളും ഇതിന്റെ നടത്തിപ്പിന് മാത്രമായി നിയമിതനായ ഹോർട്ടികൾച്ചർ അസിസ്റ്റന്റ് ശ്രീ. പ്രസാദിന്റെ പ്രവർത്തന രീതിയും പദ്ധതിയുടെ വിജയത്തിന് കാരണമായ ഘടകങ്ങളാണ്

***ഈ പദ്ധതിയുടെ കൂടുതൽ കാര്യക്ഷമമായ നടത്തിപ്പിനായി താങ്കൾക്ക് മുന്നോട്ടുവെയ്ക്കാനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ?***

തെങ്ങ് മുറിച്ചുമാറ്റുന്നതിനുള്ള ആനുകൂല്യമായ 500 രൂപ എന്ന നിരക്ക് എല്ലാ പ്രദേശങ്ങളിലും പ്രായോഗികമല്ല. പഞ്ചായത്തിലെ മുഴുവൻ തെങ്ങുകളും പുനരുദ്ധാരണത്തിനായി പദ്ധതിയിൽ ഉൾക്കൊള്ളിക്കാനായിരുന്നെങ്കിൽ പദ്ധതി കൂടുതൽ ഫലപ്രദമായേനെ

***തെങ്ങ് കൃഷിയുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പഞ്ചായത്തിൽ നടപ്പിലാക്കുന്നത് ?***

2008-09 വർഷത്തിൽ തെങ്ങുകൃഷിക്കായി ഒരു ലക്ഷം രൂപയുടെ പദ്ധതി പഞ്ചായത്ത് മുൻകൈ എടുത്ത് നടപ്പിലാക്കിയിരുന്നു. 2345 തെങ്ങുകൾ പഞ്ചായത്തിൽ ഇൻഷുർ ചെയ്തിട്ടുണ്ട്. ഇപ്പോൾ 17 വാർഡുകളിലും നാളികേരോത്പാദക സംഘങ്ങൾ രൂപീകരിച്ചു കഴിഞ്ഞു. രജിസ്ട്രേഷനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുകയാണ്. വരുംകാലങ്ങളിൽ തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട മേഖലകളിൽ നാളികേരോത്പാദക സംഘങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ടെന്ന് ഞാൻ കരുതുന്നു.

***നാളികേര വികസന ബോർഡിന്റെ പ്രവർത്തനങ്ങളെ താങ്കൾ വിലയിരുത്തുന്നതെങ്ങനെയാണ് ?***

നാളികേര വികസനബോർഡ് നടപ്പിലാക്കിവരുന്ന തെങ്ങുകയറ്റ പരിശീലന പരിപാടിയും ഉത്പാദക സംഘങ്ങളുടെ രൂപീകരണവും കാലഘട്ടത്തിന്റെ ആവശ്യകതയനുസരിച്ച് നടപ്പിലാക്കുന്നതാണെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് തന്നെ അവ പ്രസക്തവുമാണ്. ഇപ്പോഴുള്ള തെങ്ങു പുനരുദ്ധാരണ പദ്ധതിയുടെ നടത്തിപ്പും തൃപ്തികരമായിരുന്നു. കേരകർഷകർ വളരെ താൽപര്യത്തോടെയാണ് ഈ പദ്ധതിയെ നോക്കിക്കാണുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പദ്ധതി നടത്തിപ്പിൽ പഴയകുന്നുമ്മേൽ പഞ്ചായത്തിന്റെ മാതൃക എല്ലാവർക്കും അനുകരണീയമാണ്. ചുരുങ്ങിയ സമയം കൊണ്ടുതന്നെ പദ്ധതിയുടെ ഒന്നാമത്തെ ഘടകമായ മുറിച്ചു മാറ്റാനുള്ള തെങ്ങുകൾ മുറിച്ചുമാറ്റി ആനുകൂല്യം കർഷകരിലെത്തിക്കാൻ ഇവർക്ക് കഴിഞ്ഞു. ഈ അവസരത്തിൽ പദ്ധതി നടത്തിപ്പിന്റെ ആദ്യ നാളുകളിൽ ഇതിന് നേതൃത്വം കൊടുത്ത പഴയ കുന്നുമ്മേൽ കൃഷി ആഫീസറായിരുന്ന, ഇന്ന് നമ്മോടൊപ്പമില്ലാത്ത ശ്രീ. ദീപക് ആർ. അകില്ലയുടെ ചടുലവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളെ ഇവിടെ അനുസ്മരിക്കുകയാണ്.

*ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി -11*

# നഷ്ടകേരപ്രതാപം വീണ്ടെടുക്കുവാൻ തെങ്ങുകൃഷി പുനരുദ്ധാരണം കൊല്ലം ജില്ലയിൽ

ജയനാഥ് ആർ

നാളികേര മേഖലയിലെ കർഷകർക്കു വേണ്ടി തിരുവനന്തപുരം, കൊല്ലം, തൃശൂർ എന്നീ മൂന്ന് ജില്ലകളിൽ 2009-10 മുതൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് തെങ്ങ് പുനരുദ്ധാരണ പദ്ധതി. നാളികേര ബോർഡും സംസ്ഥാന കൃഷി വകുപ്പും സംയുക്തമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കർഷക പങ്കാളിത്തത്തോടെയാണിത് നടപ്പാക്കുന്നത്.

കാറ്റുവീഴ്ച രോഗം ബാധിച്ചതും, പ്രായാധിക്യം മൂലം ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റിയതിനു ശേഷം മെച്ചപ്പെട്ട പരിപാലനമുറയിലൂടെ ശേഷിക്കുന്ന തെങ്ങുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പദ്ധതിയിൽ പ്രാമുഖ്യം കൊടുത്തിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻ തൈകളും പദ്ധതിപ്രകാരം കർഷകർക്ക് നൽകുന്നുണ്ട്.

കൊല്ലം ജില്ലയിലെ 13 ബ്ലോക്കുകളിലുള്ള 78 പഞ്ചായത്തുകളിലൂടെ ഈ പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.ഒന്നാംഘട്ട (2009-10)ത്തിൽ ഓച്ചിറ, കരുനാഗപ്പള്ളി, ചവറ ബ്ലോക്കുകളിലെ 13 പഞ്ചായത്തുകളിലും രണ്ടാംഘട്ട (2010-11)ത്തിൽ കൊല്ലം, ഇരവിപുരം, കുണ്ടറ, ശാസ്താംകോട്ട, കൊട്ടാരക്കര, ചാത്തന്നൂർ ബ്ലോക്കുകളിലെ 36 പഞ്ചായത്തുകളിലും മൂന്നാംഘട്ട (2011-12) ത്തിൽ പത്തനാപുരം, ചടയമംഗലം, വെട്ടിക്കവല, അഞ്ചൽ ബ്ലോക്കുകളിലെ 29 പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഇതുവരെ 3 ഘട്ടങ്ങളിലുമായി 55 കോടി രൂപയുടെ പദ്ധതികൾക്ക് കൊല്ലം ജില്ലയിൽ അനുമതി നൽകുകയുണ്ടായി. 2 ലക്ഷത്തിലേറെ കർഷകർക്ക് സഹായധനം എത്തിക്കുവാനും മികച്ച പരിപാലന മുറകൾക്കുള്ള കുമ്മായം, രാസവളങ്ങൾ, പയർവിത്ത് എന്നിവ നൽകുവാനും കഴിഞ്ഞിട്ടുണ്ട്. നാലര ലക്ഷത്തിലേറെ രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനായി 19.78 കോടി രൂപ വിതരണം ചെയ്തു. പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലുമുള്ള പുരോഗതി പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

കൊല്ലം ജില്ലയിൽ തെങ്ങ് പുനരുദ്ധാരണ പദ്ധതി ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കിയ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. തൃദീപ് കുമാറുമായി നടത്തിയ അഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങൾ താഴെകൊടുക്കുന്നു.



***താങ്കളുടെ പഞ്ചായത്തിൽ കേരകൃഷിയുടേയും അനുബന്ധ വ്യവസായങ്ങളുടേയും പ്രസക്തി എപ്രകാരമാണ് വിലയിരുത്തുന്നത്?***

പടിഞ്ഞാറെ കല്ലടയിലെ പ്രധാന വ്യവസായം കയർ വ്യവസായം ആയിരുന്നു. കർഷകർ തെങ്ങ് കൃഷിക്ക് വളരെയധികം പ്രാധാന്യം നൽകിയിരുന്നു. വർഷങ്ങൾക്ക് മുമ്പ് ഇവിടെ കയർ മേഖലയിൽ പ്രവർത്തിച്ചിരുന്ന രണ്ടോ മൂന്നോ സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നു. അതുകൂടാതെ തൊണ്ട് തല്ലി, കയർ പിരിക്കൽ അനേകം പേരുടെ ഉപജീവന മാർഗ്ഗവുമായിരുന്നു. കൊപ്ര വ്യവസായം, എണ്ണ മില്ലുകൾ എന്നിവയും ധാരാളമായി പടിഞ്ഞാറെ കല്ലടയിൽ നിലനിന്നിരുന്നു. ഇവിടെ കർഷകരിൽ നിന്നും സംഭരിക്കുന്ന നാളികേരം കൊപ്രയായും അതിന്റെ തൊണ്ട് കയർ വ്യവസായത്തിനായും സംരംഭകർ പ്രയോജനപ്പെടുത്തിയിരുന്നു. ഇവിടെ നിന്ന് കയർ കൊല്ലത്തേക്കും ആലപ്പുഴയിലേക്കും കയറ്റി അയയ്ക്കുകയും ചെയ്തിരുന്നു. തൊണ്ട് അഴുക്കിയിരുന്നത് മൺട്രോതുരുത്തിലെ മണക്കടവ് കായലിലായിരുന്നു.

***തെങ്ങ് പുനരുദ്ധാരണ പദ്ധതി രണ്ട് വർഷമായി നടപ്പാക്കി വരുകയാണല്ലോ. പദ്ധതിയെക്കുറിച്ചുള്ള അഭിപ്രായം?***

ബോർഡിന്റെ തെങ്ങ്കൃഷി പുനരുദ്ധാരണ പദ്ധതി വളരെ നല്ല നിലയിൽ പടിഞ്ഞാറെ കല്ലട പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞു. ഏകദേശം 1 കോടി 15 ലക്ഷം രൂപയുടെ പദ്ധതിയാണ് 2 വർഷ കാലയളവിൽ നടത്താൻ അനുമതി കിട്ടിയത്. ഇതിൽ 60 ലക്ഷം രൂപയിലേറെ തുക കായ്ഫലമില്ലാത്ത കാറ്റുവീഴ്ച രോഗം ബാധിച്ച 16900 തെങ്ങുകൾ വെട്ടിമാറ്റുവാനും ബാക്കിതുക സമഗ്ര പരിപാലന മുറകൾ അനുവർത്തിക്കാനും, തൈകൾ കൊടുക്കുവാനും ആയി വിനിയോഗിച്ചു. 14 വാർഡുകളിലെ 3223 കർഷകർക്ക് പദ്ധതിയിലൂടെ സഹായമെത്തിക്കുവാൻ കഴിഞ്ഞു. 1600 ലേറെ കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനായി 50.89 ലക്ഷം രൂപ വിതരണം ചെയ്തുകഴിഞ്ഞു. പദ്ധതിയുടെ വിജയത്തിനായി നാളികേര വികസന ബോർഡും കൃഷിവകുപ്പും പഞ്ചായത്ത് അധികൃതരും തുടക്കം മുതലേ ചിട്ടയായി പ്രവർത്തിക്കുന്നുണ്ട്. അതിനായി ഓരോ വാർഡിലും പ്രത്യേകം കമ്മിറ്റികൾ രൂപീകരിക്കുകയും ആ കമ്മിറ്റികൾ മുഖേന നല്ല രീതിയിൽ തെങ്ങ് വെട്ടിമാറ്റലും അനുബന്ധ പ്രവർത്തനങ്ങളും നടത്തുവാനും കഴിഞ്ഞു. വളരെക്കുറഞ്ഞ ചെലവിൽ കർഷകർക്ക് തെങ്ങ് മുറിച്ചുമാറ്റാൻ ഒരു ടീമിനെ തന്നെ കണ്ടെത്തിയത് അധികം പ്രയോജനം ചെയ്തു.

നാളികേര ബോർഡിന്റെ ഈ പദ്ധതി വളരെയധികം ജനശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നു. വളം നൽകിയതിനു ചെറിയൊരു മാറ്റം വരുത്തേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം. എൻപികെ മിക്സചറിനുപകരം നേർവളം നൽകുന്നത് വളരെയധികം നന്നായിരിക്കും.

***പദ്ധതിപ്രകാരം ലഭിച്ച മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ?***

തെങ്ങൊന്നിന് 3.4 കിലോഗ്രാം 10:5:20 മിക്സചർ, ½ കിലോഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 1 കിലോഗ്രാം കുമ്മായം, 100 ഗ്രാം പയർ വിത്ത് എന്നിവയാണ് അനുവദിച്ചിരുന്നത്. ഈ പദ്ധതിപ്രകാരം ലഭിച്ച വളം കർഷകർ ഫലപ്രദമായി ഉപയോഗിച്ചു. ലഭിച്ച വളം നിർദ്ദേശിച്ച സമയത്ത് തന്നെ കർഷകർ തെങ്ങിന് നൽകിയിട്ടുണ്ട്.

പദ്ധതി പ്രകാരം ലഭിച്ച തെങ്ങിൻ തൈകൾ കർഷകർ നന്നായിപരിപാലിച്ചു വരുന്നു. തെങ്ങിൻ തൈകൾ ഇനിയും കർഷകർക്ക് ആവശ്യമുണ്ട്. കർഷകർക്ക് കൂടുതൽ താൽപര്യം സങ്കരയിനത്തിലും കുറിയയിനത്തിലും പെട്ട തെങ്ങിൻ തൈകളോട് തന്നെയാണ്.

| പട്ടിക–1 കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന തെങ്ങ് പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഘട്ടം | വെട്ടിമാറ്റൽ | | | പുനരുദ്ധാരണം | | | പുനർ നടീൽ | | മൊത്തം വിനിയോഗിച്ച തുക (ലക്ഷം രൂപയിൽ) |
| | മുറിച്ച് മാറ്റിയ തെങ്ങുകളുടെ എണ്ണം | വിനിയോഗിച്ച തുക (ലക്ഷം രൂപയിൽ) | ഗുണഭോക്താക്കളായ കർഷകർ | പുനരുദ്ധരിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം (ഹെ.) | വിനിയോഗിച്ച തുക (ലക്ഷം രൂപയിൽ) | ഗുണഭോക്താക്കളായ കർഷകർ | തൈകൾ | വിനിയോഗിച്ച തുക (ലക്ഷം രൂപയിൽ) | |
| ഒന്നാം ഘട്ടം | 257970 | 986.30 | 67024 | 8927.72 | 1020.84 | 86016 | 35055 | 7.01 | 2014.15 |
| രണ്ടാം ഘട്ടം | 195939 | 884.87 | 67821 | 16507.5 | 631.32 | 117273 | 13000 | 2.6 | 1601.50 |
| മൂന്നാം ഘട്ടം | 2650 | 13.18 | 771 | 4452.92 | | | | | 25.00 |
| **ആകെ** | **458936** | **1978.88** | **136206** | **29888.2** | **1652.16** | **203289** | **48055** | **9.61** | **3640.65** |

തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി പടിഞ്ഞാറെ കല്ലട പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ ഗുണകരമായിരുന്നു. വെട്ടിമാറ്റിയ തെങ്ങിൻ തടികൾ തെങ്ങ് വെട്ടി മാറ്റുന്നതിന് വന്നവർ തന്നെ മീറ്ററിന് 10 രൂപ നിരക്കിൽ വിലയ്ക്കെടുത്തിരുന്നു, ബാക്കിയുള്ളവ കർഷകർ വിറകിനായും മറ്റും ഉപയോഗിച്ചു.

***തെങ്ങു കൃഷിയിൽ പടിഞ്ഞാറെ കല്ലടയിലെ കർഷകർക്ക് താൽപര്യം കുറയാനുള്ള കാരണങ്ങൾ ?***

തെങ്ങ് കൃഷിയിൽ ഈ നാട്ടിലെ കർഷകർക്ക് താൽപര്യം കുറയാൻ പ്രധാന കാരണം തേങ്ങയുടെ വിലക്കുറവും തേങ്ങയെ ആശ്രയിച്ചുള്ള വ്യവസായങ്ങളുടെ തകർച്ചയുമാണ്. തെങ്ങ് കയറാൻ ആളില്ലാത്തതും മറ്റൊരു പ്രധാനകാരണമായിരുന്നു. പക്ഷേ; ഇന്നത് പരിഹരിക്കാൻ സാധിക്കുന്നുവെന്നത് അഭിമാനകരമാണ്. ഏകദേശം നാൽപതോളം പേർ തെങ്ങിന്റെ ചങ്ങാതിമാരായി ഇവിടെ നിന്നും പരിശീലനം നേടിയിട്ടുണ്ട്.

***നാളികേര വികസന ബോർഡിന്റെ പുതിയ പദ്ധതികളെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായം?***

പഞ്ചായത്തിൽ ഇതുവരെ 20 സിപിഎസുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവ ചേർത്ത് കല്ലട ഫെഡറേഷനും രൂപം നൽകിയിട്ടുണ്ട്. സിപിഎസ് നേതൃനിരയിലുള്ളവർ പരിശീലനം നേടിക്കഴിഞ്ഞു. അടുത്തപടിയായി കൊപ്ര സംസ്കരണവും അനുബന്ധ വ്യവസായ സംരംഭങ്ങളും തുടങ്ങാനുള്ള തയ്യാറെടുപ്പിലാണ്. ബോർഡിന്റെ സഹായത്തോടെ ഇളനീർ പാർലറുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സിപിഎസുകൾ പടിഞ്ഞാറെ കല്ലടയിൽ വളരെയധികം പ്രയോജനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കക്ഷി-രാഷ്ട്രീയ ഭേദമെന്യേ നാടിന്റെ വികസനം മാത്രം മുൻനിർത്തി മുമ്പോട്ടുപോയാൽ പദ്ധതി നടത്തിപ്പ് വിജയകരമായിരിക്കും.

ഇവിടുത്തെ കർഷകർ തെങ്ങിനോട് അടുത്ത ബന്ധമുള്ളവരായതിനാലാവാം അവർക്ക് സിപിഎസുകളോട് വളരെയധികം താൽപര്യമുണ്ട്. അതിനാലാണിവിടെ ഇരുപതിലധികം സിപിഎസുകൾ രജിസ്റ്റർ ചെയ്യുവാനും അതുവഴി ഫെഡറേഷൻ രൂപീകരിക്കുവാനും കഴിഞ്ഞതെന്നാണ് എന്റെ വിശ്വാസം.

***ഫെഡറേഷൻ രൂപീകരണത്തിലൂടെ കേര മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ കഴിയുമോ ? കാർഷിക മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ കൂടി വിവരിക്കാമോ?***



*ശാസ്ത്രീയ പരിപാലനമുറകൾ അവലംബിച്ച തെങ്ങിൻ തോപ്പ്*

ഫെഡറേഷന് സിപിഎസുകളുമായി ചേർന്ന് പ്രവർത്തിച്ച് വളരെയേറെ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ ചെയ്യാനാവും. നാളികേരത്തിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉത്പാദിപ്പിച്ച് പടിഞ്ഞാറെ കല്ലടയെ ഒരു കേരവ്യവസായ കേന്ദ്രമാക്കി മാറ്റുകയെന്നതാണ് ലക്ഷ്യം.

നാളികേര വികസന ബോർഡിന്റെ സഹായത്തോടെയുള്ള കൊപ്രഡ്രയർ ഫെഡറേഷനിലൂടെ പഞ്ചായത്തിന് ലഭിക്കുകയാണെങ്കിൽ അത് പൂർണ്ണമായി പ്രയോജനപ്പെടുത്തും.

പണ്ട് 'കൊല്ലത്തിന്റെ നെല്ലറ' എന്ന് അറിയപ്പെട്ടിരുന്ന നാടായിരുന്നു പടിഞ്ഞാറെ കല്ലട. നെല്ലും, തെങ്ങുമായിരുന്നു പ്രധാന കൃഷികൾ. നെല്ല് ഒരു പരിധിവരെ നശിച്ചുകഴിഞ്ഞു. നെൽപ്പാടങ്ങൾ മണലെടുത്ത് മിക്കവാറും നാശത്തിന്റെ വക്കിലായി. ഇനി പ്രതീക്ഷ മുഴുവൻ തെങ്ങിൽ തന്നെയാണ്. സിപിഎസുകളും, ഫെഡറേഷനും അതിന് വഴിയൊരുക്കുമെന്ന് കരുതുന്നു. 'വടക്കാഞ്ചേരി ഗ്രീൻ ആർമി മോഡൽ' ഒരു തൊഴിൽ സേനയ്ക്ക് പടിഞ്ഞാറെ കല്ലട പഞ്ചായത്തിലും രൂപം കൊടുത്തിട്ടുണ്ട്, 'ലേബർ ആർമി - ലേബർ ബാങ്ക്' എന്ന പേരിൽ. അതുവഴി ധാരാളം കാർഷികോപകരണങ്ങൾ കൃഷി ഭവനിൽ എത്തിക്കാനും സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ പടിഞ്ഞാറെക്കല്ലടയ്ക്ക് കാർഷിക രംഗത്ത് നല്ല ഒരു ഭാവി ഉണ്ടാകും എന്ന് തന്നെയാണ് വിശ്വാസം.

*ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി-11*

# തൃശ്ശൂരിലെ കർഷകർക്ക് ഉണർത്തുപാട്ടായി തെങ്ങു പുനരുദ്ധാരണ പദ്ധതി

**ശശികുമാർ സി**

നാളികേര വികസന ബോർഡ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയ്ക്ക് കേരളത്തിന്റെ സംസ്കാരിക കേന്ദ്രമായ തൃശ്ശൂർ ജില്ല വേദിയായി. ജില്ലയിൽ 75364 ഹെക്ടറിലാണ് തെങ്ങുകൃഷിയുള്ളത്. 4930ലക്ഷം നാളികേരമാണ് ഉത്പാദനം, ഉത്പാദനക്ഷമതയാകട്ടെ ഹെക്ടറൊന്നിന് 6542 നാളികേരവും. ജില്ലയിൽ 2009-10 തുടങ്ങി മൂന്നുഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടത്തിൽ കൊടകര, ചാലക്കുടി, ഇരിഞ്ഞാലക്കുട എന്നീ മൂന്നു ബ്ലോക്കുകളിലായി 20 പഞ്ചായത്തുകളിലും, രണ്ടാം ഘട്ടത്തിൽ കൊടുങ്ങല്ലൂർ, മതിലകം, വെള്ളാങ്ങലൂർ, മാള, തളിക്കുളം, ചേർപ്പ് എന്നീ ആറ് ബ്ലോക്കുകളിലെ 30 പഞ്ചായത്തുകളിലും, ഒല്ലൂക്കര, വടക്കാഞ്ചേരി, പഴയന്നൂർ, പുഴക്കൽ, ചൊവ്വന്നൂർ, അന്തിക്കാട്, ചാവക്കാട്, മുല്ലശ്ശേരി എന്നീ എട്ട് ബ്ലോക്കുകളിലായി മൂന്നാംഘട്ടത്തിൽ 55 പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കി വരുന്നു.

തൃശ്ശൂർ ജില്ലയിൽ വലുപ്പം കൊണ്ടു ഏറ്റവും ചെറുതും പദ്ധതി നടത്തിപ്പ് കാര്യക്ഷമമായി നടക്കുന്നതുമായ പഞ്ചായത്താണ് പെരിഞ്ഞനം. കാനോലി കനാൽ അതിരിടുന്ന പഞ്ചായത്ത് ജലസമൃദ്ധി കൊണ്ട് അനുഗൃഹീതമാണ്, അതു കൊണ്ടു തന്നെ ഫലഭൂയിഷ്ടമായ മണ്ണിൽ തെങ്ങുകൃഷി ചെയ്യുന്നവരാണ് ജനങ്ങളിൽ ബഹുഭൂരിപക്ഷവും.

പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വൃന്ദ പ്രേംദാസ് പദ്ധതി നടത്തിപ്പിൽ സംതൃപ്തയാണ്. പതിനഞ്ച് വാർഡുകളുള്ള പഞ്ചായത്തിലെ നാളികേരോത്പാദനക്ഷമത തെങ്ങൊന്നിന് 85 നാളികേരമാണ്. ഏറിയ പങ്ക് തെങ്ങുകളും നാടൻ നെടിയ ഇനത്തിൽപെട്ടവയാണെങ്കിലും, ഇരുന്നൂറോളം കുറിയയിനം തെങ്ങുകളും പഞ്ചായത്തിലുണ്ട്. പഞ്ചായത്ത് പ്രഡിഡന്റും പദ്ധതിയുടെ ഗുണഭോക്താവാണ്. പ്രസിഡണ്ടിന്റെ 35 സെന്റ് സ്ഥലത്ത് നിന്ന് രോഗം ബാധിച്ച 4 തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്. കാറ്റുവീഴ്ച രോഗം നിയന്ത്രിക്കുവാൻ പദ്ധതി പ്രയോജനപ്രദമായി എന്നും അതുകൊണ്ടുതന്നെ പദ്ധതി ഏറെ ഉപകാരപ്രദമായി എന്നും ശ്രീമതി വൃന്ദ പറഞ്ഞു.

മൊത്തം 1095 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് 102.38 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇതിന്റെ പ്രയോജനം 2803 കർഷകർക്കാണ് ലഭിച്ചിരിക്കുന്നത്. പദ്ധതിയുടെ കീഴിൽ ഇതുവരെ 7564 തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്. 1905കർഷകർക്കായി 37.34 ലക്ഷം രൂപയാണ് ലഭിച്ചത്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയതിനു ശേഷം തോട്ടത്തിൽ ശേഷിക്കുന്ന തെങ്ങുകളുടെ പുനരുദ്ധാരണത്തിന് 220.85 മെട്രിക്ക് ടൺ കോക്കനട്ട് മിക്സചറും, 32.6 മെട്രിക്ക് ടൺ മഗ്നീഷ്യം സൾഫേറ്റും, 6.506 മെട്രിക്ക് ടൺ പയർ വിത്തും, 64.23 മെട്രിക്ക് ടൺ കുമ്മായവും പഞ്ചായത്തിൽ വിതരണം ചെയ്തു. പഞ്ചായത്തിലെ കർഷകരെല്ലാം തന്നെ കാലാകാലങ്ങളായി ജൈവകൃഷിരീതികൾ പിന്തുടർന്ന് വന്നിരുന്നവരായിരുന്നു. ബോർഡിന്റെ പദ്ധതിയിലൂടെയാണ് ശാസ്ത്രീയരീതിയിൽ വളപ്രയോഗം നടത്തി വിളവ് വർദ്ധിപ്പിക്കാമെന്നു കർഷകർ മനസ്സിലാക്കിയത്. വെട്ടിമാറ്റിയ തെങ്ങുകൾക്കു പകരം വച്ചുപിടിപ്പിക്കാനായി 2772 നാടൻ നെടിയയിനം തൈകളാണ് കൃഷി ഭവൻ വഴി ലഭിച്ചത്. കുറിയയിനത്തിലും സങ്കരയിനത്തിലും പെട്ട തൈകളാണ് ഇനി ലഭിക്കേണ്ടത്.



*ലേഖകൻ പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വൃന്ദ പ്രേംദാസിനൊപ്പം*

നാളികേരോത്പാദക സംഘങ്ങൾ(സിപിഎസ്) പഞ്ചായത്തിൽ രൂപികരിച്ചു വരുന്നു. ഇതുവരെ 15 സംഘങ്ങൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സിപിഎസുകൾ ചേർന്ന് ഫെഡറേഷൻ രൂപികരിച്ചിട്ടുണ്ട്.ഫെഡറേഷന്റെ പരിധിയിൽ 47842 തെങ്ങുകളാണുള്ളത്. കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കുവാനും കൊപ്രഡ്രയർ സ്ഥാപിച്ചു കൊപ്രയാക്കുവാനുമുള്ള തയ്യാറെടുപ്പിലാണ് ഫെഡറേഷൻ ഭാരവാഹികൾ. ദേശീയ പാതയോരത്ത് കരിക്കിൻ പാർലർ തുടങ്ങുവാനും ലക്ഷ്യമിടുന്നുണ്ട്.കരിക്കിൻ പാർലറിന് പഞ്ചായത്ത് വക സ്ഥലം അനുവദിക്കാനും ഉദ്ദേശിക്കുന്നതായി പ്രസിഡന്റ് പറഞ്ഞു.

പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റ് മുഖേന തേങ്ങാചിപ്സ് നിർമ്മിക്കുവാനുള്ള സംരംഭവും തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ഇത്തരത്തിലുള്ള ഉദ്യമങ്ങൾ പഞ്ചായത്തിലുള്ള കേര കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്ന തേങ്ങയ്ക്ക് മെച്ചപ്പെട്ട വില ലഭിക്കുവാനും ജീവിത സുരക്ഷ ഉറപ്പാക്കുവാനും സഹായകമാകുമെന്ന് ശ്രീമതി വൃന്ദ വിശ്വസിക്കുന്നു.

ബോർഡിന്റെ തെങ്ങുപുനരുദ്ധാരണ പദ്ധതിയാണ് ഈ മേഖലയിലെ കർഷകരിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് അവബോധമുണ്ടാക്കിയത്. സർക്കാരിന്റെ വിവിധ പദ്ധതികളെ കുറിച്ച് അറിയുവാനും ആനുകൂല്യങ്ങൾ നേടിയെടുക്കുവാനും കർഷകരിൽ അഭിവാഞ്ഛ ജനിപ്പിച്ച തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി അക്ഷരാർത്ഥത്തിൽ തന്നെ കേര കർഷർക്കൊരു ഉണർത്തുപാട്ടായി മാറി.

*ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി-11*

# സങ്കരയിനങ്ങൾക്കുവേണ്ടി നെട്ടോട്ടം- സഹായഹസ്തവുമായി കൊളാബറേറ്റീവ് റിസർച്ച്

**രമണി ഗോപാലകൃഷ്ണൻ**

ഭാവിയിൽ അത്യുത്പാദനശേഷിയുള്ള തൈകൾ മാത്രം നടാൻ ഉപയോഗിക്കേണ്ടത് കേരവികസനത്തിന്റെ നല്ല നാളേയ്ക്ക് ആവശ്യമാണ്. കൃഷിയിടം അനുദിനം ലോപിച്ചുകൊണ്ടിരിക്കുന്നതും ഏതുവിധേനയും ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് നിരന്തരം വർദ്ധിച്ചു വരുന്ന കൃഷി ച്ചെലവിൽ നിന്നും കരകയറേണ്ടതും ഈ ആവശ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. അത്യുത്പാദനശേഷിയുള്ള തൈകൾ നടാൻ കർഷകർ വിമുഖരായിട്ടല്ല; മറിച്ച് ഇത്തരം തൈകൾ ആവശ്യത്തിന് ലഭ്യമല്ലായെന്നുള്ളതാണ് വസ്തുത. ഗവൺമെന്റ് നഴ്സറികൾക്കോ ഗവേഷണ സ്ഥാപനങ്ങൾക്കോ ഈ ആവശ്യം പൂർണ്ണമായും നിറവേറ്റാൻസാധിക്കുന്നില്ലായെന്നതാണ് വാസ്തവം.

എല്ലാ ഇനങ്ങളിലും ഉയർന്ന ഉത്പാദന ശേഷിയുള്ള തൈകൾ കാണാറുണ്ടെങ്കിലും അത്യുത്പാദനശേഷിയുള്ള തൈകൾ എന്നുദ്ദേശിക്കുന്നത് നെടിയതും കുറിയതും തമ്മിൽ കൃത്രിമസങ്കലനം നടത്തി ഉത്പാദിപ്പിക്കുന്ന സങ്കരയിനം (ഹൈബ്രിഡ്) തൈകളാണ്. ഇത്തരം തൈകൾ നമ്മുടെയിടയിൽ നടാൻ ലഭ്യമാകുന്നത് മൊത്തം ലഭ്യതയുടെ 3.5 ശതമാനം മാത്രമാണ്. വളരെച്ചെറിയ തോതിൽ സംസ്ഥാന കൃഷി വകുപ്പുകൾ ഉത്പാദിപ്പിക്കുന്നവയും ബോർഡിന്റെ പ്രദർശന വിത്തുത്പാദന തോട്ടങ്ങളിലും, സംസ്ഥാന കാർഷിക സർവ്വകലാശാലകളിലും കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലും പരിമിതമായി ഉത്പാദിപ്പിക്കുന്നവയും ഇതിലേക്ക് കൂട്ടാം.

തെങ്ങ് കൃഷിയുടെ നാടായ നമ്മുടെ കേരളത്തിൽ 8 ലക്ഷം ഹെക്ടർ കൃഷിയിടത്തിലായി 18 കോടി തെങ്ങുണ്ടെന്നാണ് കണക്ക്. ഇവയിൽ മൂന്നിലൊന്നും പ്രായാധിക്യമുള്ളവയും പുനർകൃഷി ആവശ്യമുള്ളവയുമാണെന്നും വിദഗ്ദ്ധർ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇങ്ങനെ പുനർകൃഷി ചെയ്യുമ്പോൾ നടീലിന് ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുകയെന്നത് ഗവേഷണ വികസന ഏജൻസികളുടെ ഉത്തരവാദിത്വമാണ്. അങ്ങനെ സാധിക്കാതെ വരുമ്പോൾ ലാഭേച്ഛയോടെ മാത്രം കച്ചവടം നടത്തുന്ന സ്വകാര്യ നഴ്സറികൾ നാടുമുഴുവനും കൂണുപോലെ മുളച്ചുപൊന്തുന്നു. യാതൊരു തെരഞ്ഞെടുപ്പ് മാനദണ്ഡവും പാലിക്കാതെ തൈ വിൽപ്പന നടത്തുന്ന ഇവരെ നിയന്ത്രിക്കാനുള്ള സംവിധാനവും നിലവിലില്ല.എന്നാൽ കൃത്രിമ പരാഗണം വഴി ഹൈബ്രിഡുണ്ടാക്കിയെടുക്കുന്ന രീതിയിലേക്ക് ഈ നഴ്സറികളും കടക്കുന്നില്ല.

കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനവും കേരള, തമിഴ്നാട് കാർഷിക സർവ്വകലാശാലകളും ഇതിനകം നിരവധി ഹൈബ്രിഡുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ടിxഡിയും ഡിx ടിയും ഇതിൽപ്പെടും.

1936ൽ വർഗ്ഗസങ്കരണത്തിലൂടെ ആദ്യമായി വികസിപ്പിച്ചെടുത്ത ഹൈബ്രിഡ് ടി x ഡി ആയിരുന്നെങ്കിലും അതിനുശേഷം ഡിx ടി ഉരുത്തിരിച്ചെടുത്തു. പക്ഷെ വർഷങ്ങളായുള്ള പ്രകടനത്തിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ ഡിx ടി ആണ് മേന്മയേറിയ ഇനമെന്നാണ്. ഉയർന്ന ഉത്പാദനക്ഷമതയാൽ ഇത്തരം തൈകൾക്ക് കർഷകരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ആവശ്യം ഒരു പരിധി വരെയെങ്കിലും നിറവേറ്റാൻ ബാദ്ധ്യസ്ഥരായ ബോർഡ് ഇതിനൊരു പരിഹാരം ആലോചിച്ചുതുടങ്ങിയത് ഇപ്പോഴത്തെ ചെയർമാനായ ശ്രീ. ടി. കെ. ജോസ് ഐഎഎസ് സ്ഥാനമേറ്റെടുത്തതോടെയാണ്.

ഇന്ന് കേരളത്തിൽ പല ഇനങ്ങൾ തമ്മിൽ സങ്കരണം നടത്തിയ സങ്കരയിനങ്ങളുണ്ട്. ഗൗരിഗാത്രവും നമ്മുടെ നാടൻ ഇനവും തമ്മിലുള്ള ക്രോസ് ആണ് 1985 ൽ കേന്ദ്രതോട്ടവിള ഗവേഷണസ്ഥാപനം പുറത്തിറക്കിയ ചന്ദ്രസങ്കരയെന്ന ഡി x ടി. 3-4 വർഷത്തിനുള്ളിൽ കായ്ച്ചുതുടങ്ങുന്ന ഈ ഇനം നാടനേക്കാൾ വിളവ് തരുന്നു. ശരാശരി വിളവ് 116 തേങ്ങയും കൊപ്രയുടെ അളവ് 215 ഗ്രാമും എണ്ണയുടെ തോത് 68 ശതമാനവും ആണ്.

അതുപോലെ പതിനെട്ടാം പട്ടയും നാടനും തമ്മിൽ ക്രോസ് ചെയ്തെടുത്ത കൽപ്പസങ്കര എന്ന ഡി x ടി ഇനം കാറ്റുവീഴ്ച രോഗത്തെ ചെറുക്കുന്ന ഹൈബ്രിഡ് എന്ന നിലയിൽ വളരെ പ്രാധാന്യം അർഹിക്കുന്നു. അധികം പൊക്കം വെയ്ക്കാത്തതും, നട്ട് 36-40 മാസ



ചന്ദ്രസങ്കര



കല്പസങ്കര



*കൽപസമൃദ്ധി*

മാകുമ്പോൾ കായ്ഫലം നൽകുന്നതുമായ കൽപ്പസങ്കര 2009ലാണ് പുറത്തിറക്കിയത്. വർഷത്തിൽ ശരാശരി 84 തേങ്ങ വരെ ലഭിക്കുന്നു. ഇളംപച്ചനിറമുള്ളതും നീണ്ടുരുണ്ടതുമായ ഇവയുടെ തേങ്ങയ്ക്ക് ശരാശരി 840 ഗ്രാം തൂക്കം വരും. ഇവയുടെ തേങ്ങ നാടൻ തേങ്ങയോട് കിടപിടിക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. കൊപ്രയുടെ ഭാരം തേങ്ങ ഒന്നിന് 170 ഗ്രാമും, വെളിച്ചെണ്ണയുടെ അളവ് 67.5 ശതമാനവുമാണ്. ഇങ്ങനെ ചന്ദ്രസങ്കരയും കൽപ്പസങ്കരയും ചാവക്കാട്ട് കുറിയ ഓറഞ്ചും പച്ചയും യഥാക്രമം മാതൃവൃക്ഷമാക്കിയ ഡി X ടി ഇനങ്ങളാണ്. മൂന്നാമതൊരിനം മലയൻ കുറിയ മഞ്ഞയും നാടനും തമ്മിലുള്ള കൽപസമൃദ്ധിയെന്ന സങ്കരയിനമാണ്. കർഷകർക്ക് വളരെയെളുപ്പം ഈ സങ്കരയിനങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**ഡിxടി ഉത്പാദനം എങ്ങനെ?**

ഡിxടി ഉത്പാദനത്തിൽ ഡ്വാർഫ് മരങ്ങൾ മാതൃവൃക്ഷവും ടാൾ മരങ്ങൾ പിതൃവൃക്ഷവുമാണെന്ന് പറഞ്ഞല്ലോ. ഡ്വാർഫ് മരത്തിലെ പൂക്കുലകൾ വിരിയുമ്പോൾ തന്നെ ആൺപൂക്കൾ വിരിഞ്ഞിരിക്കും. ഓരോ പൂക്കുലകണ്ണികളിലും (സ്പൈക്ക്ലെറ്റ്സ്) ഓരോ പെൺപൂവും (മച്ചിങ്ങ) ധാരാളം ആൺപൂക്കളുമുണ്ടാകും. ഈ പെൺപൂക്കളാണ് പരാഗണശേഷം തേങ്ങയായി മാറുന്നത്.

പൂക്കുല വിരിഞ്ഞ് ഒരാഴ്ചയ്ക്കകം ആൺപൂക്കൾ നിശ്ശേഷം നീക്കം ചെയ്യണം. ഈ പ്രക്രിയയെ ഇമാസ്ക്കുലേഷൻ അഥവാ വിപുംസീകരണം എന്ന് പറയുന്നു. ഗുണമേന്മയുള്ള ടാൾ മരങ്ങളിൽ നിന്നും ശേഖരിച്ചുവെച്ചിരിക്കുന്ന പരാഗരേണുക്കൾ അഥവാ പൂമ്പൊടി പെൺപൂക്കൾ പാകമാകുന്ന സമയം നോക്കി പതിക്കണം. ഈ പ്രക്രിയയെയാണ് പരാഗണം എന്ന് പറയുന്നത്. ഇത് മൂന്ന് നാല് ദിവസം തുടരണം. കുറിയയിനത്തിൽ 10–11 മാസം കൊണ്ട് തേങ്ങ പാകമാകും. വിത്തുതേങ്ങ പാകി മുളപ്പിച്ച് അത്യുത്പാദനശേഷിയുള്ള സങ്കരയിനം തൈകൾ ഉത്പാദിപ്പിക്കാവുന്നതാണ്.

കൃത്രിമ സങ്കരണം വഴി ഉണ്ടാക്കിയെടുക്കുന്ന എല്ലാ തൈകൾക്കും അത്യുത്പാദനശേഷിയുണ്ടാകണമെന്നില്ല. മാതൃ-പിതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നതിലും തൈകൾ തെരഞ്ഞെടുക്കുന്നതിലും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കണം.

**കൊളാബറേറ്റീവ് റിസർച്ച് പദ്ധതി എന്ത് ? എങ്ങനെ?**


ശാസ്ത്രജ്ഞർക്കും ഗവേഷണ കേന്ദ്രങ്ങൾക്കും മാത്രമല്ല, അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുൾപ്പെടെ തെങ്ങുകൃഷി ഗൗരവമായി കാണുന്ന ഏതൊരാൾക്കും സങ്കരയിനം തെങ്ങിൻ തൈകളുണ്ടാക്കുന്നതിന് അവസരമൊരുക്കുന്ന പദ്ധതിയാണിത്. ഒച്ചിഴയും വേഗത്തിലുള്ള തൈയ്യുത്പാദനത്തിനെ മറികടക്കുവാൻ ഇത്തരം തന്ത്രങ്ങൾ കൊണ്ടേ കഴിയൂ.

ബോട്ടണി, സുവോളജി അഥവാ ബയോടെക്നോളജി ബിരുദാനന്തര ബിരുദമുള്ള കോളേജുകളുമായോ മികച്ച പ്രവർത്തന പാരമ്പര്യമുള്ള എൻജിഒകളുമായോ സഹകരിച്ച് സങ്കരയിനം തൈകളുണ്ടാക്കുകയാണ് ലക്ഷ്യം. ഗൗരീഗാത്രമോ പതിനെട്ടാം പട്ടയോ പോലുള്ള കുറിയയിനം തെങ്ങുകളിൽ കൃത്രിമപരാഗണം നടത്തി മികച്ച തൈകൾ ഉത്പാദിപ്പിച്ച് കൃഷിക്കാർക്ക് ആവശ്യാനുസരണം വിതരണം നടത്തുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

മികച്ചയിനം മാതൃവൃക്ഷങ്ങളെ കണ്ടെത്തുകയാണ് ഒന്നാം ഘട്ടത്തിൽ ചെയ്യുന്നത്. മികച്ച തെങ്ങുകളെ കണ്ടെത്തി മാതൃവൃക്ഷമായി ഉപയോഗിക്കുന്നതുമൂലം അമൂല്യമായ ജനിതകവൈദഗ്ധ്യം കൂട്ടിക്കലർത്തി അത്യുത്തമമായ പുതിയ വൈവിദ്ധ്യമാർന്ന തെങ്ങുകളെ ഉത്പാദിപ്പിക്കാമെന്ന തത്വവും പ്രായോഗികമാവും. കണ്ടെത്തുന്ന മികച്ച തെങ്ങുകളുടെ വർഗ്ഗസങ്കരണം (hybridisation) നടത്തുകയാണ് അടുത്ത നടപടി. ഇങ്ങനെ ഉത്പാദിപ്പിക്കുന്ന തേങ്ങകൾ പാകി കിളിർപ്പിച്ച് അവ



*വർഗ്ഗസങ്കരണം നടത്താനായി മൈത്രി തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങൾ*




*മൈത്രി കൃത്രിമ പരാഗണം നടത്തിയ പൂങ്കുലകൾ*

യിൽ നിന്നും മികച്ച തൈ വളർത്തിയെടുത്ത് ഗുണമേന്മാ പരിശോധനയും സർട്ടിഫിക്കേഷനും നടത്തി നൽകുകയാണ് രണ്ടാം ഘട്ടത്തോടെ ചെയ്യുന്നത്.

ആണ്ടുതോറും 40,000 മുതൽ 50,000 വരെ സങ്കരയിനം തൈകൾ ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. ഇതിനായി മാതൃവൃക്ഷമായി കുറഞ്ഞത് 2000 കുറിയയിനങ്ങളും പിതൃവൃക്ഷമായി 500 നെടിയ ഇനങ്ങളും സർവ്വേ നടത്തി മാർക്ക് ചെയ്യണം.

നാളികേര ടെക്നോളജി മിഷനു കീഴിൽ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. പദ്ധതിച്ചെലവിന്റെ 50 ശതമാനമോ പരമാവധി 35 ലക്ഷം രൂപയോ ഇതിലേതായിരിക്കുമോ കുറവ് അതായിരിക്കും അർഹമായ സബ്സിഡി. പദ്ധതി രൂപീകരണത്തിന് ബോർഡിന്റെ സഹായം ലഭ്യമാകും. പദ്ധതി ചെലവിലുൾപ്പെടുത്താവുന്ന ഘടകങ്ങളിൽ മാതൃവൃക്ഷങ്ങൾ ഏറ്റെടുക്കുന്ന തോട്ടമുടമയ്ക്ക് കോടുക്കേണ്ട കരാർ തുക (തെങ്ങൊന്നിന് ന്യായമായ തുക നിജപ്പെടുത്താം), കൃത്രിമപരാഗണം നടത്താൻ തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള പരിശീലനചെലവ്, അവരുടെ വേതനം, യാത്രപ്പടി, തേങ്ങ വിളവെടുത്ത് നഴ്സറികളിൽ പാകി തൈയാക്കുന്നതിനുള്ള ചെലവ്, ലബോറട്ടറിക്കുള്ള കെട്ടിടം, പൂമ്പൊടി ശേഖരിച്ച് വെയ്ക്കാനുള്ള ഉപകരണങ്ങൾ, നഴ്സറിക്കുള്ള ലീസ് തുക, ഗ്രീൻ ഹൗസ്, സ്പ്രിംഗ്ളർ നനയ്ക്കുള്ള സാമഗ്രികൾ, പ്രൊജക്ട് ടീം ലീഡർ, അസിസ്റ്റന്റ്സ് എന്നിവർക്കുള്ള വേതനം എന്നിവയുൾപ്പെടുന്നു.

കേരളത്തിൽ നിന്ന് നാല് കോളേജുകളും രണ്ട് എൻജിഒകളും ഇതിനകം പദ്ധതിയുമായി കൈകോർക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ്, പത്തനംതിട്ട കാത്തോലിക്കേറ്റ് കോളേജ്, പാലാ സെന്റ് തോമസ് കോളേജ്, തേവര സേക്രട്ട് ഹാർട്ട് കോളേജ്, പാലക്കാട് മൈത്രി, കോഴിക്കോട് സെന്റർ ഫോർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഇൻ ഹെൽത്ത് ഹൈജീൻ ആന്റ് എൻവയൺമെന്റ് എന്നിവയാണ് അവ.

കർഷകരുടെ പങ്കാളിത്തവും സഹകരണവും ഈ പദ്ധതിക്കാവശ്യമാണ്. 10നും 25നും മദ്ധ്യേ പ്രായമുള്ള കുറിയയിനം തെങ്ങുകളുള്ള കർഷകർ അതാതുപ്രദേശത്തെ കോളേജുമായോ എൻജിഒയുമായോ ബന്ധപ്പെടണം. കേരകർഷകരുടെ കൂട്ടായ്മയായ നാളികേരോത്പാദക സംഘങ്ങൾ (സിപിഎസുകൾ), തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്നിവരുടെ എല്ലാം സഹായ സഹകരണവും പങ്കാളിത്തവും ഈ പദ്ധതിയിൽ ഉപയോഗപ്പെടുത്തും.

മൈത്രി ഇതിനകം മൂന്ന് തോട്ടങ്ങളിലായി 500 കുറിയ ഇനം മാതൃവൃക്ഷങ്ങളെ തെരഞ്ഞെടുത്തു കഴിഞ്ഞു. പൂമ്പൊടി ശേഖരിക്കുവാനുള്ള നെടിയയിനം തെങ്ങുകളുടെ തോട്ടവും തെരഞ്ഞെടുത്തു. 20 മരങ്ങളിൽ ഹൈബ്രിഡൈസേഷനും തുടങ്ങി. നാളിതുവരെയുള്ള മൈത്രിയുടെ പദ്ധതി പുരോഗതി പ്രോത്സാഹജനകമാണ്. കേരളം കൂടാതെ തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിൽ നിന്നും പദ്ധതികൾ പ്രതീക്ഷിക്കുന്നു. ആണ്ടുതോറും അഞ്ച് ലക്ഷം തൈകളെങ്കിലും ഇങ്ങനെ ലഭ്യമായാൽ പടിപടിയായി നമ്മുടെ തെങ്ങിൻ തോപ്പുകളുടെ ജനിതകമേന്മ മെച്ചപ്പെടുത്താൻ സാധിക്കും, ഒപ്പം സങ്കരയിനം തെങ്ങുകൾക്കുവേണ്ടിയുള്ള കർഷകരുടെ നെട്ടോട്ടത്തിന് ഒരറുതി വരുകയും ചെയ്യും.

*ഡെപ്യൂട്ടി ഡയറക്ടർ,*
*നാളികേര വികസന ബോർഡ്, കൊച്ചി-11*

***കൊളാബറേറ്റീവ് റിസർച്ച് പദ്ധതിയുമായി സഹകരിക്കുന്ന കോളേജുകളും എൻജിഒകളുമായി ബന്ധപ്പെടാനുള്ള വ്യക്തികളും ഫോൺ നമ്പറുകളും***

1. കാതോലിക്കറ്റ് കോളജ്, പത്തനംതിട്ട – ഡോ. ഫിലിപ്പോസ് ഉമ്മൻ – ഫോൺ : 8547884791
2. സെന്റ് തോമസ് കോളജ്, പാല – ഡോ. ഡെനീസ് തോമസ്. റ്റി – ഫോൺ : 9447121737
3. സേക്രഡ് ഹാർട്ട് കോളജ്, കൊച്ചി – ഡോ. എം.എസ്. ഫ്രാൻസിസ് ഫോൺ : 9447214048
4. അസംപ്ഷൻ കോളജ്, ചങ്ങനാശ്ശേരി – ഡോ. ഐമാ നീരാക്കൽ – ഫോൺ : 9447630503
5. മൈത്രി പാലക്കാട് – ശ്രീ. വിനോദ് കുമാർ, ഫോൺ : 9447077251
6. കോഴിക്കോട് സെന്റർ ഫോർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഇൻ ഹെൽത്ത് ഹൈജീൻ ആന്റ് എൻവയൺമെന്റ് – ഡോ. റീന –ഫോൺ : 9446042333

# നാളികേര സംരംഭകനാകാം ബോർഡിന്റെ പദ്ധതികളിലൂടെ

**ശ്രീകുമാർ പൊതുവാൾ**

ഗ്രാമീണ വികസനവും ഭക്ഷ്യസുരക്ഷയും ചെറുകിട വ്യവസായ വികസനവും ഉറപ്പാക്കുന്ന പ്രധാന മേഖലയായി നാളികേര സംസ്ക്കരണം വളർന്ന് കഴിഞ്ഞു. അന്താരാഷ്ട്ര വമ്പന്മാർ മുതൽ അന്തർദേശീയ സർക്കാർ ഏജൻസികളും സർക്കാരേതര സംഘടനകളും വരെ ഇവിടെ മാറ്റുരയ്ക്കുന്നു. ബോർഡിന്റെ നാളികേര സംസ്ക്കരണ പരിശീലന പരിപാടികൾ ലക്ഷ്യം വെയ്ക്കുന്നത് കർഷകരേയും വീട്ടമ്മമാരേയും ചെറുകിട സംരംഭകരേയുമാണ്. പല പരിശീലന പരിപാടികളും വനിതകളെ ലക്ഷ്യമിട്ടുള്ളതാണ്.വനിതകളെ സംബന്ധിച്ചിടത്തോളം നാളികേര സംസ്ക്കരണം വരുമാനവർദ്ധനവിനും ഭക്ഷ്യസുരക്ഷയ്ക്കും ഉതകുന്ന അനായാസ ഉപാധിയാണ്.

ഒട്ടധികം പേർക്കും സ്വന്തം കുടുംബത്തിന് ആവശ്യത്തിനുള്ള ഭക്ഷ്യവസ്തുക്കൾ പാകം ചെയ്യാനും ആവശ്യമെങ്കിൽ സമീപത്തുള്ളവർക്ക് വിൽപ്പന നടത്തുവാൻ പര്യാപ്തമായവിധം തയ്യാറാക്കുവാനും സാധിക്കും. പരിശീലനം വഴി ആർജ്ജിക്കുന്ന അറിവ് തയ്യാറാക്കിയ ഉൽപന്നങ്ങൾ കൂടുതൽ കാലം സൂക്ഷിച്ചു വെയ്ക്കുവാനും ഭക്ഷ്യസുരക്ഷയ്ക്കാവശ്യമായ മുൻകരുതലുകൾ എടുക്കുവാനും സഹായകരമാകും. ചെറിയ സംരംഭങ്ങളിലേർപ്പെടുന്ന പലർക്കും ദൂരസ്ഥലങ്ങളിൽ വിപണനം ചെയ്യുവാനായി പായ്ക്ക് ചെയ്ത ഉൽപന്നം നിർമ്മിക്കുക എന്ന ആശയം പോലും അപരിചിതമായ കാര്യമാണ്. അതുകൊണ്ടുതന്നെ പരിശീലനം കൊണ്ടുദ്ദേശിക്കുന്നത് വ്യവസ്ഥിതമായ ഉത്പാദനവും പായ്ക്കറ്റിലാക്കലും, വിപണനം, ഉത്പാദന പ്രക്രിയയിലെ വിവിധ ഘട്ടങ്ങളിൽ മേൽനോട്ടം വഹിക്കൽ, സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുക മുതലായ പരിചയമില്ലാത്ത കാര്യങ്ങൾ പരിചയപ്പെടുത്തുക എന്നുള്ളതാണ്.

നമ്മുടെ നാട്ടിൽ സുലഭമായിട്ടുള്ള തേങ്ങ ഉപയോഗിച്ചുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന്, പ്രത്യേകിച്ച് കർഷകതലത്തിൽ തന്നെ, എല്ലാത്തരത്തിലും അനുകൂലമായ സാഹചര്യങ്ങളാണ് നിലവിലുള്ളത്. പക്ഷേ; ഈ മേഖലയിലെ സാദ്ധ്യതകളൊന്നുംതന്നെ പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് മാത്രം. വിളവെടുപ്പിന് ശേഷം തേങ്ങ സൂക്ഷിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും വരുത്തുന്ന പിഴവുകൾ, കാര്യക്ഷമമല്ലാത്ത സംസ്ക്കരണ രീതികൾ, ഗുണമേന്മയും ശുചിത്വവും പാലിക്കുന്നതിലുള്ള ശ്രദ്ധക്കുറവ്, താഴ്ന്ന നിലവാരത്തിലുള്ള പായ്ക്ക് ചെയ്യൽ എന്നിവ നാളികേരാധിഷ്ഠിത വ്യവസായങ്ങൾ ഉയർന്ന് വരുന്നതിനുള്ള പ്രതിബന്ധങ്ങളാണ്.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ബോർഡ് വനിതകൾക്കും സ്വാശ്രയസംഘങ്ങൾക്കും സർക്കാരേതര സംഘടനകൾക്കും നാളികേരോത്പാദക സംഘങ്ങൾക്കും സംരഭകർക്കും പരിശീലനം നൽകുന്നു. ലഭ്യമായ വിഭവങ്ങൾ പരമാവധി വിനിയോഗം ചെയ്യാൻ പ്രാപ്തരാക്കുന്നവിധം അവരിലെ സംരംഭകത്വകഴിവുകൾ വികസിപ്പിക്കുക, കാര്യക്ഷമമായ സംസ്ക്കരണ രീതി അവലംബിക്കുവാനും,ചെലവ് കുറഞ്ഞ പായ്ക്കിംഗ് രീതികൾ ഉപയോഗിക്കുവാനും, ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ പാലിക്കുവാനും ഉൽപന്നത്തിന് നിർദ്ദിഷ്ട ഗുണമേന്മ നിലവാരം പാലിക്കുവാനും പ്രാപ്തരാക്കുകയെന്നതുമാണ് പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. നേതൃത്വഗുണങ്ങൾ വളർത്തുക, വിപണന സൂത്രങ്ങൾ പറഞ്ഞുകൊടുക്കുക, ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളിൽ അവലംബിച്ച് വരുന്ന ഗുണനിലവാര നിയന്ത്രണത്തിനും ഗുണനിലവാരപരിപാലനത്തിനുമുള്ള സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവയും പരിശീലന പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

ബോർഡിന്റെ ആലുവയിൽ വാഴക്കുളത്തുള്ള പരിശീലന കേന്ദ്രത്തിൽ പ്രധാനമായും മൂന്ന് തരത്തിലുള്ള പരിശീലന പരിപാടികളാണുള്ളത്.

- തേങ്ങ ഉപയോഗിച്ച് അനായാസം തയ്യാറാക്കാവുന്ന ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണത്തിലും കരിക്കിന്റെ ലഘു സംസ്ക്കരണത്തിലുമുള്ള ഏകദിന പരിശീലനം
- തേങ്ങവെള്ളം ഉപയോഗിച്ച് വിനാഗിരി നിർമ്മിക്കുന്നതിനുള്ള രണ്ട് ദിവസത്തെ പരിശീലനം
- സംരംഭകർക്കും സ്വാശ്രയ സംഘങ്ങളുടേയും കർഷക സംഘടനകളുടേയും കർഷക സംഘങ്ങളുടേയും ഭാരവാഹികൾക്കുമായി നാല് ദിവസം ദൈർഘ്യമുള്ള പരിശീലനം.

പരിശീലന പരിപാടിയിൽ തേങ്ങചിപ്സ്, കോക്കനട്ട് ബിസ്ക്കറ്റ്, തേങ്ങ ബർഫി, തേങ്ങ ലഡ്ഡു, തേങ്ങ അച്ചാർ, തേങ്ങ ജാം, തേങ്ങ ചോക്ലേറ്റ്, തേങ്ങവെള്ളം ഉപയോഗിച്ചുള്ള ലമണേഡ്, ചമ്മന്തിപ്പൊടി, ലഘുവായി സംസ്ക്കരിച്ച കരിക്ക്, തേങ്ങവെള്ളത്തിൽ നിന്ന് വിനാഗിരി എന്നിവ നിർമ്മിക്കാനാണ് പരിശീലനം നൽകുന്നത്.

നാളികേര വികസന ബോർഡിന്റെ പരിശീലന കേന്ദ്രത്തിൽ ഇതുവരെ 1500 പേർ ഉൾപ്പെട്ട 140 ബാച്ചുകൾക്ക് പരിശീലനം നൽകികഴിഞ്ഞു. കേരളത്തിൽ നിന്നുള്ളവർക്ക് പുറമേ തമിഴ്നാട്, കർണ്ണാടകം, ആന്ധ്രപ്രദേശ്, അസ്സം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും പരിശീലനം നേടിയവരിൽ ഉൾപ്പെടുന്നു. കേരകർഷകർ അവരുടെ പരമ്പരാഗത മനഃസ്ഥിതി ഉപേക്ഷിച്ച് കേരസംസ്ക്കരണ രംഗത്തെ പരിശീലന പരിപാടികളിൽ പങ്കെടുത്ത് കേരവ്യവസായ മേഖലയിലേക്ക് ചുവട്‌വെയ്പ് നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അത്തരമൊരു ചുവട്‌വെയ്പ്പിലൂടെ മാത്രമേ വിലയിടിവിന് മുൻപിൽ പകച്ച് നിൽക്കാതെ ആത്മവിശ്വാസത്തോടെ, പൂർവ്വാധികം കരുത്തോടെ നമ്മുടെ രാജ്യത്തെ,ലോക കേര വ്യവസായരംഗത്ത് മുൻനിരയിലെത്തിക്കുവാനുള്ള ശ്രമത്തിൽ മുന്നണി പോരാളിയാകുവാൻ നമുക്കാവൂ.

*പ്രോസ്സസിംഗ് എഞ്ചിനീയർ, നാളികേര വികസന ബോർഡ്, കൊച്ചി-11*



# നാളികേര ടെക്നോളജി മിഷൻ - സംരംഭകർക്ക് അവസരങ്ങൾ

നാളികേര ഉൽപന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെയും മൂല്യവർദ്ധന ത്വരിതപ്പെടുത്തുകയും വഴി മത്സരാധിഷ്ഠിതമായ ഇന്നത്തെ ചുറ്റുപാടുമായി പൊരുത്തപ്പെട്ട് പോകുവാൻ കേരമേഖലയെ ശക്തമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2001-02 ൽ നാളികേര ടെക്നോളജി മിഷൻ പദ്ധതിക്ക് അനുമതി ലഭിച്ചത്. ഈ നേട്ടത്തിന് അന്നത്തെ ബോർഡ് ചെയർമാനും കേന്ദ്ര കൃഷി മന്ത്രാലയത്തിലെ ഹോർട്ടികൾച്ചറൽ കമ്മീഷണറുമായിരുന്ന ഡോ.എച്ച്.പി. സിംഗിന്റെ സംഭാവന ഈ അവസരത്തിൽ സ്മരണീയമാണ്. കേരകർഷകർക്ക് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾ തുടങ്ങാൻ അവസരങ്ങൾ ഒരുക്കുകയും അവയ്ക്ക് വിപണി കണ്ടുപിടിക്കുന്നതിന് വേണ്ട സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ നൽകുകയുമാണ് നാളികേര ടെക്നോളജി മിഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കൾ തയ്യാറാക്കി നൽകുന്ന പ്രോജക്ട് അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം യൂണിറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി വരുന്ന ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ വരെ വായ്പാ ബന്ധിത മൂലധന സബ്സിഡിയായി നൽകുന്നു. ഇതിലേക്കായി പദ്ധതിച്ചെലവിന്റെ 40 ശതമാനമെങ്കിലും ദീർഘകാല വായ്പയായി എടുത്തിരിക്കണം. ഈ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനായി സംരംഭകർ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന കേര വ്യവസായ സംരംഭത്തിന്റെ ഒരു പ്രോജക്ട് തയ്യാറാക്കി പൊതുമേഖല ബാങ്കുകളോ സഹകരണ ബാങ്കുകളോ വഴി, ബാങ്കിന്റെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് സഹിതം ബോർഡിൽ സമർപ്പിക്കണം. പദ്ധതി തയ്യാറാക്കാൻ സംരംഭകരെ സഹായിക്കുന്നതിനായി സാങ്കേതിക വിദഗ്ദ്ധരേയും തെരഞ്ഞെടുത്തിട്ടുണ്ട്.

പദ്ധതി അനുമതി ലഭിച്ചുകഴിഞ്ഞ് ദീർഘകാല വായ്പയുടെ 50 ശതമാനം എടുത്ത് കഴിഞ്ഞാൽ മൊത്തം സബ്സിഡി തുകയുടെ 50 ശതമാനം മുൻകൂറായി ഗുണഭോക്താവിന്റെ വായ്പാ അക്കൗണ്ടിലേക്ക് സബ്സിഡി റിസർവ് ഫണ്ട് (കരുതൽ ധനം) ആയി നൽകുന്നു. ബാക്കി സബ്സിഡി തുക യൂണിറ്റ് വിജയകരമായി പൂർത്തിയാക്കി വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങുമ്പോൾ വായ്പാ ബന്ധിത സബ്സിഡിയായി സബ്സിഡി റിസർവ്വ് ഫണ്ടിലേക്ക് നിക്ഷേപിക്കുന്നു. വായ്പാ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുകയ്ക്ക് സംരംഭകൻ പലിശ കൊടുക്കേണ്ടതില്ല. ബാക്കി തുകയ്ക്കുള്ള വായ്പയ്ക്ക് മാത്രം സംരംഭകർ പലിശ കൊടുത്താൽ മതിയാകും.

രോഗ-കീട പരിചരണരംഗത്ത് പുതിയ പുതിയ ഗവേഷണങ്ങൾ നടത്തുന്നതിനോടൊപ്പം സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനും, ഇത്തരം സാങ്കേതിക വിദ്യ സ്വീകരിച്ച് സംരംഭങ്ങൾ തുടങ്ങുന്നതിനും ടെക്നോളജി മിഷൻ താങ്ങും തണലുമായി. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിനിടയിൽ മൂല്യവർദ്ധനവിലൂന്നിയുള്ള വ്യവസായ സംരംഭരംഗത്ത് ഗണ്യമായ നേട്ടങ്ങൾ കൈവരിക്കുവാൻ ടെക്നോളജി മിഷന് സാധിച്ചു. 197 വ്യവസായ യൂണിറ്റുകളാണ് മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണരംഗത്ത് വിവിധ സംസ്ഥാനങ്ങളിലായി ഇതിനകം നിലവിൽ വന്നത്. ഇവയിൽ കരിക്കിൻവെള്ള പായ്ക്കിംഗ് യൂണിറ്റുകളെ കൂടാതെ എടുത്ത് പറയേണ്ട യൂണിറ്റുകൾ കർണ്ണാടകയിലും, തമിഴ്നാട്ടിലും കേരളത്തിലും ആരംഭിച്ച ആക്ടിവേറ്റഡ് കാർബൺ യൂണിറ്റുകൾ, കേരളത്തിൽ തൃശൂരിലെ അത്താണിയിൽ ആരംഭിച്ച 'സൂര്യശോഭ'യെന്ന മിൽക്ക് പൗഡർ യൂണിറ്റ്, ജമ്മു- കാശ്മീരിലും കർണ്ണാടകത്തിലും ആരംഭിച്ച ചിരട്ടപ്പൊടി യൂണിറ്റുകൾ, കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ ആരംഭിച്ച മോസൺസ് എക്സ്ട്രാക്ഷൻസിന്റെ വെർജിൻ വെളിച്ചെണ്ണ യൂണിറ്റ്, എറണാകുളം ജില്ലയിലെ കാലടിയിൽ ആരംഭിച്ച നെസ്കോ ഫുഡ്സ് എന്ന ചിരട്ടക്കപ്പിൽ പായ്ക്ക് ചെയ്യുന്ന തേങ്ങാപ്പാൽ ഐസ്ക്രീം യൂണിറ്റ് എന്നിവയാണ്.

എന്നാൽ ഈ നേട്ടങ്ങളൊന്നും തന്നെ നമ്മൾ തൃപ്തരായി കൈയുംകെട്ടി നോക്കിയിരിക്കുവാൻ മാത്രം പര്യാപ്തമല്ല. സംസ്ക്കരണത്തിന്റേയും മൂല്യവർദ്ധനവിന്റേയും കാര്യത്തിൽ മറ്റ് രാജ്യങ്ങളുടെ വളർച്ചയുമായി തട്ടിച്ച് നോക്കുമ്പോൾ നാം എവിടെയുമെത്തിയിട്ടില്ല; എന്നാൽ വിലയിലെ അസ്ഥിരത ഒഴിവാക്കി കർഷകന് സ്ഥിരവരുമാനവും ഉയർന്ന ലാഭവും ലഭ്യമാക്കുവാനിതുവേണം താനും.

വ്യക്തിഗത സംരംഭങ്ങൾ ഈ രംഗത്ത് വിജയിക്കുന്നത് അപൂർവ്വമാണ്. കേരകർഷകർക്കിടയിലെ അസംഘടിതസ്വഭാവം ഈ രംഗത്തെ വളർച്ചയ്ക്ക് വിഘാതമാകുന്നുവെന്ന് മനസ്സിലാക്കിയാണ് നാളികേര ഉത്പാദകസംഘങ്ങൾക്ക് ഈയടുത്തിടെ രൂപം കൊടുത്തുതുടങ്ങിയത്. 1600ലധികം ഉത്പാദക സംഘങ്ങൾ ഇതിനോടകം രൂപം കൊണ്ടുകഴിഞ്ഞു.

ഇനി ഉത്പാദക സംഘങ്ങളുടേയും അവയിൽ നിന്നും രൂപം കൊള്ളുന്ന ഫെഡറേഷനുകളുടേയും കമ്പനികളുടേയും ഊഴമാണ് സംരംഭകത്വത്തിലേക്ക് കടന്ന് വരികയെന്നുള്ളത്.



# ചൗട്ട ഗാർഡൻസ് - വിത്തുത്പാദന തോട്ടത്തിന് ഒരു മാതൃക

**കെ. എം. വിജയൻ**

കേരളത്തിലെ ആദ്യ സ്വകാര്യ വിത്തുത്പാദന തോട്ടം - ചൗട്ട ഗാർഡൻസ് - കാസർഗോഡ് ജില്ലയുടെ വടക്ക് - കിഴക്ക് അതിർത്തിയിൽ കുന്നുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന "മീയപ്പദവ്" ഗ്രാമത്തിൽ ഉപ്പള പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു. കാസർഗോഡ് ടൗണിൽ നിന്നും 31 കിലോ മീറ്റർ ദൂരെ, കർണ്ണാടക അതിർത്തിയിൽ നിന്നും 15 കിലോ മീറ്റർ അകലെയായി ആണ് ഗാർഡൻ സ്ഥിതി ചെയ്യുന്നത്. ഉപ്പള പുഴയുടെ കരയിൽ, മൂന്ന് വശത്തും കുന്നുകളാൽ ചുറ്റപ്പെട്ട ഗാർഡൻ സങ്കരയിനം തെങ്ങിൻ തൈ ഉത്പാദനത്തിന് ഒരുങ്ങുകയാണ്.

ബോട്ടണിയിൽ ബിരുദവും, സൈറ്റോജനറ്റിക്സിൽ ഡോക്ടറേറ്റുമുള്ള ഡോ. കൃഷ്ണാനന്ദ ചൗട്ടയാണ് ഈ തോട്ടത്തിന്റെ സ്ഥാപകനും ഉടമയും. ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ 6 വർഷം അദ്ധ്യാപകനായിരുന്ന ഡോ. ചൗട്ട തന്റെ ഇഷ്ടവിഷയമായ കൃഷിയിൽ പൂർണ്ണമായും മുഴുകിയിരിക്കുന്നു. ഡോ. ചൗട്ടയുമായി നടത്തിയ അഭിമുഖത്തിന്റെ വിശദാംശങ്ങൾ:

***താങ്കൾ വിത്തുത്പാദന തോട്ടം ആരംഭിച്ചത് 2003-04 കാലയളവിൽ ആയിരുന്നല്ലോ. അക്കാലത്ത് വിത്തുത്പാദന തോട്ടം എന്ന ആശയം തികച്ചും നൂതനമായിരുന്നു. ഈ ആശയത്തിന്റെ പിന്നിലെ പ്രചോദനം എന്തായിരുന്നു?***

50 ഏക്കർ ഉള്ള ഒരു തോട്ടം ആണ് ഞങ്ങളുടെ കുടുംബത്തിന് മീയപ്പദവിൽ ഉള്ളത്. അതിൽ പ്രധാനകൃഷി അടയ്ക്കയാണ്. കൂട്ടത്തിൽ തെങ്ങും കൊക്കോയും വാഴയും മറ്റും കൃഷി ചെയ്തിരുന്നു. 2003ൽ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (സിപിസിആർഐ)മുൻ ഡയറക്ടർ ഡോ. കെ.യു.കെ. നമ്പൂതിരിയും നാളികേര വികസന ബോർഡ് മുൻ മുഖ്യനാളികേര വികസന ഓഫീസർ ശ്രീ. എം. തോമസ് മാത്യുവും ഗാർഡൻ സന്ദർശിക്കുകയുണ്ടായി. തോട്ടം സന്ദർശനത്തിനുശേഷം ഡോ. നമ്പൂതിരിയാണ് കൃഷി ചെയ്യാതെ കിടന്നിരുന്ന ഭൂമിയിൽ ഒരു നാളികേര വിത്തുത്പാദന തോട്ടം സ്ഥാപിക്കുവാൻ നിർദ്ദേശിച്ചത്. ശ്രീ. തോമസ് മാത്യു അതിനെ പിന്താങ്ങുകയും ബോർഡിൽ നിന്ന് അർഹതയുള്ള സബ്സിഡി അനുവദിക്കാമെന്ന് ഉറപ്പും നൽകി. ഭാവിയിൽ മുതൽക്കൂട്ടായേക്കാവുന്ന ഈ പദ്ധതിയെക്കുറിച്ച് അന്നുതന്നെ എന്റെ സഹോദരങ്ങളോട് സംസാരിക്കുകയും, 10 ഏക്കർ സ്ഥലം തോട്ടത്തിനായി വിനിയോഗിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

***ഏതെല്ലാം ഇനത്തിൽപെട്ട തെങ്ങുകളാണ് നടീൽ സാമഗ്രികളുടെ ഉത്പാദനത്തിനായി നട്ടുവളർത്തിയിരിക്കുന്നത്? അവ ശേഖരിച്ചത് എവിടെ നിന്നെല്ലാമാണ്?***

10 ഏക്കർ സ്ഥലത്ത് ആകെ 715 തെങ്ങുകളാണ് നട്ടുവളർത്തിയിരിക്കുന്നത്. 100 ഗംഗാബോണ്ടം, 50 മലയൻ കുറിയ മഞ്ഞ, 150 പ്രതാപ്, 150 ചാവക്കാട് കുറിയ ഓറഞ്ച്, 250 പശ്ചിമതീര നെടിയ ഇനം, 15 ചാവക്കാട് കുറിയ പച്ച എന്നീ ഇനങ്ങളാണ് ഇവിടെയുള്ളത്. നടീൽ വസ്തുക്കൾ ബാംഗ്ലൂരിലെ വിജയകുമാർ ഗാർഡൻ, നാളികേര വികസന ബോർഡിന്റെ മാണ്ഡ്യ, ഡിഎസ്പി ഫാം,ഗോവ,



*ഡോ. കൃഷ്ണാനന്ദ ചൗട്ടയുടെ തോട്ടത്തിലെ കേരസമൃദ്ധി*

കാസർഗോഡ് സിപിസിആർഐ എന്നിവിടങ്ങളിൽ നിന്നാണ് നടീൽ വസ്തുക്കൾ ശേഖരിച്ചത്.

***നടീൽ സാമഗ്രികളുടെ ഉത്പാദനത്തിനായി തെങ്ങ് വെച്ച് പിടിപ്പിക്കുമ്പോൾ പരിപാലന രീതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്?***

തികച്ചും ശാസ്ത്രീയമായ രീതികൾ തന്നെ അവലംബിക്കണം. ശരിയായ അകലം നൽകി വേണം തൈകൾ നൽകേണ്ടത്. ഇതിനായി ഒരു ഘനമീറ്റർ വലുപ്പമുള്ള കുഴികളെടുത്ത് അതിൽ മേൽമണ്ണും, ചാണകപ്പൊടിയും സമാസമം ചേർത്ത് മൂന്നിൽ രണ്ട് ഭാഗം മൂടിയതിനുശേഷം വേണം തൈകൾ നടേണ്ടത്. തോട്ടത്തിൽ കൃത്യമായി ജലസേചനം നൽകുവാനുള്ള ജലസ്രോതസ്സ് ഉണ്ടായിരിക്കണം. സൂര്യപ്രകാശം പരമാവധി ലഭിക്കുന്ന സ്ഥലം വേണം തെരഞ്ഞെടുക്കേണ്ടത്. ശുപാർശ അനുസരിച്ചുള്ള ജൈവ – രാസവളങ്ങളും വിള പരിപാലനമുറകളും അവലംബിക്കണം.

***തെങ്ങുകളിൽ രോഗ–കീട ബാധ ഉണ്ടാകാറുണ്ടോ? എന്തെല്ലാം പ്രതിരോധ നടപടികളാണ് കൈക്കൊള്ളുന്നത്? രോഗ, കീട ബാധയുള്ള തെങ്ങുകളുടെ പരിചരണരീതികൾ എന്തെല്ലാമാണ്? അവയിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിക്കാറുണ്ടോ?***

പ്രധാന കീടങ്ങൾ കൊമ്പൻ ചെല്ലിയും മണ്ഡരിയും ആണ്. കൊമ്പൻ ചെല്ലിയുടെ ആക്രമണം ഉണ്ടാകാതിരിക്കുവാനായി പാറ്റാ ഗുളിക (നാഫ്തലിൻ) ചെറിയ സുഷിരങ്ങളിട്ട പ്ലാസ്റ്റിക് കവറിലിട്ട് തെങ്ങിന്റെ മണ്ടയിൽ കൂമ്പിന്റെ തൊട്ടുതാഴെയുള്ള മൂന്ന്ഓലക്കവിളുകളിൽ വർഷത്തിൽ മൂന്ന് പ്രാവശ്യം നിക്ഷേപിക്കുന്നു. ഈ കീടത്തിന്റെ പ്രജനനം തടയുന്നതിന് ഗാർഡൻ ശുചിയായി സൂക്ഷിക്കുകയും ചെയ്യുന്നു. മണ്ഡരിക്കെതിരെ വർഷത്തിൽ രണ്ട് തവണ ഒരു ശതമാനം വീര്യമുള്ള അസാഡിറാക്ടിൻ തളിച്ചുകൊടുക്കുന്നു. തോട്ടത്തിൽ ചെമ്പൻ ചെല്ലി പോലുള്ള മറ്റ് കീടങ്ങളുടെ ആക്രമണം കാര്യമായി കാണുന്നില്ല.

പ്രധാനമായി കണ്ടുവരുന്ന രോഗം കൂമ്പ്ചീയൽ ആണ്. ഇതിനെതിരെ ബോർഡോമിശ്രിതവും ബോർഡോ കുഴമ്പും ഉപയോഗിക്കുന്നു. മറ്റു രോഗങ്ങളൊന്നും കാണാറില്ല

രോഗകീട ബാധയുള്ള തെങ്ങുകളിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിക്കാറില്ല.

***വിത്തുതേങ്ങ ശേഖരിക്കുന്ന രീതി വിശദീകരിക്കാമോ?***

രോഗ കീടബാധയില്ലാത്തതും ആരോഗ്യമുള്ളതുമായ മാതൃവൃക്ഷങ്ങളിൽ നിന്നുമാണ് വിത്തുതേങ്ങ സംഭരിക്കുന്നത്. ജനുവരി – ഏപ്രിൽ മാസങ്ങളിലാണ് സംഭരണം നടത്താറുള്ളത്. ഉയരം കുറഞ്ഞ തെങ്ങിൽ നിന്നും നേരിട്ടും ഉയരം കൂടിയവയിൽ നിന്നും കയറുപയോഗിച്ച് കെട്ടിയിറക്കിയുമാണ് വിത്തുതേങ്ങ സംഭരിക്കുന്നത്.

***വിത്തുതേങ്ങയിൽ നിന്നും തൈകൾ ഉത്പാദിപ്പിക്കുന്നത് എപ്രകാരം ആണ്? ആരോഗ്യമുള്ള തൈകളുടെ ഉത്പാദനം എത്ര ശതമാനം വരും?***

തണലിൽ സൂക്ഷിച്ചിരിക്കുന്ന വിത്തുതേങ്ങ മഴയുടെ ആരംഭത്തോടെ (ജൂൺ – ജൂലൈ) നഴ്സറിയിൽ പാകുന്നു. പുഴമണലും ജൈവാംശമുള്ള മണ്ണും ചേർത്ത് ഒന്നര മീറ്റർ വീതിയിലും ഒരടി ഉയരത്തിലും ആവശ്യത്തിന് നീളമുള്ള നഴ്സറി തവാരണകളുണ്ടാക്കി അവയിൽ കുത്തനെയാണ് വിത്തുതേങ്ങ പാകുന്നത്. നന്നായി വെള്ളം ഉള്ളവ മാത്രമേ പാകുവാൻ ഉപയോഗിക്കുകയുള്ളൂ. ഓരോ ഇനത്തിൽപെട്ട വിത്തുതേങ്ങ പ്രത്യേകം പ്രത്യേകം തവാരണകളിലാണ് പാകുന്നത്. സാധാരണയായി 60 – 70 ശതമാനത്തിൽ കുറയാതെ മുളയ്ക്കുകയും അവയിൽ നിന്നും 90 ശതമാനം ഗുണമേന്മയുള്ള തൈകൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. വേഗം കിളിർത്തതും, നല്ല കണ്ണാടിക്കനമുള്ളതും, കൂടുതൽ ഓലകളുള്ളതുമായ തൈകളാണ് തെരഞ്ഞെടുക്കുന്നത്.

***ഏതുപ്രായത്തിലുള്ള തൈകളാണ് വിപണനം ചെയ്യുന്നത്? നഴ്സറി പരിപാലനം എപ്രകാരമാണ്?***

8–9 മാസം മുതൽ 12 മാസം വരെ പ്രായമുള്ള തൈകളാണ് വിപണനം നടത്തുന്നത്. 6 മാസം പ്രായമുള്ള തൈകൾക്കും ആവശ്യക്കാർ വരാറുണ്ട്.

നഴ്സറിയിൽ യഥാസമയം കളനിയന്ത്രണം നടത്തുന്നു. ജലസേചനത്തിന് സ്പ്രിംഗ്ളർ ജലസേചന രീതിയാണ് അവലംബിക്കുന്നത്. ഉപ്പള പുഴയിൽ നിന്നും തോട്ടത്തിൽ സ്ഥിതിചെയ്യുന്ന വലിയ രണ്ട് കുളങ്ങളിൽ സംഭരിക്കുന്ന വെള്ളം ഇതിനായി ഉപയോഗിക്കുന്നു. രോഗ–കീട ആക്രമണത്തിനെതിരെ കൃത്യമായ നിയന്ത്രണ രീതികൾ അവലംബിക്കുന്നുണ്ട്. ചിതലിന്റെ ആക്രമണത്തിനെതിരെ വേപ്പിൻ പിണ്ണാക്കും, കുമിൾ രോഗങ്ങൾക്കെതിരെ ബോർഡോ മിശ്രിതവുമാണ് ഉപയോഗിക്കുന്നത്. നല്ല ചൂട് കാലത്ത് തണൽ നൽകാറും ഉണ്ട്.

***വർഗ്ഗസങ്കരണം നടത്തുന്നുണ്ടോ ?***

ഇതുവരെ വർഗ്ഗസങ്കരണം നടത്തിയി

ട്ടില്ല. ഭാവിയിൽ തീർച്ചയായും ലക്ഷ്യം വർഗ്ഗസങ്കരണം തന്നെയാണ്. കുറിയയിനം വിത്തുതേങ്ങയുടെ നഴ്സറിയിൽ നിന്നും 10-30 ശതമാനം പ്രകൃതിദത്ത സങ്കരയിനം തൈകൾ ലഭിക്കാറുണ്ട്.

***വിത്തുതോട്ടം സ്ഥാപിക്കുവാൻ മീയപ്പദവ് തന്നെ തെരഞ്ഞെടുക്കുവാൻ കാരണമെന്താണ് ?***

വിത്തുത്തോട്ടം തുടങ്ങുവാൻ തികച്ചും അനുയോജ്യമായ സ്ഥലമാണെന്നാണ് ഡോ. നമ്പൂതിരിയും ശ്രീ. എം. തോമസ് മാത്യുവും അഭിപ്രായപ്പെട്ടത് കൂടാതെ ആവശ്യത്തിന് വെള്ളവും, വളക്കൂറുള്ള മണ്ണും മറ്റ് സാഹചര്യങ്ങളും കൂടി ഒത്തിണങ്ങിയതിനാലും ആണ് ഈ സ്ഥലം തെരഞ്ഞെടുത്തത്.

വിത്തുത്പാദന തോട്ടത്തിൽ ആദ്യത്തെ തെങ്ങിൻ തൈ നട്ട് ഉദ്ഘാടനം നിർവ്വഹിച്ചത് നാളികേര വികസന ബോർഡ് മുൻ ചെയർമാൻ ശ്രീമതി. മിനി മാത്യു ഐഎഎസ് ആണ്.

***വിത്തുതേങ്ങയും കരിക്കും മറ്റും ശേഖരിക്കുന്നതിന് തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം ഉണ്ടോ?***

എന്റെ തോട്ടത്തിൽ പരമ്പരാഗത രീതിയിൽ തെങ്ങുകയറുന്ന രണ്ട് തൊഴിലാളികൾ ഉണ്ട്. അതുകൊണ്ട് ഇതുവരേയും തേങ്ങയിടുന്നതിനും വിത്തുതേങ്ങ സംഭരിക്കുന്നതിനും തൊഴിലാളികളുടെ ദൗർലഭ്യം ഉണ്ടായിട്ടില്ല.

കരിക്കിന് നല്ല ഡിമാന്റ് ആണുള്ളത്. കുറിയ ഇനത്തിന് 15 രൂപവരേയും നെടിയ ഇനത്തിന് 10-12 രൂപവരേയും ലഭിക്കുന്നു. ആവശ്യക്കാർതന്നെ കരിക്ക് സംഭരിക്കുന്നതിനാൽ, അതിനായി പ്രത്യേകം തൊഴിലാളികളുടെ ആവശ്യം ഉണ്ടാകാറില്ല.

***വിത്തുതേങ്ങയുടേയും, തൈകളുടേയും പ്രതിവർഷ ഉത്പാദനം എത്രയാണ്?***

എന്റെ തോട്ടത്തിൽ നിന്നും കുറഞ്ഞത് 5000 വിത്തുതേങ്ങ ഉത്പാദിപ്പിക്കാമെങ്കിലും അതിന് ഡിമാന്റ് കുറവായതിനാൽ അത്രയും ഉത്പാദിപ്പിക്കാറില്ല. എന്നാൽ തൈകൾക്ക് ഡിമാന്റ് ഉള്ളതിനാൽ തൈകൾ വളർത്തിയാണ് വിപണനം നടത്തുന്നത്. വർഷതോറും 1000ൽ കുറയാതെ വിവിധയിനങ്ങളിൽപ്പെട്ട തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്.



*ജലസേചനത്തിനായുള്ള ജലസംഭരണി*

***വിത്തുത്പാദനതോട്ടത്തിന്റെ നിർമ്മാണത്തിന് എത്ര രൂപ ചെലവായി? ബോർഡിൽ നിന്ന് സാമ്പത്തിക സഹായം കിട്ടിയിരുന്നോ? തോട്ടത്തിൽ നിന്ന് എന്ത് വരുമാനം ലഭിക്കുന്നുണ്ട്?***

പ്രാരംഭച്ചെലവായി തോട്ടത്തിന്റെ നിർമ്മാണത്തിന് 30 ലക്ഷം രൂപ ചെലവായി ഭൂമി ഒരുക്കൽ, വേലിയുടെ നിർമ്മാണം, കുഴിയെടുത്ത് നടീൽ നടത്തുക, ജലസേചന സൗകര്യം ഒരുക്കുക, നടീൽ വസ്തുക്കളുടെ വില എന്നിവ ഉൾപ്പെടെയാണ് ഇത്രയും ചെലവുണ്ടായത്. ബോർഡിൽ നിന്നും 3 വർഷങ്ങളിലായി 6 ലക്ഷം രൂപ സബ്സിഡി ലഭിച്ചു.

കഴിഞ്ഞ വർഷം വിത്തുത്പാദന തോട്ടത്തിൽ നിന്നും 2 ലക്ഷം രൂപ ആദായം ലഭിക്കുകയുണ്ടായി.

***നാളികേര വികസന ബോർഡ് നടപ്പിലാക്കിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയെക്കുറിച്ച് എന്താണ് അഭിപ്രായം?***

തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തെക്കുറിച്ച് ആർക്കാണ് അറിയാത്തത്. എനിക്ക് തൊഴിലാളികൾ ഉള്ളതിനാൽ ചങ്ങാതിമാരുടെ സേവനം ആവശ്യമായി വന്നിട്ടില്ല ഇതുവരെ. എന്റെ തൊഴിലാളികളെ ചങ്ങാതിക്കൂട്ടം പരിശീലനത്തിന് അയയ്ക്കുവാൻ താൽപര്യമുണ്ട്. തെങ്ങ് കയറ്റപരിശീലനത്തിനൊപ്പം, ശാസ്ത്രീയ തെങ്ങുകൃഷിരീതികളും, തെങ്ങിന്റെ സങ്കരണത്തിലും, രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങളിലും മറ്റും അറിവുണ്ടായാൽ അത് എന്റെ തോട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടായിരിക്കും.

***ഭാവി പരിപാടികൾ എന്തെല്ലാമാണ്? തോട്ടം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?***

സ്ഥലപരിമിതികാരണം തോട്ടം വിപുലീകരിക്കുവാൻ തൽക്കാലം ഉദ്ദേശ്യമില്ല. ഭാവിയിൽ തെങ്ങിൽ സങ്കരണം നടത്തി സങ്കരയിനം തൈകൾ ഉത്പാദിപ്പിക്കുവാനുള്ള തയ്യാറെടുപ്പിലാണ്.

***വിത്തുത്പാദന തോട്ടങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് സ്വന്തം അനുഭവത്തിൽ നിന്നും ഉപദേശം/ നിർദ്ദേശം എന്തെങ്കിലും നൽകുവാനുണ്ടോ?***

തീർച്ചയായും, സങ്കരയിനം തെങ്ങിൻ തൈകൾക്ക് നല്ല ഡിമാന്റ് ഉള്ളതിനാൽ അവയുടെ ഉത്പാദനത്തിലേക്ക് താൽപര്യവും സൗകര്യവും ഉള്ളവർ കടന്നുവരണമെന്നാണ് എന്റെ അഭിപ്രായം. കർണ്ണാടകയിലെ ദാവൺഗരെ കൃഷി വിജ്ഞാന കേന്ദ്രം സന്ദർശിക്കാറുണ്ട്. അവിടെ ഒരു വിത്തുത്പാദന തോട്ടം ആരംഭിക്കുന്നതിന് ആവശ്യമായ ഉപദേശം നൽകികഴിഞ്ഞു. ഈ രംഗത്തേക്ക് വരുവാൻ ഉദ്ദേശിക്കുന്നവർക്ക് ആവശ്യമായ മാർഗനിർദേശം നൽകുവാൻ സദാ തയ്യാറാണ്.

***മേൽവിലാസം:*** ഡോ കൃഷ്ണാനന്ദചൗട്ട, ചൗട്ടാരതോട്ട, മീയപ്പദവ് പി.ഒ, മീഞ്ച ഗ്രാമം, കാസർഗോഡ്.

മൊബൈൽ: 9447193984.

*ഫീൽഡ് ഓഫീസർ,*
*നാളികേര വികസന ബോർഡ്, കൊച്ചി -11*

# ഔഷധസസ്യകൃഷി - കേരകർഷകർക്ക് ഒരു കൈത്താങ്ങ്; ആയുർവേദത്തിന് അനുഗ്രഹം



കേരളത്തിലെ കാർഷികമേഖല പലവിധ സമ്മർദ്ദങ്ങളും നേരിടുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഉൽപന്നങ്ങളുടെ വിലക്കുറവും, ഉത്പാദനക്കുറവും കാലാവസ്ഥാവ്യതിയാനവും എല്ലാം ഇന്ന് കർഷകരെ സമ്മർദ്ദത്തിലാക്കിക്കൊണ്ടിരിക്കുകയുമാണ്. എല്ലാ മേഖലയിലും വിലക്കയറ്റം താണ്ഡവമാടുമ്പോൾ കാർഷികവിളകൾക്ക് കർഷകന് ലഭിക്കുന്ന വില താഴേയ്ക്കു പോകുന്നത് ആശങ്കയുണ്ടാക്കുന്നു. ഇതിന് പലവിധ കാരണങ്ങൾ ഉണ്ടെങ്കിലും തനിവിള സമ്പ്രദായത്തിലുള്ള കൃഷി ഈ സാഹചര്യത്തിന് കൂടുതൽ ഇടയാക്കുന്നുണ്ട് എന്നത് സമ്മതിക്കേണ്ടിയിരിക്കുന്നു.

കേരളത്തിൽ തെങ്ങ്, റബ്ബർ, കാപ്പി, തേയില, ഏലം, കശുവണ്ടി എന്നീ വിളകൾ തനിവിളസമ്പ്രദായത്തിൽ കൃഷി ചെയ്തു വരുന്നതായാണ് കണ്ടുവരുന്നത്. നാളികേരം ഒഴികെ മറ്റു വിളകൾക്ക് വില കൂടിയും കുറഞ്ഞും നീങ്ങുന്നുണ്ടെങ്കിലും നാളികേരത്തിന്റെ വിലയിടിവ് വളരെ നാളായി തുടർന്നുകൊണ്ടിരിക്കുന്നു. നാളികേരം വില്ക്കുവാൻപോലും കഴിയാതെ കർഷകർ ബുദ്ധിമുട്ടുന്ന ഈ സമയത്ത് ഉൽപന്നവൈവിദ്ധ്യവൽക്കരണത്തിലും കർഷകകൂട്ടായ്മകളിലും കൂടി കർഷകരെ സംഘടിപ്പിക്കുന്നതിൽ നാളികേര ബോർഡ് മുമ്പന്തിയിൽ ഉണ്ട് എന്നത് സ്വാഗതാർഹമാണ്. നാളികേര കർഷകർ തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായി മറ്റു പലവിധ വിളകളും പരീക്ഷിക്കുന്നുണ്ടെങ്കിലും ഒരു സംഘടിത ഇടവിളകൃഷി പരീക്ഷിക്കേണ്ട സാഹചര്യം ഇന്ന് ഉടലെടുത്തിട്ടുണ്ട്. ഇവിടെയാണ് തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായി ഔഷധസസ്യകൃഷിയുടെ പ്രസക്തി.

ലോകത്താകമാനം ആയുർവേദമരുന്നുകളും ആയുർവേദചികിത്സയും പ്രചരിച്ചുകൊണ്ടിരിക്കുമ്പോൾ, ആയുർവേദമരുന്നുകളുടെ നിർമ്മാണത്തിൽ ഏറ്റവും അത്യാവശ്യമായ ഔഷധസസ്യങ്ങളുടെ ലഭ്യതക്കുറവ് ഔഷധനിർമ്മാതാക്കൾക്ക് തലവേദന ആകുകയാണ്. ഈ അവസരം കർഷകർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. കേരളത്തിൽ ഇന്ന് ആയുർവേദമരുന്നു നിർമ്മാണസ്ഥാപനങ്ങളും ചികിത്സാലയങ്ങളും ധാരാളമായി വളർന്നുവരുന്നു എന്നതിനാൽ നാളികേരകർഷകരും ഔഷധനിർമ്മാതാക്കളും നാളികേരബോർഡും ചേർന്ന് തെങ്ങിൻതോപ്പിൽ ഇടവിളയായി കൃഷി ചെയ്യാവുന്ന ഔഷധസസ്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുകയാണെങ്കിൽ കർഷകർക്കും നിർമ്മാതാക്കൾക്കും ഒരുപോലെ ഗുണപ്രദമാകും എന്നത് പ്രസ്താവ്യമാണ്.

കേരളത്തിന്റെ പല ഭാഗങ്ങളിലും ഔഷധസസ്യകൃഷി പരിമിതമായ തോതിൽ നടക്കുന്നുണ്ടെങ്കിലും സംഘടിതരൂപം കൈവരിച്ചിട്ടില്ല. കർഷകകൂട്ടായ്മയിലൂടെ കൃഷി വ്യാപനവും വിപണനവും ഒരുമിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഇന്ന് സാഹചര്യം അനുകൂലമാണ്. അതിനാൽ തെങ്ങിൻതോപ്പിൽ ഇടവിളയായി കൃഷി ചെയ്യാവുന്ന ചില ഔഷധസസ്യങ്ങളെ പരിചയപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ആയുർവേദ മരുന്നുനിർമ്മാണത്തിന് വളരെ കൂടുതലായി ഉപയോഗിക്കുന്ന പല ഔഷധസസ്യങ്ങളും തെങ്ങിൻതോപ്പിൽ കൃഷി ചെയ്യാമെങ്കിലും കേരളത്തിൽ വിപണനസാധ്യത കൂടുതൽ ഉള്ളവ തെരഞ്ഞെടുക്കുന്നതാണ് നല്ലത്.

ഔഷധസസ്യങ്ങൾ വൃക്ഷവിളകൾ, കുറ്റിച്ചെടികൾ, വള്ളികളായി പടർന്നു കയറുന്നവ, ഏകവർഷികൾ എന്നിങ്ങനെ വിവിധ തരത്തിലുണ്ട്. അവയിൽ ചിലതിനെ പരിചയപ്പെടാം.

**1. കയ്പൻ പടവലം/ കാട്ടുപടവലം (*Trichosanthus cucumerina*)**

സാധാരണ പടവലത്തിന്റെയും പാവലിന്റെയും കുടുംബത്തിൽപ്പെടുന്ന പടർന്നുകയറുന്ന ഒരു വള്ളിച്ചെടിയാണിത്. ഇതിന്റെ എല്ലാ ഭാഗങ്ങൾക്കും അതീവ കയ്പ് അനുഭവപ്പെടുന്നതാണ്. ഇതിന്റെ കായ് വളരെ ചെറുതാണെങ്കിലും കായുടെ പുറംഭാഗത്തിന് സാധാരണ പടവലത്തിന്റെ പ്രകൃതമാണുള്ളത്. ചെറിയ തോതിൽ രോമങ്ങളും കാണപ്പെടുന്നു. സാധാരണ പടവലത്തിന്റെ കൃഷിരീതിതന്നെയാണ് ഇതിനും വേണ്ടത്. നല്ല അകലത്തിൽ നട്ടുവളർത്തിയിരിക്കുന്ന തെങ്ങിൻതോപ്പിൽ രണ്ടുവരി തേങ്ങുകളുടെ ഇടയിൽ ഇതിനെ വളർത്തിയെടുക്കാം. തെങ്ങിനെ കാലാക്കിക്കൊണ്ട് പന്തൽ ഇട്ടാണ് പടർത്തേണ്ടത്. 5 മുതൽ 6 അടി വരെ അകലത്തിൽ എടുത്ത കുഴികളിൽ 5-6 വിത്തുകൾ വീതമിട്ട് മെയ്മാസത്തിലോ ഒക്ടോബറിലോ കൃഷിയിറക്കാം. ഒക്ടോബറിലെ കൃഷിക്ക് നനകൊടുക്കേണ്ടതിനാൽ ജലലഭ്യത ഉറപ്പാക്കണം. ചെടി വളർന്നു പന്തലിൽ കയറിയാൽ ജൈവവളമിട്ട് അരികുകയറ്റി മണ്ണിട്ടുകൊടുത്താൽ വളർച്ച വേഗത്തിൽ ആക്കാൻ സാധിക്കും. നട്ട് 60-70 ദിവസത്തിനുള്ളിൽ പൂവും കായും ഉണ്ടായിത്തുടങ്ങും. ആദ്യം മൂപ്പെത്തുന്ന കായ്കളിൽനിന്ന് വിത്തുകൾ ശേഖരിച്ചതിനുശേഷം വള്ളിയൊന്നാകെ പറിച്ച്



കയ്പൻ പടവലം

ഉണക്കി, കെട്ടുകളാക്കി വിപണനം നടത്താവുന്നതാണ്. നട്ട് അഞ്ചുമുതൽ ആറുമാസം കഴിയുമ്പോൾ ആണ് വള്ളികൾ നന്നായി മൂത്തുവരുന്നത്. മെയ് മാസം നടുന്നത് സെപ്തംബർ അവസാനവും ഒക്ടോബറിൽ നടുന്നത് ഫെബ്രുവരി-മാർച്ചിലും വിളവ് എടുക്കാവുന്നതാണ്. ഒരു ഏക്കറിൽനിന്ന് 250 മുതൽ 300 കി. ഗ്രാം ഉണങ്ങിയ വള്ളി ലഭിക്കും. ഒരു കിലോ വിളവിന് 110 മുതൽ 120 രൂപ വരെ വില ഇപ്പോൾ ലഭിക്കുന്നുണ്ട്. നന്നായി ശ്രദ്ധിച്ചാൽ ഒരു വർഷം രണ്ടുതവണയായി വിളവ് എടുക്കാവുന്നതാണ്.

**2. ഓരില (*Desmodium gangeticum* )**

ദശമൂലത്തിലെ ചേരുവയായ ഒരു ചെറു ചെടിയാണ് ഇത്. പയറുവർഗവിളയായതിനാൽ തെങ്ങിൻതോപ്പിൽ നടുന്നത് നൈട്രജന്റെ വർദ്ധനവിനെ സഹായിക്കുകയും ചെയ്യും. ഏകദേശം ഒരു മീറ്റർവരെ ഉയര



ഓരില

ത്തിൽ വളരുന്നതായി കണ്ടുവരുന്നു. ഓരില എല്ലാത്തരം മണ്ണിലും വളരുമെങ്കിലും നീരൊഴുക്കു കൂടിയ മണ്ണിൽ വളർച്ച കുറയുന്നതായിട്ടാണ് കാണുന്നത്. നന്നായി ജൈവവളം ചേർത്ത് ഉഴുതു പാകപ്പെടുത്തിയ മണ്ണിൽ മെയ് പകുതിയോടുകൂടി വിത്ത് നാലിരട്ടി ഉണങ്ങിയ മണൽ ചേർത്ത് വിതച്ചുകൊടുക്കുന്നതാണ് കൃഷിരീതി. ഏകദേശം ഒക്ടോബർ മാസത്തോടുകൂടി വിത്ത് ശേഖരിച്ചതിനുശേഷം ചെടി പറിച്ച് ഉണക്കി വിപണനം നടത്താവുന്നതാണ്. രണ്ടാംവർഷം നിർത്തിയാലും ചെടി ഉണങ്ങിപ്പോവില്ല എന്നതും ശ്രദ്ധേയമാണ്. ഒരു ഏക്കറിൽനിന്ന് 500 കിലോ ഗ്രാം മുതൽ 700 കിലോ ഗ്രാം വരെ ഉണങ്ങിയ ചെടി ലഭിക്കുന്നതായി കണ്ടുവരുന്നു. കിലോഗ്രാമിന് 50 മുതൽ 55 രൂപ വരെ വില ലഭിക്കുന്നുണ്ട്.

**3. മൂവില (*Pseudarthria viscida* )**

ദശമൂലത്തിൽപ്പെടുന്ന പടർന്നുവളരുന്ന ചെറു ചെടിയാണ് ഇത്. കൃഷിരീതി, പരിചരണം, വിളസംഭരണം എന്നിവ




മൂവില

യെല്ലാം ഓരിലയുടെ രീതിയിൽ ചെയ്യാവുന്നതാണ്. ഒന്നുമുതൽ രണ്ടുവർഷം നിർത്തിയതിനുശേഷം പറിച്ചെടുക്കുന്നത് വിളവ് കൂടുതൽ ലഭിക്കാൻ സഹായിക്കും. ഒരു ഏക്കറിൽനിന്ന് 600 മുതൽ 750 കിലോഗ്രാം വരെ വിളവ് ലഭിക്കാറുണ്ട്. കിലോഗ്രാമിന് 55 രൂപമുതൽ 60 രൂപവരെ ലഭിക്കുന്നതാണ്.

**4. കച്ചോലം (*Kaempferia galanga)***

ഇഞ്ചിയുടേയും മഞ്ഞളിന്റേയും കുടുംബത്തിൽപ്പെടുന്ന ഈ സസ്യത്തിന്റെ പ്രകന്ദങ്ങളാണ് ഔഷധയോഗ്യമായ ഭാഗം. ഒരു കാലത്ത് കേരളത്തിന്റെ പല ഭാഗങ്ങളിലും ധാരാളമായി കൃഷി ചെയ്തിരുന്ന ഒരു ഇനമായിരുന്നു ഇത്. ഇന്ന് മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഇഞ്ചി കൃഷി ചെയ്യുന്നതുപോലെ കൃഷി ചെയ്യാവുന്നതാണ്. ജൈവവളം ചേർത്ത് നന്നായി കിളച്ചൊരുക്കി ചെറിയ വാരങ്ങൾ എടുത്ത് കിഴങ്ങുകൾ നട്ടുകൊടുക്കാം. നട്ടതിനുശേഷം പുതയിട്ടുകൊടുക്കണം. കിഴങ്ങുകൾ കിളിർത്തു വന്നതിനുശേഷം വീണ്ടും വളം ചേർത്ത്



കച്ചോലം

മണ്ണ് കയറ്റിക്കൊടുക്കുന്നതാണ് കൃഷിരീതി. 8 മുതൽ 10 മാസത്തിനുശേഷം ഇലകൾ പഴുത്ത് കരിഞ്ഞുതുടങ്ങുമ്പോൾ കിഴങ്ങുകൾ കിളച്ച് ശേഖരിക്കാം. കിഴങ്ങുകൾ അരിഞ്ഞ് ആദ്യം തണലിലും പിന്നീട് വെയിലിലും ഉണക്കി വിപണനം നടത്താം. ഒരു ഏക്കറിൽനിന്ന് 1 മുതൽ 2 ടൺ വരെ



നീലയമരി



രാമച്ചം



ഇരുവേലി

ഉണക്ക കച്ചോലം ലഭിക്കും. കിലോഗ്രാമിന് 100 രൂപ മുതൽ 110 രൂപവരെ വില ലഭിക്കുന്നതാണ്.

### 5. **നീലയമരി** (*Intigofera tinctoria* )

പയറുവർഗ്ഗത്തിൽപ്പെടുന്ന ഒരു ചെറുചെടിയാണ് നീലയമരി. പ്രകൃതിദത്തമായ നീലം ലഭിക്കുന്നതിനാൽ 'നീലി' എന്നും അറിയപ്പെടുന്നു. പ്രസിദ്ധമായ നീലിഭൃംഗാദി കേശതൈലത്തിലെ ചേരുവയാണ്. ധാരാളം ശാഖകളോടുകൂടി ഏകദേശം ഒരു മീറ്റർവരെ ഉയരത്തിൽ വളരും. ഇതിന് നീല കലർന്ന പച്ച ഇലയാണുള്ളത്.

വിത്ത് വഴിയാണ് ഇതിന്റെ പ്രജനനം നടത്തുന്നത്. നന്നായി കിളച്ച് ജൈവവളം ചേർത്തുകൊടുത്ത മണ്ണിൽ വിത്ത് നേരിട്ട് വിതച്ചുകൊടുത്തോ നഴ്സറികളിൽ വിത്ത് പാകി കിളിർപ്പിച്ച് തൈകൾ പറിച്ചു നട്ടോ കൃഷി ആരംഭിക്കാവുന്നതാണ്. മഴ കുറവുണ്ടെങ്കിൽ നനച്ചുകൊടുക്കണം. ഇടയകലം കുറഞ്ഞ് തണൽകൂടിയ തെങ്ങിൻതോപ്പിൽ ഇതിന്റെ കൃഷി വിജയകരമല്ല. തൈകൾ പറിച്ചുനടുമ്പോൾ ആണ് കൂടുതൽ വിളവ് ലഭിക്കുന്നത്. വിത്തുകൾ വളരെ ചെറുതായതിനാൽ നാലിരട്ടി മണൽ ചേർത്തുവേണം വിതയ്ക്കേണ്ടത്. തൈകൾ പറിച്ച് നടുമ്പോൾ വരമ്പുകൾ എടുത്ത് അതിൽ 60 സെ.മി. അകലത്തിൽ നടുന്നതാണ് നല്ലത്. നട്ട് ചെടി വളർന്നുവരുന്നതിനനുസരിച്ച് മാസത്തിൽ ഒരിക്കൽ ചാണകപ്പൊടി, എല്ലുപൊടി, കമ്പോസ്റ്റ് മുതലായ വളങ്ങൾ ചേർത്തു മണ്ണു കയറ്റുന്നത് ചെടികൾ ശക്തിയായി തഴച്ചുവളരുവാൻ സഹിയ്ക്കും. സെപ്തംബർ-ഒക്ടോബർ മാസത്തിൽ നട്ടുകൊടുത്ത് നനച്ചു വളർത്തിയാൽ ഇതിന്റെ ഇലയ്ക്ക് ഏറ്റവും ഡിമാന്റുള്ള ജനുവരി-ഫെബ്രുവരി മാസങ്ങളിൽ വിളവ് എടുക്കാം. നട്ട് മൂന്നു മാസം കഴിഞ്ഞാൽ ആദ്യ വിളവെടുപ്പ് നടത്താം. തറനിരപ്പിൽനിന്ന് 15 മുതൽ 20 സെ.മീ. വരെ ഉയരത്തിൽവെച്ച് ചെടി ശാഖകളോടുകൂടി മുറിച്ചെടുക്കാം. ഇതിനുശേഷം വളം ചേർത്ത് നനച്ചുകൊടുത്താൽ രണ്ടുമാസം കൂടുമ്പോൾ വിളവ് എടുക്കാവുന്നതാണ്. ശരിയായി നനച്ചു സംരക്ഷിച്ചാൽ രണ്ടു വർഷംവരെ ഇതിൽനിന്ന് ഇലകളും തണ്ടും ശേഖരിക്കാവുന്നതാണ്. രണ്ട് വർഷത്തിനുശേഷം പറിച്ചെടുത്ത് വേര് ഉണക്കി വിപണനം നടത്തുകയും ചെയ്യാം. നന്നായി സംരക്ഷിച്ചാൽ ഒരു കൃഷിയിൽനിന്ന് 2 മുതൽ 3 ടൺവരെ ഇലകളും 500 കി.ഗ്രാം വേരും ലഭിക്കും.

### 6. **രാമച്ചം** (*Vettiveria zizanioides*)

പുല്ലുവർഗ്ഗത്തിൽപ്പെടുന്ന ഒരു സുഗന്ധവിളയാണ് രാമച്ചം. ഇതിന്റെ വേരിൽനിന്ന് ലഭിക്കുന്ന തൈലം വളരെ വ്യാവസായികപ്രാധാന്യം ഉള്ളതാണ്. ആയുർവേദഔഷധങ്ങളിൽ ഇതിന്റെ വേരാണ് ഉപയോഗിക്കുന്നത്. വേര് എടുത്തതിന് ശേഷം മണ്ണിൽ പുതച്ചു സൂക്ഷിക്കുന്ന ചുവട്ടിൽനിന്നും വരുന്ന ചിനപ്പുകൾ ആണ് നടുവാൻ ഉപയോഗിക്കുന്നത്. മണൽ കലർന്ന മണ്ണിൽ കൃഷി ചെയ്യുന്നതാണ് കൂടുതൽ വിളവ് ലഭിക്കാൻ സഹായകം. തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിലെ തീരദേശമേഖലകൾ ആണ് കൃഷിക്ക് ഏറ്റവും ഉത്തമം. രണ്ടുവരി തെങ്ങുകൾക്കിടയിലുള്ള സ്ഥലങ്ങളിലോ പറമ്പിന്റെ വരമ്പ് അരികുകൾക്കിടയിൽ മണ്ണൊലിപ്പ് തടയുവാൻ വേണ്ടിയോ നട്ടുകൊടുക്കാം. മെയ് മാസത്തിൽ കൃഷി ആരംഭിക്കുന്നതാണ് അഭികാമ്യം. കിളച്ച് പാകപ്പെടുത്തിയ മണ്ണിൽ കൂനയെടുത്തോ, വാരങ്ങൾ എടുത്തോ ചിനപ്പുകൾ നട്ടുകൊടുക്കാം. ചെടികൾതമ്മിൽ 45 സെ.മി. ഉം വരികൾ തമ്മിൽ 60 സെ.മി. ഉം അകലം കൊടുക്കണം. ജൈവവളം ചേർത്ത് ഇടയ്ക്ക് മണ്ണ് കയറ്റിക്കൊടുക്കുന്നത് വേര് കൂടുതൽ ലഭിക്കാൻ സഹായിക്കും. ഒന്നര വർഷം വളർച്ച എത്തിയാൽ വേര് പൊട്ടാതെ കിളച്ച് എടുത്ത് മണ്ണ് കളഞ്ഞ് വേര് വെട്ടി വെയിലിൽ ഉണക്കി വിപണയിൽ എത്തിക്കാം. ഒരേക്കറിൽനിന്ന് 1 ടൺ മുതൽ 1.5 ടൺവരെ വിളവ് പ്രതീക്ഷിക്കാം. ഇപ്പോൾ കിലോഗ്രാമിന് 65 മുതൽ 70 രൂപ വരെ വിപണിയിൽ ലഭിക്കുന്നുണ്ട്.

### 7. **ഇരുവേലി** (*Plectranthus zeylanicus* )

തുമ്പച്ചെടിയുടെ കുടുംബത്തിൽപ്പെടുന്ന ഹൃദ്യമായ മണമുള്ള ഒരു ചെറുചെടിയാണ് ഇത്. പനികൂർക്ക/കന്നിക്കൂർക്ക എന്ന ചെടിയോട് വളരെ സാമ്യമുള്ള ഒരു സസ്യമാണിത്. ഇതിന്റെ തണ്ടാണ് ഔഷധനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. എല്ലാത്തരം മണ്ണിലും ഇത് വളരുമെങ്കിലും നല്ല നീർവാർച്ചയുള്ള മണ്ണാണ് ഉത്തമം. അതുകൊണ്ട് കേരളത്തിലെ തീരപ്രദേശ ജില്ലകളിലെ തെങ്ങിൻതോപ്പിൽ കൃഷി ചെയ്യുവാൻ വളരെ അനുയോജ്യം.

2-3 മുട്ടുകളുള്ള ഇളം തണ്ടിന്റെ അഗ്രഭാഗമാണ് നടുവാൻ ഉപയോഗിക്കുന്നത്. വേരു പിടിപ്പിച്ച തണ്ടുകൾ നടുകയോ തലപ്പുകൾ നേരിട്ടു നട്ടോ കൃഷി ചെയ്യാവുന്നതാണ്. കാലവർഷാരംഭത്തോടുകൂടി നന്നായി കിളച്ചൊരുക്കിയ മണ്ണിൽ ചാണകപ്പൊടിയോ ജൈവവളങ്ങളോ ചേർത്ത് വാരങ്ങൾ എടുത്ത് തലപ്പുകൾ നടാം. വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. 20 സെ.മി. എങ്കിലും അകലം കൊടുക്കണം. വേപ്പിൻപിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് ചെടിയിൽ കാണുന്ന വാട്ടരോഗം തടയുവാൻ സഹായിക്കും. നട്ടതിനുശേഷം ഒന്നിടവിട്ട മാസങ്ങളിൽ വളം ചേർത്ത് മണ്ണ് കയറ്റുന്നത് നല്ലതാണ്. കളകൾ പതിവായി നീക്കം ചെയ്യുകയും വേണം. മഴ വളരെ കുറവുണ്ടെങ്കിൽ നനച്ചുകൊടുക്കുന്നത് ഗുണകരമാണ്.

നട്ട് എട്ടു മാസത്തിനുശേഷം പൂക്കൾ ഉണ്ടാകുന്നതോടുകൂടി ചെടി പറിച്ചെടുത്ത് തണ്ടുകൾ ചെറു കഷണങ്ങളായി മുറിച്ച് വെയിലിൽ ഉണക്കി വിപണനം നടത്താവുന്നതാണ്. തണ്ടിന്റെ പുറംതൊലി ചീകികളയുന്നത് ഉണക്കം വേഗത്തിൽ ആവാൻ സഹായിക്കും. ഒരു ഏക്കറിൽനിന്ന് 750



കറ്റാർ വാഴ

കി.ഗ്രാം വരെ ഉണങ്ങിയ തണ്ട് ലഭിക്കും. ഒരു കിലോയ്ക്ക് 120 മുതൽ 130 രൂപവരെ വില ലഭിക്കുന്നുണ്ട്.

**8. കറ്റാർവാഴ** (*Aloe vera* )

കട്ടിയുള്ള പോളപോലത്തെ ഇലകളോടുകൂടി വളരുന്ന ഒരു ചെടിയാണ് ഇത്. ചുവട്ടിൽനിന്ന് വളർന്നുവരുന്ന ചിനപ്പുകൾ (കന്നുകൾ) ആണ് നടുവാൻ ഉപയോഗിക്കുന്നത്. പൂർണമായും തണലുള്ള തെങ്ങിൻതോപ്പിൽ കൃഷി ചെയ്യുവാൻ പറ്റിയതല്ല. നല്ല ഇടയകലം ഉള്ള തെങ്ങിൻതോപ്പിൽ രണ്ടു വരി തെങ്ങുകൾക്കിടയിലുള്ള സ്ഥലം കൃഷിക്ക് തിരഞ്ഞെടുക്കാം. ജൈവവളം ചേർത്ത് കിളച്ച് വാരങ്ങൾ എടുത്തോ ഉയർന്ന തടങ്ങളിലോ കൃഷി ചെയ്യാവുന്നതാണ്. ചെടികൾ തമ്മിൽ 45 സെമി അകലം കൊടുക്കണം. ഇടയ്ക്ക് കളയെടുത്ത് ഇടയിളക്കി വളം ചേർത്ത് കൊടുക്കണം. ജലസേചനം വളരെ കുറച്ച് ആവശ്യമുള്ള ഒരു ചെടിയാണ്.

നട്ട് ആറുമാസത്തിനുശേഷം മൂപ്പെത്തിയ അടിവശത്തെ പോളകൾ മുറിച്ചെടുത്ത് വിപണനം നടത്താം. ഓരോ പ്രാവശ്യം വിളവെടുത്തതിനു ശേഷം ജൈവവളം ചേർത്ത് മണ്ണ് കയറ്റിക്കൊടുക്കണം. ഈ രീതിയിൽ രണ്ടു വർഷം തുടർച്ചയായി പോളകൾ ശേഖരിക്കാവുന്നതാണ്. ഒരു ഏക്കറിൽനിന്ന് 6 ടൺവരെ പോളകൾ ലഭിക്കും. പരിചരണത്തിന്റെ ഏറ്റക്കുറവനുസരിച്ച് വിളവ് വ്യത്യാസപ്പെട്ടിരിക്കും. ഒരു കിലോഗ്രാം പോളക്ക് 5 രൂപ വരെ വില ലഭിക്കുന്നുണ്ട്.

**9. ആടലോടകം** (*Justicia adhatoda* )

ചിറ്റാടലോടകം, വലിയ ആടലോടകം എന്നിങ്ങനെ രണ്ടുതരം കാണപ്പെടുന്നു. ഇവ രണ്ടും മരുന്നുനിർമ്മാണത്തിൽ ഉപയോഗിക്കുന്നു. കൂടുതൽ വളർച്ച കാണിക്കുന്നത് വലിയ ആടലോടകം ആണ്. ധാരാളം



ആടലോടകം

ഇലകളുള്ള ഒരു കുറ്റിച്ചെടിയാണിത്.

ആടലോടകത്തിന്റെ മുട്ടുകളോടുകൂടിയ തലപ്പ് മുറിച്ചുനട്ടാണ് കൃഷി ചെയ്യേണ്ടത്. കാലവർഷാരംഭത്തിൽ ഉഴുതു പാകപ്പെടുത്തിയ മണ്ണിൽ ചെറിയ വരമ്പുകൾ കോരിയോ കൂനയെടുത്തോ കമ്പുകൾ നട്ടു കൊടുക്കാം. ജൈവവളം കൂടുതൽ കൊടുത്താൽ വളരെ വേഗത്തിൽ വളർന്നുവരുന്നു. തോട്ടത്തിന്റെ അതിരുകളിൽ ജൈവവേലിയായും നട്ടുവളർത്താവുന്നതാണ്.

ചെടികൾതമ്മിൽ 30 സെ.മി. അകലവും വരമ്പുകൾതമ്മിൽ 60 സെ.മി. അകലവും കൊടുക്കണം. നട്ട് രണ്ടു മുതൽ മൂന്നു മാസം കഴിഞ്ഞ് ഒരു പ്രാവശ്യം കള പറിച്ചുകൊടുക്കണം. നനച്ചുകൊടുത്തില്ലെങ്കിലും വളർന്നു കൊള്ളും. നനച്ചുകൊടുത്താൽ വളരെ ഉയർന്ന വിളവ് ലഭിക്കും.

ആടലോടകം സമൂലമായും, ഇല, വേര് എന്നിവ പ്രത്യേകമായും ഉപയോഗിക്കാറുണ്ട്. സമൂലമായി ഉപയോഗിക്കുമ്പോൾ പച്ചയായിട്ടാണ് ഉപയോഗിക്കേണ്ടത്. വേരിന്റെ ആവശ്യത്തിന് ഉണക്കിയും ഉപയോഗിക്കുന്നു. നട്ട് രണ്ടു വർഷത്തിനുശേഷം പറിച്ചെടുത്ത് ഇലനീക്കി ഉണക്കി വില്പന നടത്തുന്നതാണ് കർഷകർക്ക് എന്തു



ശതാവരി

കൊണ്ടും നല്ലത്. ഒരു ഏക്കറിൽനിന്ന് 2 മുതൽ 3 ടൺ ഉണക്ക ഉൽപ്പന്നം ലഭിക്കും. ഇപ്പോൾ ഉണക്ക ഉൽപന്നത്തിന് 35 രൂപ വരെ വില ലഭിച്ചുകാണുന്നു.

**10. ശതാവരി** (*Asparagus racemosus* )

പടർന്നുകയറി വളരുന്ന ഒരു ഭംഗിയുള്ള സസ്യമാണ് ഇത്. ഇതിന്റെ പല ഇനങ്ങളും അലങ്കാരത്തിന് നട്ടു വളർത്താറുണ്ട്. വന്യമായി കാണുന്ന മുള്ളുകൾ ഉള്ള ഇനമാണ് മരുന്നുനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ഇതിന്റെ ഇല വളരെ ചെറുതും നല്ല പച്ചനിറം ഉള്ളതുമാകയാൽ കാഴ്ചയ്ക്ക് വളരെ ഭംഗിയുള്ളതാണ്.

കാലവർഷാരംഭത്തിൽ നല്ലവണ്ണം കിളച്ച് ജൈവവളം ചേർത്ത്, മൂന്നടി അകലത്തിൽ ഒരടി ആഴമുള്ള കുഴി തയ്യാറാക്കി വേരു പിടിപ്പിച്ച തൈകൾ നട്ടുകൊടുക്കാം. നട്ട് ഒരു മാസം കഴിയുമ്പോൾ വള്ളികൾ നല്ലവണ്ണം പടർന്നുതുടങ്ങും. അപ്പോൾ കമ്പുകൾ നാട്ടി പടർത്തിക്കൊടുക്കണം. ഇടയ്ക്ക് കള പറിച്ചുകൊടുക്കുകയും ജൈവവളം ചേർക്കുകയും വേണം. ആദ്യവർഷം അവസാനം വള്ളികൾ ഉണങ്ങിപ്പോകുമെങ്കിലും അടുത്ത കാലവർഷത്തോടുകൂടി വീണ്ടും ശക്തിയായി വളർന്നു വരും. രണ്ടാംവർഷം അവസാനം തുലാ



തിപ്പലി

വർഷമഴയ്ക്കു ശേഷം വള്ളികൾ മുറിച്ചതിനുശേഷം കിഴങ്ങുകൾ പറിച്ചെടുക്കാം. ഒരു ഏക്കറിൽനിന്ന് 5000 മുതൽ 6000 കി. ഗ്രാം വരെ കിഴങ്ങ് ലഭിക്കും. കിഴങ്ങ് പച്ചയായി വിപണിയിൽ എത്തിക്കാം. ഇപ്പോൾ കിലോഗ്രാമിന് 25 രൂപവരെ വില ലഭിക്കുന്നുണ്ട്.

**11. തിപ്പലി** (*Piper longum* )

കുരുമുളകിന്റെ കുടുംബത്തിൽപ്പെടുന്ന ഇത് തെങ്ങിൻതോപ്പിൽ നന്നായി വളർന്നു

വരുന്നതാണ്. ജീവതിപ്പലി എന്ന ഇനം വള്ളിയായി പടർന്നു കയറുന്നതാണെങ്കിലും സുവാലി തിപ്പലി, ഉണ്ടത്തിപ്പലി എന്നയിനങ്ങൾ കുറ്റിച്ചെടിയായി വളരുന്നതാണ്. ആയുർവേദമരുന്നുനിർമ്മാണക്കമ്പനികൾ കൂടുതലും ഉപയോഗിക്കുന്നത് സുവാലി തിപ്പലി ആയതിനാൽ ഇതിന്റെ കൃഷിക്കാണ് പ്രധാന്യം കൊടുക്കേണ്ടത്.

മൂന്നുമുതൽ നാലു മുട്ടുകൾ ഉള്ള വള്ളിയാണ് നടാൻ ഉപയോഗിക്കുന്നത്. വേരുപിടിപ്പിച്ച വള്ളികൾ നടുന്നതാണ് ഉചിതം. നന്നായി കിളച്ചൊരുക്കിയ മണ്ണിൽ ചെറിയ വാരങ്ങൾ എടുത്ത് ഇതിൽ രണ്ടടി അകലത്തിൽ കുഴികൾ എടുത്ത് ജൈവവളം ചേർത്ത് കുഴി മൂടി കാലവർഷാരംഭത്തിൽ വേരുപിടിപ്പിച്ച തൈകൾ നട്ടുകൊടുക്കാം. ചെടികൾ ഒരു മാസംകൊണ്ട് വളർന്നുവരാൻ തുടങ്ങും. കള പറിച്ച് കിളിർക്കാത്ത കുഴികളിൽ വീണ്ടും തൈകൾനട്ട് വളം ചേർത്ത് മണ്ണു കയറ്റി കൊടുക്കണം. മഴ കുറവാണെങ്കിൽ ഒന്നിടവിട്ട ദിവസങ്ങളിൽ നനച്ചു കൊടുക്കണം.

ആറാംമാസം മുതൽ വിളവെടുക്കാം. നന്നായി പാകമായ കായ്കൾ കടുംപച്ചനിറമാകുമ്പോൾ പറിച്ചെടുത്ത് വെയിലിൽ ഉണക്കി വിപണനം നടത്താവുന്നതാണ്. ഒരു വർഷത്തിൽ മൂന്നു പ്രാവശ്യം വിളവ് ലഭിക്കും. ഓരോ വിളവെടുപ്പിനുശേഷവും ചെറുതായി കമ്പുകൾ കോതിക്കൊടുക്കുന്നത് നന്നായി കായ് പിടിക്കാൻ സഹായിക്കും. രണ്ടുമുതൽ മൂന്നു വർഷംവരെ കായ് ലഭിക്കും. മൂന്നാം വർഷത്തെ വിളവെടുപ്പിനുശേഷം ചെടി പറിച്ചെടുത്ത് വേര് വെട്ടി ഉണക്കി അതും വില്പന നടത്താവുന്നതാണ്. ഒരു ഏക്കറിൽനിന്ന് 500 മുതൽ 700 കി.ഗ്രാം വരെ കായ്കൾ ലഭിക്കും.

**13. കൊടുവേലി (*Plumbago indica*)**



കൊടുവേലി

അര മീറ്റർവരെ ഉയരത്തിൽ വളരുന്ന ഒരു ചെറുചെടിയാണിത്. തിരുവാതിരപ്പൂവ് എന്ന പേരിലും ഇത് അറിയപ്പെടുന്നു. കേരളത്തിൽ ചുവന്ന നിറത്തിലുള്ള ചെത്തിക്കൊടുവേലി എന്നയിനം ആണ് പ്രചാരത്തിൽ ഉള്ളത്. എന്നാൽ വെള്ളപ്പൂവ് ഉള്ള വെള്ളക്കൊടുവേലി എന്നയിനവും മരുന്നുനിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്.

ഇതിന്റെ തണ്ടു മുറിച്ചു നട്ടാണ് വംശവർദ്ധനവ് നടത്തുന്നത്. കിളച്ചു പാകപ്പെടുത്തിയ മണ്ണിൽ നന്നായി ജൈവവളം ചേർത്ത് വാരങ്ങൾ എടുത്ത് കാലവർഷത്തോടുകൂടി നാലു മുട്ടുകൾവീതം ഉള്ള കമ്പുകൾ നട്ടുകൊടുക്കുന്നു. അരയടി അകലം കൊടുത്തു നട്ടാൽ മതി. ഏകദേശം ഒരു മാസത്തോടുകൂടി കമ്പുകൾ വേര് പിടിച്ച് കിളിർത്ത് വന്നുതുടങ്ങും. ഈ സമയത്ത് കള പറിച്ച് വളം ചേർത്ത് മണ്ണ് കയറ്റിക്കൊടുക്കണം. രണ്ടുമൂന്നു പ്രാവശ്യം ജൈവവളം ചേർത്ത് കൊടുക്കുന്നതും വേനലിൽ ചെറിയ നന കൊടുക്കുന്നതും കൂടുതൽ വിളവ് ലഭിക്കാൻ സഹായിക്കും.

ഇതിന്റെ അല്പം തടിച്ച വേര് ആണ് ഔഷധത്തിന് ഉപയോഗിക്കുന്നത്. നട്ട് ഒന്നര വർഷത്തിനു ശേഷം കിളച്ച് വേര് ശേഖരിച്ച് വിപണനം നടത്താം. ഒരു ഏക്കറിൽനിന്ന് 3.5 മുതൽ 4 ടൺ വേര് ലഭിക്കും. പച്ചയായി വില്ക്കാവുന്നതാണ്. ഇപ്പോൾ വിപണിയിൽ 70 രൂപ വില ലഭിക്കുന്നുണ്ട്.

മേൽ വിവരിച്ച ചെറുചെടികൾപോലെ വളരെ പ്രാധാന്യമുള്ള വൃക്ഷവിളകളും ആയുർവേദത്തിൽ ഉണ്ട്. ദശമൂലത്തിലെ വൃക്ഷവിളകൾ എന്തുകൊണ്ടും ഇതിൽ വളരെ മുൻഗണന അർഹിക്കുന്നതാണ്. ഇവയെല്ലാം തന്നെ തെങ്ങിൻതോപ്പിൽ ഇടവിളയായി വളർത്താവുന്നതുമാണ്.


ദശമൂലത്തിലെ വലിയ പഞ്ചമൂലങ്ങളായ കൂവളം, കുമിഴ്, പൂപ്പാതിരി, പലകപ്പയ്യാനി, മുഞ്ഞ എന്നിവ ഒരു തോട്ടത്തിൽ ഒന്നിച്ച് നട്ടുവളർത്തുന്നത് വരും കാലങ്ങളിൽ വലിയ ആദായം ലഭിക്കുവാൻ സഹായകമാകും എന്ന് നിസ്സംശയം പറയാം.



കൂവളം

**14. കൂവളം (*Aegle marmelos* )**

കൂവളം, കൂളകം എന്നീപേരുകളിൽ അറിയപ്പെടുന്ന ഒരു ചെറുമരമാണ് ഇത്. മുള്ളുകൾ ധാരാളം ഉള്ള നാടൻ ഇനങ്ങളും, മുള്ളുകൾ കുറഞ്ഞ് വളരെ വേഗത്തിൽ വളരുന്ന ഉത്തരേന്ത്യൻ ഇനവും ഇന്ന് പ്രചാരത്തിലുണ്ട്. വളരെ വേഗം വളരുമെന്നതിനാൽ ഉത്തരേന്ത്യൻ ഇനം തെരഞ്ഞെടുക്കുന്നതാണ് നല്ലത്. തെങ്ങിൻതോപ്പിൽ 10 അടി ആകലത്തിൽ ഒരടി കുഴിയെടുത്ത് ജൈവവളം ചേർത്ത് കാലവർഷാരംഭത്തോടെ തൈകൾ നടാം. നട്ട് ആദ്യ രണ്ടു വർഷംപരിചരിച്ചാൽ പിന്നെ വലിയ പരിചരണം കൂടാതെ വളർന്നുകൊള്ളും. പത്തുവർഷത്തിനു ശേഷം എപ്പോൾ വേണമെങ്കിലും വെട്ടി



കുമിഴ്

വേര് വില്ക്കാവുന്നതാണ്. ഇതിന്റെ ഇലയും കായും മരുന്നു നിർമാണത്തിന്ന് ആവശ്യമാണ്. കൊത്തി ഉണക്കിയ വേരിന് ഇപ്പോൾ 40 മുതൽ 45 രൂപവരെ വില ലഭിക്കുന്നുണ്ട്.

**15. കുമിഴ് (*Gmelina arborea* )**

കുമിൾ എന്നപേരിലും അറിയപ്പെടുന്ന ഒരു വൃക്ഷമാണ് ഇത്. ഇതിന്റെ തടി



പൂപ്പാതിരി

കൊത്തു പണിക്ക് ധാരാളം ഉപയോഗിക്കുന്നു. സാമാന്യം വലിയ മരം ആകുന്നതിനാൽ തെങ്ങിന് ശല്യം ഉണ്ടാക്കാത്തവിധം വളർത്തണം. തൈകൾ തമ്മിൽ 15 അടി അകലം കൊടുക്കണം. തൈ നടാൻ എടുക്കുന്ന കുഴിക്ക് ഒന്നര അടി വലിപ്പം വേണം. 15 വർഷത്തിനുശേഷം എപ്പോൾ വേണമെങ്കിലും വെട്ടി വേര് വില്ക്കാവുന്നതാണ്. ഇപ്പോൾ വേരിന് 40 രൂപവരെ വില ലഭിക്കുന്നുണ്ട്.

16. **പൂപ്പാതിരി** (*Stereospermum suaveolens*)

ഒരു വലിയ വൃക്ഷമായി വളരുന്നതിനാൽ തോട്ടത്തിന്റെ അതിരുകളിൽ നട്ടുവളർത്തണം. തൈകൾ നട്ട് ആദ്യരണ്ടു വർഷത്തെ പരിചരണം കഴിഞ്ഞാൽ പിന്നീട് തനിയെ വളർന്നുകൊള്ളും നട്ട് 15 വർഷത്തിനുശേഷം വെട്ടി വേര് മരുന്നുനിർമ്മാണത്തിനും തടി, മറ്റ് നിർമ്മാണാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താം.



*പലകപ്പയ്യാനി*

ഇപ്പോൾ വേരിന് 40 മുതൽ 45 രൂപവരെ വില ലഭിക്കാറുണ്ട്.

17. **പലകപ്പയ്യാനി** (*Ipomoea mauritiana* )

തെങ്ങിൻതോപ്പിൽ ഇടവിളയായി കുരുമുളക് വളർത്തുന്നവർക്ക് പറ്റിയ ഒരു താങ്ങുമരമാണ് ഇത്. രണ്ടു വരി തെങ്ങുകൾക്കിടയിൽ 8 അടി അകലത്തിൽ കുഴികൾ എടുത്ത് വർഷക്കാലത്ത് തൈകൾ നട്ടുവളർത്താം. തൈകൾ നട്ട് മൂന്നു വർഷം കഴിഞ്ഞ് കുരുമുളക് വള്ളികൾ പടർത്തിക്കൊടുക്കാം. 10 വർഷത്തിനുശേഷം എപ്പോൾ വേണമെങ്കിലും വെട്ടി വേര് ശേഖരിക്കാം. ഇപ്പോൾ 45 മുതൽ 50 രൂപ വരെ വിലയുണ്ട്.



*മുഞ്ഞ*

18. **മുഞ്ഞ** (*Premna serattifolia)*

രൂക്ഷഗന്ധമുള്ള ഇലയാണ് ഇതിന്റെ പ്രത്യേകത. ഒരു ചെറുവൃക്ഷമായി വളരുന്നതാകയാൽ 8 അടി അകലം കൊടുത്ത് തെങ്ങിൻതോട്ടത്തിൽ വളർത്താം. കമ്പുകൾ മുറിച്ചു നട്ട് വളർത്തിയെടുക്കാം. നട്ട് എട്ടുമുതൽ 10 വർഷം കഴിഞ്ഞ് വെട്ടി വേര് ശേഖരിച്ച് വിപണനം നടത്താം. ഇപ്പോൾ കിലോഗ്രാമിന് 25 രൂപ മുതൽ 30 രൂപ വരെ വില ലഭിക്കാറുണ്ട്.

ഔഷധ വൃക്ഷവിളകൾ തോട്ടത്തിൽ ഒന്നിച്ച് നട്ടുവളർത്താൻ ശ്രദ്ധിക്കണം. വിപണി വളരെ വേഗം ലഭിക്കാൻ ഇത് സഹായിക്കും.

മേൽപ്പറഞ്ഞ വിളകൾ കൂടാതെ മറ്റ് പല ഔഷധസസ്യങ്ങളും തെങ്ങിൻതോപ്പിൽ നട്ടുവളർത്താവുന്നവയാണ്. പ്രാദേശികാവശ്യം ഇതിന്റെ മുഖ്യ ഘടകമായി എടുക്കേണ്ടതാണ്. ഔഷധസസ്യനിർമ്മാതാക്കളുടെ ആവശ്യം കണക്കിലെടുത്ത് ഓരോ പ്രദേശത്തും വിളകൾ ക്രമീകരിക്കേണ്ടതാണ്. വിപണനത്തിൽ കർഷകക്കൂട്ടായ്മ അത്യന്താപേക്ഷിതമാണ്. നാളികേര ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാളികേര ഉത്പാദക സംഘങ്ങൾക്ക് ഈ ദൗത്യം ഏറ്റവും നന്നായി നിറവേറ്റാൻ കഴിയുമെന്ന് ഉറപ്പിക്കാം.

ഇത്തരം കൃഷിയും വിപണനവും കർഷകർക്ക് ഒരു കൈത്താങ്ങും ആയുർവേദത്തിന്റെ നിലനിൽപ്പിന് അടിസ്ഥാനവുമായി പടർന്ന് പന്തലിക്കട്ടെയെന്ന് പ്രത്യാശിക്കാം.

*കോട്ടയ്ക്കൽ ആര്യവൈദ്യശാല*
*കാർഷികവിഭാഗം*

## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 ക. | 1600 ക. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 ക. | 5000 ക. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 ക. | 1000 ക. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 ക. | 1000 ക. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 ക. | 1000 ക. |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | 40 ക. | 1000 ക. |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. എജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**

# ആലപ്പുഴയുടെ ചങ്ങാതി തിളക്കം

**രങ്കു കെ.എച്ച്**

കേരകാർഷിക ചരിത്രത്തിന്റെ സുവർണ്ണതാളുകളിൽ ഇടം പിടിക്കുവാൻ എന്തുകൊണ്ടും അർഹമായ പദ്ധതിയാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം. ഈ ചങ്ങാതി വിജയത്തിന് മറ്റൊരു അദ്ധ്യായം കൂടി എഴുതി ചേർക്കുവാനുള്ള ശ്രമത്തിലാണ് ആലപ്പുഴ ജില്ലയിലെ നാലു ചങ്ങാതിമാർ. യന്ത്രവത്കൃത തെങ്ങുകയറ്റത്തിൽ ആരെയും അമ്പരിപ്പിക്കുന്ന വേഗവും പ്രവർത്തനരീതിയുമാണ് ഇവരെ വ്യത്യസ്തരാക്കുന്നത്. ഈ അനുഭവ സമ്പന്നർ നമ്മോടു സംസാരിക്കുകയാണ്. അവരുടെ കർമ്മപഥത്തെ കുറിച്ച്.

ആലപ്പുഴ ജില്ലയിലെ ചേർത്തല നിവാസിയാണ് സിസിലി ബേബി. ചെറുപ്പം മുതലെ മരത്തിൽ കയറിയിരുന്നതു കൊണ്ട് ചിലർ അവളെ മരംകേറി സിസിലി എന്ന് കളിയാക്കി വിളിച്ചു. കളിയാക്കലുകൾ കരുത്തായി കണ്ട കൊച്ചു സിസിലിക്കു മുമ്പിൽ മരങ്ങൾ എല്ലാം നടുവളച്ചു. പുളിമരത്തിന്റെ തുഞ്ചത്ത് കയറിയപ്പോൾ മരം വളഞ്ഞ് വില്ലായത് ഓർമകളിൽ നിന്ന് ചികഞ്ഞെടുത്ത് ചിരിക്കുകയാണ് ഈ മധ്യവയസ്ക. പിന്നീടുള്ള ശ്രമം കല്പം വൃക്ഷം കീഴടക്കുവാനായിരുന്നു. പലതവണ ശ്രമിച്ചെങ്കിലും പരാജയമായിരുന്നു ഫലം. എന്നാൽ വിട്ടുകൊടുക്കുവാൻ സിസിലി തയ്യാറല്ലായിരുന്നു. പരാജയങ്ങളോടു സന്ധിചെയ്യാത്ത സിസിലി അവസാനം എത്തിച്ചേർന്നത് തെങ്ങുകയറ്റ പരിശീലന കളരിയിലും.

ഈ വർഷം ഫെബ്രുവരി 12 നു ആലപ്പുഴയിലെ സർവോദയപുരത്തെ സോഷ്യോ ഇക്കോണമി യൂണിറ്റ് ഫൗണ്ടേഷനിലാണ് സിസിലി പരിശീലനത്തിന് എത്തിയത്. തുടർന്നു വിജയകരമായി പരിശീലനം പൂർത്തിയാക്കി. അതുവരെ വീടുപണിക്ക് പൊയ്ക്കൊണ്ടിരുന്ന അവർ അതിനു പകരം മുഴുവൻ സമയ തെങ്ങിന്റെ കൺസൽട്ടന്റായി മാറി. കഴിക്കാൻ രണ്ടു കരിക്കും നാളികേര വികസന ബോർഡിന്റെ തെങ്ങുകയറ്റ യന്ത്രവുമുണ്ടെങ്കിൽ ഏതു ഉയരവും കീഴടക്കുന്ന തെങ്ങിന്റെ ചങ്ങാതി. ഒരു ദിവസം400 മുതൽ 500 രൂപ വരെ വരുമാനം വാങ്ങുന്ന തെങ്ങുകയറ്റ തൊഴിലാളി.സിസിലി തന്റെ മുൻകാല അനുഭവങ്ങൾ വിശദീകരിക്കുകയാണ്.

വീട്ടു ജോലിയിലൂടെ 200 രൂപയിൽ താഴെ മാത്രമായിരുന്നു ദിവസവരുമാനം. ജീവിക്കാൻ തന്നെ ഏറെ ബുദ്ധിമുട്ടിയ അവസരങ്ങൾ. രാവിലെ തുടങ്ങുന്ന ജോലി വൈകുന്നേരം വരെ നീളുമായിരുന്നു, ജോലി ഭാരം വളരെ കൂടുതലും. പരിശീലനം കഴിഞ്ഞപ്പോൾ ഞാൻ ഒന്നു തീരുമാനിച്ചു, ഇനി തെങ്ങുകയറ്റം ഒരു തൊഴിലാക്കും. ഒരു സ്ത്രീ തെങ്ങുകയറുന്നു എന്നു പറഞ്ഞപ്പോൾ പലർക്കും ചിരിയായിരുന്നു. എന്നാൽ ഇന്ന് എല്ലാവരും ബഹുമാനത്തോടെയാണ് നോക്കി കാണുന്നത്. ഇപ്പോൾ രാവിലെ വീട്ടുപണികൾ തീർത്തതിനു ശേഷം യന്ത്രവുമായി ജോലിക്കിറങ്ങും. കൂടുതലും ആളുകൾ വാഹനവുമായി കൂട്ടികൊണ്ടു പോകുകയാണ് പതിവ്. എന്നാൽ ചിലപ്പോഴെല്ലാം ബസിൽ പോകേണ്ടി വരാറുണ്ട്. യന്ത്രവുമായി ബസിൽ കയറി പോകുക അത്ര എളുപ്പമല്ല, പക്ഷെ എത്ര ബുദ്ധിമുട്ടിയാണെങ്കിലും പറഞ്ഞ സമയത്ത് എത്തിച്ചേരാൻ ഞാൻ പരമാവധി ശ്രദ്ധിക്കാറുണ്ട്. ഇങ്ങനെ ബസിൽ ചെല്ലുമ്പോൾ ചിലർ ബസ്കാശ് കൂടുതലായി നൽകും.ഒരു ദിവസം പരമാവധി 20 മുതൽ 25 തെങ്ങുവരെയാണ് കയറുന്നത്. ഒരിക്കലും കൂടുതൽ തുക ആരിൽ നിന്നും വാങ്ങിയിട്ടില്ല.ഒരു തെങ്ങിന് പരമാവധി 25 രൂപ വരെ മേടിക്കാറുണ്ട്.


*സിസിലി ബേബി ജോലിത്തിരക്കിൽ*

ഒരിക്കൽ പുരുഷൻമാർ പോലും കയറാൻ മടികാണിക്കുന്ന ഒരു വളഞ്ഞ തെങ്ങിൽ അതീവ പ്രയാസപ്പെട്ടു കയറി. 40 അടിയിലേറെ ഉയരം വരുന്ന തെങ്ങ്, മുകൾ ഭാഗം വല്ലാതെ വളഞ്ഞിരുന്നതു കൊണ്ടു വളരെ സമയം ചെലവഴിച്ചാണ് കയറിയത്, ഒരു വാശിയായിരുന്നു അത്. മരംകേറി സിസിലിയുടെ വാശി. ആ വാശിക്ക് കൂടുതൽ കാശ് നൽകാൻ ഉടമ തയ്യാറായി എങ്കിലും അതു വേണ്ട എന്നതായിരുന്നു എന്റെ നിലപാട്. തെങ്ങുകയറ്റം എന്റെ ഉപജീവന മാർഗമാണ്,അതോടൊപ്പം സന്തോഷം നൽകുന്ന ജീവിതചര്യയും, ഇന്ന് നിങ്ങളോടു സംസാരിക്കുന്ന സമയത്ത് തെങ്ങുകയറാൻ പറ്റാത്ത വിഷമത്തിലാണ് ഞാൻ സിസിലി ചുറുചുറുക്കോടെ വ്യക്തമാക്കുന്നു.

തുടക്കത്തിൽ ജോലി കുറവായിരുന്നു, എന്നാൽ ഇപ്പോൾ കൃത്യമായി ഇടവേളകളിൽ ജില്ലയുടെ നാനാ ഭാഗത്തുള്ള കർഷകർ സ്ഥിരമായി വിളിക്കുന്നതിനാൽ കയറി തീരാൻ പറ്റാത്ത അത്രയും തിരക്കാണ്, എല്ലായിടത്തും എത്തിച്ചേരാനുള്ള ഓട്ടപന്തയമാണ്. ഇങ്ങനെ തിരക്കുകൾ ഏറെയുണ്ടെങ്കിലും ഏല്പിക്കുന്ന ജോലി കൃത്യമായും, സമയബന്ധിതമായും ചെയ്യുമെന്നുള്ളതാണ് സിസിലിയെ കർമ്മപഥത്തിൽ വ്യത്യസ്തയാക്കുന്നത്. സാമൂഹികമായി അംഗീകാരവും, പരിഗണനയും ലഭിച്ചതോടെ ഇവർ പ്രവർത്തനം വിപുലമാക്കുകയാണ് സമീപ ജില്ലകളിലേക്കുകൂടി.

19 വർഷമായി തെങ്ങുകയറുന്ന തെങ്ങിന്റെ ചങ്ങാതിയാണ് ത്യാഗരാജൻ, ഒരു മാസം 52,000 രൂപ വരെ വരുമാനം ഉണ്ടാക്കിയ ചരിത്രം ത്യാഗരാജനുണ്ട്. അക്കാലത്ത് ഒരു ദിവസം 85 തെങ്ങുകൾ വരെ കയറിട്ടുണ്ട്. തളപ്പു ഉപയോഗിച്ചായിരുന്നു തെങ്ങിൽ കയറിരുന്നത്. എന്നാൽ ചിക്കുൻഗുനിയ രോഗം രണ്ടുതവണ വിരുന്നുവന്നപ്പോൾ കയറ്റവേഗത അല്പം കുറഞ്ഞു, മാത്രമല്ല തളപ്പു ഉപയോഗിച്ചു കയറുന്നത് ശാരീരികമായി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്തു. സന്ധികളിലെ വേദനയായിരുന്നു പ്രധാന പ്രശ്നം.

പലപ്പോഴും തെങ്ങുകയറാൻ പറ്റാത്ത അവസ്ഥ. ഇങ്ങനെ ആറുമാസത്തോളം തെങ്ങുകയറാൻ തന്നെ സാധിച്ചില്ല. പക്ഷെ താനാണ് കുടുംബത്തിലെ ഏക വരുമാനമാർഗമെന്ന് അറിയാവുന്ന ത്യാഗരാജൻ ജോലിക്കു ഇറങ്ങുവാൻ നിർബന്ധിതനായി. വളരെ ബുദ്ധിമുട്ടിയ നാളുകൾ, ഓർക്കാൻ തന്നെ വയ്യ, ത്യാഗരാജൻ ഓർമ്മകൾക്കു പൂർണ്ണ വിരാമം ഇടുന്നു. ഈ അവസരത്തിലാണ് ചങ്ങാതി പരിശീലനത്തെകുറിച്ച് കേൾക്കുന്നത്. സർവോദയപുരത്തെ സോഷ്യോ ഇക്കോണമി യൂണിറ്റ് ഫൗണ്ടേഷനിലായിരുന്നു പരിശീലനം. വലിയ പ്രതീക്ഷകൾ ഒന്നും ഇല്ലാതെയാണ് പരിശീലനത്തിനു എത്തിയത്. നല്ല നാടൻ ഭാഷയിൽ പറഞ്ഞാൽ യന്ത്രം കൊണ്ട് എന്താകാനാ, എന്നാലും ഒരു കൈ നോക്കാം ഒത്താൽ ഒത്തു. പക്ഷെ യന്ത്രത്തെ അടുത്തറിഞ്ഞപ്പോൾ ചിന്താഗതി ആകെ മാറി, പുതിയ പ്രതീക്ഷകളായി, ജീവിതത്തെക്കുറച്ചു കാഴ്ചപ്പാടുകളായി, വളരെ എളുപ്പം ഉപയോഗിക്കാവുന്ന യന്ത്രം, ജീവിതം ആകെ മാറിമറിഞ്ഞു, യന്ത്രത്തിന്റെ സഹായത്തോടെ തെങ്ങുകയറ്റം ആരംഭിച്ചു. ഒട്ടും ബുദ്ധിമുട്ടില്ല, സന്ധികളിലെയും പേശികളിലെയും വേദനകൾ ഇന്നൊരു പ്രശ്നമേയല്ല.

യന്ത്രസഹായത്തോടെ ഒരു ദിവസം 60 തെങ്ങുകൾ വരെ കയറുവാൻ സാധിക്കുന്നുണ്ട്. ഇങ്ങനെ മാസം 30,000ത്തിൽ കുറയാതെ വരുമാനവും ലഭിക്കുന്നു. ചങ്ങാതിയായതിലൂടെ അതുവരെയുണ്ടായിരുന്ന കടങ്ങൾ വീട്ടുവാൻ സാധിച്ചു. അതാണ് ഏറ്റവും വലിയ കാര്യമായി തോന്നുന്നത്. കടങ്ങൾ തീർന്നതുകൊണ്ട് ഇനിമുതൽ സമ്പാദിക്കുവാൻ സാധിക്കും, ത്യാഗരാജൻ ചടുലതയോടെ സംഭാഷണം തുടർന്നു. ഇതിനെല്ലാം അദ്ദേഹം നന്ദി പറയുന്നത് നാളികേര വികസന ബോർഡിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയോടാണ്. യന്ത്രസഹായമില്ലായിരുന്നു എങ്കിൽ എനിക്കു ജീവിതത്തെക്കുറിച്ചു ഇത്രയും വിശാലമായി ചിന്തിക്കുവാൻ തന്നെ സാധിക്കുമായിരുന്നില്ല. ഇതൊരു ജനകീയ പദ്ധതിയാണ്. തളപ്പുകെട്ടാത്ത വിജയം, ത്യാഗരാജൻ സംഭാഷണം ചുരുക്കി.

പക്ഷെ ചങ്ങാതി സുരേഷിന്റെ കഥ ഇവരിൽ നിന്നും അല്പം വ്യത്യസ്തമാണ്, ദിവസവും ഒന്നിലധികം പത്രം വായിക്കുന്ന സെക്യൂരിറ്റി ജീവനക്കാരനായ സുരേഷ്കുമാർ മനോരമയുടെ പത്രത്താളുകളിൽ നിന്നാണ് പരിശീലനത്തെക്കുറിച്ചു അറിയുന്നത്. അടുത്ത ബാച്ചിൽ തന്നെ കായംകുളത്തെ കൃഷി വിഞ്ജാന കേന്ദ്രത്തിൽ എത്തി പരിശീലനാർത്ഥിയായി. പരീക്ഷണാർത്ഥം പരിശീലനത്തിനു എത്തിയ അദ്ദേഹം മടങ്ങിയത് കോക്കനട്ട് ഒളിമ്പിക്സിൽ ഒന്നാം സമ്മാനവും വാങ്ങിയാണ് (ഏറ്റവും വേഗത്തിൽ തെങ്ങിൽ കയറിയ ചങ്ങാതി). ഇന്നു ജോലിതിരക്കുകാരണം പത്രം വായിക്കുവാൻപോലും സുരേഷിന് സമയം കുറവ്. സെക്യൂരിറ്റി ജോലിയും തെങ്ങുകയറ്റ ജോലിയും ഒരുമിച്ചു കൊണ്ടുപോകുന്ന തിരക്കിലാണ് അദ്ദേഹം.കൂടുതൽ ദിവസങ്ങളിലും രാത്രി ഡ്യൂട്ടി തരപ്പെടുത്തിയാണ് തെങ്ങുകയറ്റം തുടരുന്നത്.

കേവലം ഒരു തെങ്ങു കയറ്റക്കാരൻ എന്നതിലുപരി ഉടമ മറന്നുപോയാലും വിളിച്ചു ചോദിച്ചു വിളവെടുക്കുന്ന യഥാർത്ഥ തെങ്ങിന്റെ ചങ്ങാതി എന്ന വിശേഷണമാണ് ഇദ്ദേഹത്തിനു അനുയോജ്യം. ഓരോ തവണ പോയ സ്ഥലവും തിയതിയും കൃത്യമായി സൂക്ഷിക്കുവാൻ സഹായിക്കുന്നത് മക്കളാണ്. അതതു ദിവസം കിട്ടിയ തുകയും കയറിയ വീടും അവരുടെ വിലാസവും മക്കൾ അന്നു തന്നെ രേഖപ്പെടുത്തി വയ്ക്കും, സുരേഷ് പറയുന്നു. തുടർന്ന് അടുത്ത വിളവെടുപ്പ് സമയം ആകുമ്പോൾ കൃത്യമായി ഉടമയെ വിളിച്ച് വിളവെടുപ്പിനു ചെല്ലേണ്ടത് എന്റെ ജോലിയാണ്. ഒരു ദിവസം 30 മുതൽ 35 വരെ തെങ്ങുകയറും. ഇതിലൂടെ മാസം 12000 മുതൽ 15000 രൂപ വരെയാണ് വരുമാനം ലഭിക്കുന്നത്. വീടു പണിക്കു വേണ്ടി എടുത്ത ലോൺ തിരിച്ചടക്കാൻ എല്ലാ മാസവും തുക കണ്ടെത്തുക, പേപ്പറിനും പാലിനും പണമടയ്ക്കുക എല്ലാത്തിനുമുപരി വട്ടച്ചെലവിനുള്ള കുറച്ചു പണം മിച്ചം പിടിക്കുക, ഇങ്ങനെ സുരേഷിന്റെ ചെറിയ ചെറിയ മോഹങ്ങളാണ് തെങ്ങുകയറ്റത്തിലൂടെ പൂവണിയുന്നത്. സെക്യൂരിറ്റി ജോലിയിൽ ഞാൻ എല്ലാവരെയും സാറെ എന്നു വിളിക്കും തെങ്ങുകയറാൻ ചെല്ലുമ്പോൾ എല്ലാവരും എന്നെ സാറെയെന്നു വിളിക്കും, തനിക്കു ലഭിക്കുന്ന അംഗീകാരത്തെക്കുറിച്ചു തമാശയോടെ പറയുകയാണ് ഇദ്ദേഹം. സെക്യൂരിറ്റി ജോലി ഉള്ളതിനാൽ എല്ലാ ദിവസവും തെങ്ങുകയറാൻ സാധിക്കാറില്ല എന്നാലും ഒരല്പം സമയം കിട്ടിയാൽ തെങ്ങുകയറും, തെങ്ങുകയറാതെ ഇരുന്നാൽ ഒരു ബുദ്ധിമുട്ടാണ്, സുരേഷ് തന്റെ തെങ്ങുകയറ്റ നയം വ്യക്തമാക്കുന്നു.

വീട്ടിലെ തെങ്ങിൽ തേങ്ങയിടാൻ കയറിയ മുൻപരിചയവുമായാണ് സവിതൻ പരിശീലനത്തിനു എത്തിയത്. എന്നാൽ പരിശീലനം കഴിഞ്ഞ് കുറച്ചു നാളുകൾക്കുള്ളിൽ നാട്ടിൽ മുഴുവൻ തേങ്ങയിടുന്ന ചങ്ങാതിയായി മാറി സവിതൻ. ട്രാൻസ്പോർട്ട് ബസിൽ ജോലി ചെയ്യുന്ന സവിതൻ തന്റെ ജോലിയുടെ കൂടെയാണ് തെങ്ങിന്റെ ചങ്ങാതിയുമായിരിക്കുന്നത്. ദിവസവും 400 രൂപ വരെ സമ്പാദിക്കുന്നു. മാസത്തിൽ 15 ദിവസമാണ് ബസിലെ ജോലി, ബാക്കി സമയം തെങ്ങിന്റെ ചങ്ങാതി. പലപ്പോഴും ജോലിക്കു പോകാൻ തുടങ്ങുമ്പോൾ അത്യാവശ്യക്കാർ വിളിക്കാറുണ്ട്. എത്തിച്ചേരാൻ സാധിക്കുന്ന ദൂരമാണെങ്കിൽ ചെയ്തു കൊടുക്കാറുമുണ്ട്. ഇത്തരം സേവനങ്ങൾക്ക് ഒരിക്കലും കൂടുതലായി തുക വാങ്ങിയിട്ടില്ല. ഒരു തെങ്ങിന് പരമാവധി 25 രൂപ വരെയാണ് വാങ്ങാറുള്ളത്. മാസം 6000 രൂപ മുതൽ 8000 രൂപ വരെ സമ്പാദിക്കുന്നു.

ഞാൻ തെങ്ങിന്റെ ചങ്ങാതി ആയെങ്കിലും അച്ഛന് ഞാൻ തെങ്ങിൽ കയറുന്നത് പേടിയാണ്. ഞാൻ തെങ്ങിൽ കയറുന്നത് അറിഞ്ഞാൽ അച്ഛൻ ദൂരെ മാറി നിൽക്കും. യന്ത്രമുപയോഗിച്ച് തെങ്ങു കയറുന്നതിൽ അപകട സാധ്യത ഇല്ല എന്നു ഞാൻ ആവർത്തിക്കാറുണ്ടെങ്കിലും അദ്ദേഹം അതൊന്നും കേട്ടമട്ടില്ല. ചെറുപ്പത്തിൽ ഞാൻ തെങ്ങിൽ നിന്ന് വീണിരുന്നു, ഈ ഓർമയാകാം അച്ഛനെ പേടിപ്പിക്കുന്നത്, എന്നാൽ യന്ത്രമുപയോഗിച്ച് കയറുമ്പോൾ അപകട സാധ്യത വളരെ കുറവാണ്. ചരിവുള്ള തെങ്ങുകളിൽ വശം ചരിഞ്ഞ് ചെറിയ ചുവട് വച്ച് കയറിയാൽ മതി, ഒട്ടും പേടിക്കാനില്ല, പിന്നെ മഴയുള്ള സമയത്ത് തെങ്ങുകയറ്റം ഒഴിവാക്കുക, വഴുതും എന്നതിനുപരി മിന്നൽ ഏൽക്കാൻ സാധ്യത കൂടുതലാണ്, ഒരല്പം ചിരിയോടെ സവിതൻ സംസാരം തുടർന്നു... "തെങ്ങ് ചതിക്കില്ല സുഹൃത്തെ... ഇത് അനുഭവമാണ്".

അതെ, ഈ ജീവിതയാത്രയിൽ ഇവർക്ക് കൂട്ട് ശാസ്ത്രമല്ല അനുഭവത്തിന്റെ തീക്ഷ്ണതകളാണ്. സായംസന്ധ്യയുടെ വരവോടെ പറയുവാൻ ഏറെ കാര്യങ്ങൾ ബാക്കിവെച്ച് ആ സുഹൃദ്സംഘം സംസാരം അവസാനിപ്പിക്കുകയാണ്. ആകുലത കളില്ലാതെ കർമ്മപഥത്തിലേക്ക് അവർ ചിരിച്ചു കൊണ്ടു മടങ്ങുകയാണ്. ഇനിയും ഏറെ ചെയ്യാനുണ്ടെന്ന ഉറച്ച ബോധ്യത്തോടെ.

ചങ്ങാതികളെ വിളിക്കുവാള്ള ഫോൺ നമ്പർ:

സുരേഷ്കുമാർ-96565413926, 8891249341; സവിതൻ-9744919402; ത്യാഗരാജൻ-9745719160; സിസിലി ബേബി-9287980551

*നാളികേര വികസന ബോർഡ്, കൊച്ചി-11*

# ബിസിനസ്സ് അവസരങ്ങൾ

*(എപിസിസി പ്രസിദ്ധീകരിക്കുന്ന കോക്കമ്മ്യൂണിറ്റി മാസികയുടെ ഒക്ടോബർ 2012 ലക്കത്തിൽ പ്രസിദ്ധീകരിച്ചത്)*

## വെള്ളകൊപ്ര

ഇന്തോനേഷ്യയിൽ ഉത്പാദിപ്പിക്കുന്ന വെള്ളകൊപ്ര ഒരു ദിവസം 4 ടൺ എന്ന തോതിൽ കയറ്റുമതി ചെയ്യുന്നതിന് ലഭ്യ മാണ്. താൽപര്യമുള്ളവർ ബന്ധപ്പെടുക.

Mr. Mazuki Chen
Jln. Raya Malingping Banyah Km.4
Desa Cilangkahan, Kec. Malingping
Lebak, Banten 42391
Indonesia
Tel: 62-818123052
Fax: 62-252-508020
Email: marzuki.chen@gmail.com

## തൂൾത്തേങ്ങയും തേങ്ങ ഷാൽപ്പൊടിയും

നല്ല ഗുണനിലവാരമുള്ള തൂൾത്തേങ്ങയും തേങ്ങപ്പാൽപ്പൊടിയും ന്യായമായ വിലയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ ബന്ധപ്പെടുക.

Ms. Susan Nguyen
Export Department
Viet Delta Corp.
20/5 Dinh Bo Linh, Ward 24
Binh Thanh District
Ho Chi Minh City
Vietnam
Tel: 84-8-35114928
Mobile: 84-01689977498
Fax: 84-8-38998085
Email: sales14@vdelta.com.vn

## തേങ്ങവെള്ളവും തേങ്ങഷാലും

ദീർഘകാലത്തേയ്ക്ക് തേങ്ങവെള്ളവും തേങ്ങപ്പാലും നൽകാൻ തയ്യാറുള്ള പ്രമുഖ ആഗോള ബ്രാൻഡുകളുമായി വ്യാപാര ബന്ധമൊന്നുമില്ലാത്ത വിതരണക്കാരെ ആവശ്യമുണ്ട്. താത്പര്യമുള്ളവർ ബന്ധപ്പെടുക.

Dr. Vinay Chand,
230, Finchley Road
London, NW36DJ
United Kingdom
Tel: 020-77945977
Fax: 020-7431 5715
Email: vinaychand@msn.com

## റിഫൈൻ വെളിച്ചെണ്ണ

പോളണ്ടിലെ ഐസ്കോട്ടിംഗ് നിർമ്മാതാവിന് റിഫൈൻ വെളിച്ചെണ്ണ ആവശ്യമുണ്ട്. ഒരു വർഷം 1000 മെട്രിക് ടണ്ണോളം വെളിച്ചെണ്ണയാണ് ഉപയോഗിക്കുന്നത്. താൽപര്യമുള്ളവർ നേരിൽ ബന്ധപ്പെടുക:

Mr. Dorota Hoffmann
Import Department
Terravita Sp. Z.o.o.
ul. Szarych Szerega 48
60-462 Poznan, Poland
Tel: 48 61 66 88 315
Fax: 48 61 822 19 31
Mobile: 609 479 239
Email: import@terravita.com.pl
Website: www.terravita.pl

## ചുരണ്ടിയ തേങ്ങ

വിവിധതരം അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി, ഇറക്കുമതിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യാപാര സ്ഥാപനത്തിന് ചുരണ്ടിയ തേങ്ങ ആവശ്യമുണ്ട്. താൽപര്യമുള്ളവർ (എക്സ്പോർട്ടിംഗ് കമ്പനികൾ) നേരിൽ ബന്ധപ്പെടുക.

Mr. Carlos Marin
Director of NISA, S.A. de CV,
Cancun-Quintana Roo Mexico
Tel: 52 998 886 88 96
Email: carlos.marin@gruponisacar.com
Office in Uruguay:
Montevideo
Tel: 00 598 2 901 06 36

## ഓർഗാനിക് (ജൈവ) തേങ്ങഷാൽ

ആസ്ത്രേലിയൻ വ്യാപാരി പസഫിക് ദ്വീപുകളിൽ നിന്ന് സർട്ടിഫൈ ചെയ്ത ഓർഗാനിക് തേങ്ങാപ്പാൽ ഇറക്കുമതി ചെയ്യുന്നതിന് താൽപര്യം പ്രകടിപ്പിച്ച് പസഫിക് ഐലൻഡ്സ് ട്രേഡ് ആന്റ് ഇൻവെസ്റ്റിനെ സമീപിച്ചിട്ടുണ്ട്. ഇപ്പോൾ അവർ തായ്‌ലൻഡിൽ നിന്നാണ് 20 ലിറ്റർ കണ്ടെയിനറുകളിൽ തേങ്ങാപ്പാൽ വാങ്ങുന്നത്. ഉൽപന്നം ഓർഗാനിക് ആണെന്ന് സർട്ടിഫൈ ചെയ്തതായിരിക്കണം. ഉൽപന്നത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ താൽപര്യമുണ്ടെങ്കിൽ ബന്ധപ്പെടുക.

Mr. Jeremy Grennell,
Pacific Island Trade & Invest,
PO Box 5407, Sydney,
NSW 2000, Australia,
Tel : 612 9290 2133
Email : jeremy.grennell@pacifictradeinvest.com

## തെങ്ങിൻ തടി

ചുവപ്പ് നിറത്തിലുള്ള തെങ്ങിൻതടിയുടേയും കരിമ്പനയുടെ തടിയുടേയും വിതരണക്കാരെ ആവശ്യമുണ്ട്. പലവിധ ഉപയോഗങ്ങൾക്കുള്ള തടികൾ (lumber/timber/ squares/ logs/planks) വിവിധ കനത്തിൽ : 20/30/40/50 മില്ലിമീറ്റർ, വീതിയിൽ : 5–15 സെൻറീമീറ്റർ (20 സെ.മീ. വരെയാകാം) സ്ക്വയർ: 5x5, 6x6, 8x8, 10x10 സെ.മീ, നീളം: 1 മീറ്റർ+, സാന്ദ്രത: ഉയർന്നതും ഇടത്തരവും, മികച്ച ഗുണമേന്മ, ഉണക്ക് (AD + KD) താൽപര്യമുള്ളവർ ബന്ധപ്പെടുക.

Mr. Mathias Pfeifhofer,
Email : brainwood@gmx.de

## ക്രൂഡ് വെളിച്ചെണ്ണ

രജിസ്റ്റേർഡ് കമ്പനിയായ KATTNA ഏജൻസി ഫിജി ലിമിറ്റഡ് കിരിബത്തിയിലെ കിരിമതി ദ്വീപ് ഫിജിയിൽ ഇറക്കുമതി ചെയ്യുന്ന കൊപ്ര ആട്ടി വെളിച്ചെണ്ണ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. ഈ ക്രൂഡ് വെളിച്ചെണ്ണയ്ക്ക് ആവശ്യമുള്ളവർ ബന്ധപ്പെടുക.

Ms. Sue, Director,
KATTNA Agency, Kiribati,
Email: kattna.agency@gmail.com

# നവംബർ : കേരകർഷകർ എന്തു ചെയ്യണം ?

**കേരളം / ലക്ഷദ്വീപ്**

രോഗങ്ങളുടേയും കീടങ്ങളുടേയും നിയന്ത്രണത്തിനായി തുലാവർഷത്തിനു ശേഷം മരുന്നുതളി നടത്തുക. ജലസേചനത്തിനായി തടം തുറക്കുക. തെങ്ങിൻതടങ്ങളിൽ തെങ്ങോലകൊണ്ട് പുതയിടുന്നത് നല്ലതാണ്. അവ അഴുകി മണ്ണിൽ ചേരുമ്പോൾ മണ്ണിന്റെ വളക്കൂറ് കൂടുകയും ജലനഷ്ടം കുറയുകയും ചെയ്യും. നനയ്ക്കു സൗകര്യമുള്ള പക്ഷം തെങ്ങിൻ നിരകൾക്കിടയിൽ പച്ചക്കറി തൈകൾ പറിച്ചു നടുക. വളർച്ചയിൽ മോശമായിട്ടുള്ളതും വളരെ താമസിച്ചു മുളച്ചതുമായ തൈകൾ നഴ്സറിയിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്. നഴ്സറിക്ക് തണൽ നാട്ടുക. വിത്തുതേങ്ങ ശേഖരിക്കുന്നതിന് ഉത്തമ മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കുക. ഇരുപത് വർഷത്തിലധികം പ്രായമുള്ള തെങ്ങുകൾ വേണം മാതൃ വൃക്ഷങ്ങളായി തെരഞ്ഞെടുക്കേണ്ടത്. പതിവായി കായ്ക്കുന്നതും വർഷത്തിൽ എൺപതിലധികം തേങ്ങ ലഭിക്കുന്നതും രോഗബാധയൊന്നുമില്ലാത്തതുമായ തെങ്ങുകളായിരിയ്ക്കണം. പൊതിച്ച തേങ്ങക്ക് ശരാശരി 600 ഗ്രാമും കൊപ്രക്ക് 150 ഗ്രാമും തൂക്കമുണ്ടായിരിക്കണം. മുപ്പതിലധികം നന്നായി വിടർന്ന ഓലകളും ഓലകൾ എല്ലാ വശങ്ങളിലേക്കും വിരിഞ്ഞു നിൽക്കുന്നതും കുട പോലെയുള്ള മണ്ടയുള്ളതുമായ തെങ്ങായിരിക്കണം. നീളം കുറഞ്ഞതും കരുത്തുറ്റതുമായ ഓലമടൽ തെങ്ങിൻ തടിയുമായി നന്നായി ചേർന്നിരിക്കണം. കുലയുടെ തണ്ട് നീളം കുറഞ്ഞതും ദൃഢവും കരുത്തുറ്റതുമായിരിക്കണമെന്നു മാത്രമല്ല, കുലയിടിയുന്നതിനുള്ള സാദ്ധ്യത ഉണ്ടായിരിക്കയുമരുത്.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗം കാണുന്നുണ്ടെങ്കിൽ കൂമ്പോലയുടെയും അതിനുതൊട്ടടുത്ത രണ്ട് ഓലകളുടെയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചുമാറ്റുക. മറ്റ് ഓലകളിൽ മുൻപ് ചീയൽ വന്നതാണെങ്കിലും മുറിച്ചുമാറ്റേണ്ട ആവശ്യമില്ല. കുമിൾ നാശിനികളായ ഹെക്സാകോണോസോൾ (കോൺടഫ് 5 ഇ) തെങ്ങൊന്നിന് 2 മി.ലി. വീതം അല്ലെങ്കിൽ മാങ്കോസേബ് (ഡൈത്തേൻ എം. 45/ഇൻഡോഫിൽ എം.45) തെങ്ങൊന്നിന് 3 ഗ്രാം വീതം 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക. 20 ഗ്രാം ഫോറേറ്റ് 10-ജി. 200 ഗ്രാം ആറ്റുമണലിൽ കലർത്തി നാമ്പോലയുടെ ചുവടിന് ചുറ്റുമായി ഇടുന്നതും ഫലപ്രദമാണ്.

ഈ നിയന്ത്രണ നടപടികൾ വർഷത്തിൽ രണ്ടു പ്രാവശ്യം അതായത് കാലവർഷം തുടങ്ങുന്നതിന് മുൻപും (ഏപ്രിൽ-മേയ്) കാലവർഷത്തിന് ശേഷവും (ഒക്ടോബർ-നവംബർ) സ്വീകരിക്കുന്നത് ഓലചീയൽ രോഗത്തിനെതിരെയും മറ്റ് കീടനിയന്ത്രണത്തിനും ഫലവത്താണ്.

കൂമ്പുചീയൽ കാണുന്ന പക്ഷം മൂർച്ചയേറിയ കത്തി ഉപയോഗിച്ച് കൂമ്പിലേയും മണ്ടയിലേയും ചീഞ്ഞ ഭാഗങ്ങൾ മുറിച്ചുമാറ്റി 10 ശതമാനം വീര്യമുള്ള ബോർഡോകുഴമ്പ് (100 ഗ്രാം തുരിശും 100 ഗ്രാം ചുണ്ണാമ്പും വെവ്വേറെ 500 മി.ലി. വീതം വെള്ളത്തിൽ കലക്കി ലയിപ്പിച്ച് ഒരു ലിറ്റർ കുഴമ്പാക്കിയത്) പുരട്ടിയ ശേഷം മഴവെള്ളം കടക്കാത്ത രീതിയിലും എന്നാൽ ആവശ്യമായ വായുസഞ്ചാരം കിട്ടത്തക്കവിധത്തിലും പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് മൂടുക. മാങ്കോസെബ് (10%) എന്ന കുമിൾ നാശിനിയും ഉപയോഗിക്കാം. എല്ലാ കൊല്ലവും വർഷകാലത്ത് കൂമ്പ് ചീയൽ ഉണ്ടാകാറുള്ള തോട്ടങ്ങളിൽ ഒരു പ്രതിരോധ നടപടിയെന്ന നിലയിൽ തെങ്ങുകൾക്ക് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കുക.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിച്ച് മണ്ഡരി ബാധയെ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കുസോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം. ആദ്യമായി 5 ഗ്രാം സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ 20 മി. ലി. വേപ്പെണ്ണ ഒഴിച്ച് നന്നായി യോജിപ്പിക്കുക. 20 ഗ്രാം വെളുത്തുള്ളി നന്നായി അരച്ച് ബാക്കി അര ലിറ്റർ വെള്ളത്തിൽ കലർത്തുക. ഇത് ഒരു തുണിയിലൂടെ അരിച്ചെടുത്ത്, ആദ്യം തയ്യാറാക്കിയ സോപ്പ്-വേപ്പെണ്ണ മിശ്രിതവുമായി ചേർത്ത് നന്നായി ഇളക്കുക. ഈ




*ചെമ്പൻചെല്ലിയുടെ ജീവിത ചക്രം*



*കൊമ്പൻചെല്ലിയുടെ ജീവിത ചക്രം*

മിശ്രിതം അതാതു ദിവസം തന്നെ ഉണ്ടാക്കി ഉപയോഗിക്കേണ്ടതാണ്. വേപ്പെണ്ണ–വെളുത്തുള്ളി മിശ്രിതത്തിനുപകരം അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി. ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കാനായി ഉപയോഗിയ്ക്കാം.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10–15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യൂബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

ചെമ്പൻചെല്ലിയെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബറിൽ (20ഗ്രാം കാർബറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴിച്ചു കൊടുത്ത ശേഷം ആ ദ്വാരം അടയ്ക്കുക. ചെമ്പൻചെല്ലിക്കെതിരെ ഒരു പ്രദേശത്തൊട്ടാകെയുള്ള കർഷകർക്ക് ഒരുമിച്ച് ഫിറമോൺ കെണി ഉപയോഗിക്കാവുന്നതാണ്.

പൂങ്കുലച്ചാഴി വെള്ളയ്ക്കയും മച്ചിങ്ങയും കുത്തി വീഴ്ത്തും. കുത്തേറ്റ ഭാഗത്തെ വിള്ളലുകളിൽ നിന്ന് പശപോലെ കട്ടിയായ ഒരു ദ്രാവകം പുറത്തുവരുന്നത് കാണാം. 0.1 ശതമാനം വീര്യമുള്ള കാർബാറിൽ എന്ന കീടനാശിനി വിടരാത്ത കൊതുമ്പിലും കുലകളിലും തളിയ്ക്കണം. ആവശ്യമെങ്കിൽ ഒന്നര മാസം കഴിഞ്ഞ് മരുന്നുതളി ആവർത്തിക്കണം.

**ആൻഡമാൻ–നിക്കോബാർ ദ്വീപുകൾ**

ചെന്നീരൊലിപ്പുരോഗം ബാധിച്ച തെങ്ങുകൾക്കു വേണ്ട പ്രതിരോധ നടപടികൾ സ്വീകരിക്കുക. ചെന്നീരൊലിപ്പു രോഗത്തിന്റെ ലക്ഷണമുള്ള തെങ്ങുകളുടെ കേടുവന്ന ഭാഗം ചെത്തി നീക്കി അവിടെ 5 ശതമാനം വീര്യമുള്ള കാലിക്സിൻ പുരട്ടുക. ഇത് ഉണങ്ങിക്കഴിഞ്ഞാൽ ചൂടുള്ള കോൾടാർ പുരട്ടുക. 5 ശതമാനം വീര്യമുള്ള കാലിക്സിൻ 100 മി. ലിറ്റർ എന്ന തോതിൽ മൂന്നുമാസത്തിലൊരിക്കൽ അതായത് ജൂൺ, ഒക്ടോബർ, ജനുവരി എന്നീ മാസങ്ങളിൽ വേരുവഴി നൽകിയാൽ ചെന്നീരൊലിപ്പു രോഗത്തെ ചെറുത്തു നിൽക്കുവാൻ സാധിക്കും. രോഗം ബാധിച്ച തെങ്ങുകൾക്ക് പ്രതിവർഷം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുക.

തോട്ടത്തിൽ ഈർപ്പം ക്രമീകരിക്കുകയും ജലനിർഗ്ഗമനച്ചാലുകൾ ഉണ്ടാക്കുകയും ചെയ്യുക. വേനൽക്കാലത്ത് തോട്ടം നനയ്ക്കുക. മുളക്കാത്തതും മോശമായതുമായ തൈകൾ നഴ്സറിയിൽ നിന്ന് നീക്കം ചെയ്യുക.

**തമിഴ്നാട് / പോണ്ടിച്ചേരി**

തോട്ടം ഉഴുക. രണ്ടാം ഗഡു രാസവള പ്രയോഗം നടത്തിയിട്ടില്ലാത്ത തോട്ടത്തിൽ വളം ഇട്ടുകൊടുക്കുക. നന ലഭിക്കുന്ന തോട്ടങ്ങളിൽ അവസാന ഗഡു രാസവളപ്രയോഗം നടത്തുക.

തഞ്ചാവൂർ വാട്ടം രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ താഴെ പറയുന്ന നടപടികൾ കൈക്കൊള്ളുക. മണ്ണിൽ കൂടി രോഗം പടരാതിരിക്കാൻ രോഗബാധയുള്ള തെങ്ങിനു ചുറ്റും ഒരു മീറ്റർ ആഴത്തിലും 30 സെ.മീ. വീതിയിലുമുള്ള കുഴിയെടുക്കുക. രോഗം രൂക്ഷമായി ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി കത്തിച്ചുകളയുക. തടിയിൽ കേടായ ഭാഗങ്ങൾ ചെത്തി മാറ്റി ചൂടാക്കിയ ടാർ പുരട്ടുക. സാധാരണ രീതിയിലുള്ള വളപ്രയോഗത്തിനു പുറമെ തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്കും മറ്റു ജൈവവളങ്ങളും ചേർക്കുക. തടത്തിൽ ഈർപ്പ സംരക്ഷണത്തിനായി പുതയിടുക.

തോട്ടത്തിൽ നിന്ന് കളകൾ നീക്കം ചെയ്യുകയും വളർച്ചയില്ലാത്ത തൈകൾ പറിച്ചു മാറ്റുകയും ചെയ്യുക.

മണ്ഡരി ശല്യം ഉണ്ടെങ്കിൽ 2 ശതമാനം വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം (20 മി.ലി. വേപ്പെണ്ണ + 20 ഗ്രാം വെളുത്തുള്ളി + 5 ഗ്രാം ബാർസോപ്പ് + 1 ലിറ്റർ വെള്ളം) വെള്ളയ്ക്കപ്രായമായ എല്ലാ കുലകളും നനയത്തക്കവിധം തളിക്കുക.

0.01 ശതമാനം അസാഡിറാക്ടിൻ അടങ്ങിയ ജൈവിക കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ 4 മി.ലി. എന്ന തോതിൽ കലർത്തി തളിക്കുക. അല്ലെങ്കിൽ 7.5 മി.ലി. അസാഡിറാക്ടിൻ തുല്യ അളവ് വെള്ളത്തിൽ കലർത്തി വേരുവഴി നൽകാം.

**കർണ്ണാടകം**

തോട്ടം ഉഴുക. കഴിഞ്ഞമാസം വളപ്രയോഗം നടത്താത്ത പക്ഷം രണ്ടാം ഗഡു വളപ്രയോഗം നടത്തുക. വളർച്ചയിൽ മോശമായിട്ടുള്ളതും അഞ്ച് മാസത്തിനകം മുളക്കാത്തതുമായ തൈകൾ നഴ്സറിയിൽ നിന്ന് നീക്കം ചെയ്യുന്നതോടൊപ്പം കളകളും നീക്കം ചെയ്യുക.

മണ്ഡരി ശല്യം ഉണ്ടെങ്കിൽ 2 ശതമാനം വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം (20 മി.ലി. വേപ്പെണ്ണ + 20 ഗ്രാം വെളുത്തുള്ളി + 5 ഗ്രാം ബാർസോപ്പ് + 1 ലിറ്റർ വെള്ളം) വെള്ളയ്ക്കപ്രായമായ എല്ലാ കുലകളും നനയത്തക്കവിധം തളിക്കുക.

0.01 ശതമാനം അസാഡിറാക്ടിൻ അടങ്ങിയ ജൈവിക കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ 4 മി.ലി. എന്ന തോതിൽ കലർത്തി തളിക്കുക. അല്ലെങ്കിൽ 7.5 മി.ലി. അസാഡിറാക്ടിൻ തുല്യ അളവ് വെള്ളത്തിൽ കലർത്തി വേരുവഴി നൽകാം.

തെങ്ങോലപ്പുഴുവിന്റെ ആക്രമണമുള്ള പക്ഷം കീടത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് എതിർപ്രാണികളായ ഗോണിയോസിസ് നെഫാന്റഡീസ്, എലാസ്മസ് നെഫാന്റിഡീസ്, ബ്രാക്കിമേറിയ നോസറ്റോയി എന്നിവയെ നിർദ്ദിഷ്ട തോതിൽ തുറന്നു വിടുക. തീവ്രമായി കീടബാധയേറ്റ തെങ്ങുകളുടെ ഒന്നോ രണ്ടോ പുറം ഓലകൾ വെട്ടിമാറ്റി തീയിട്ടു നശിപ്പിച്ച ശേഷം ബാക്കിയുള്ള ഓലകളിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ചു കൊടുക്കുക.



## മുഖക്കുറി



കേരമേഖലയിലെ ക്ഷീണത്തിന് ആശ്വാസമായി കരിക്കിന്റേയും നീരയുടെയും ഇതര മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെയും പുതുവഴികൾ തെളിയുന്നു. ഒരു വാതിൽ അടയുമ്പോൾ നൂറ് വാതിൽ തുറക്കുമെന്ന പ്രത്യാശയോടെ,

പായിപ്ര രാധാകൃഷ്ണൻ

നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ അദ്ധ്യാപക വിഭാഗത്തിൽ ഒന്നാംസ്ഥാനം നേടിയ ലേഖനം

# ഇരുപതാണ്ടിന്റെ നാൾവഴികളിലൂടെ...

*സഞ്ജയ് എം.എസ്, ഒൻപതാം തരം, ഫാത്തിമമാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പിറവം*

ഒരുപക്ഷേ ഇത്തരമൊരു ആത്മകഥ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും. ഇതിലെഴുതുന്ന ഓരോ വരിയും മുൻകൂട്ടി തീരുമാനിച്ചവയല്ല. ഞാനാകുന്ന കൊന്നതെങ്ങ് ദൈവത്തിന്റെ അനുഗ്രഹമായി തോന്നിയേക്കാം. പ്രപഞ്ചകർത്താവായ അദ്ദേഹവുമായുള്ള ഓരോ സംഭാഷണത്തിനിടയിലും ഈ സമസ്യ കടന്നുവന്നിട്ടുണ്ട്. നിരവധി സങ്കീർണ്ണതകൾ അനുഭവിച്ചിട്ടും ഞാൻ ഇരുപത്തിയഞ്ച് കൊല്ലമായി തല ഉയർത്തിപ്പിടിച്ച് നിൽക്കുന്നു. എന്നാൽ അന്ത്യനാളുകൾ അടുത്തു എന്ന് മനസ്സിലാകുമ്പോൾ നാം അനുഭവിക്കുന്ന നിഗൂഢമായ ഒരു ഭീതി (അതെത്ര മനക്കരുത്തുണ്ടായാലും), നാമറിയാതെ വന്ന് പൊതിയും.

ഏതൊരാത്മകഥയേയും പോലെ ഞാൻ പതിവുശൈലിയിൽ ജനനം മുതൽ തുടങ്ങുന്നു. ഗാന്ധിജിപോലും സത്യാന്വേഷണ പരീക്ഷണ കഥയിൽ അവലംബിച്ച അതേ സ്ഥിരം ശൈലി. ഉണ്ണി ആ പുസ്തകം ഇരുന്ന് വായിച്ചത് (ഒരു ഒക്ടോബർ 2 -ാം തീയതി) ഞാനിന്നും തെളിമയോടെ ഓർക്കുന്നു. എറണാകുളം ജില്ലയിലെ മണീട് എന്ന പ്രദേശത്താണ് എന്റെ ജന്മം എന്ന് പറയാം (വെറും കേട്ടറിവ്). ഇവിടുത്തെ ഏറ്റവും തലയെടുപ്പുള്ള തെങ്ങ് ഞാനാണെന്ന് പറയേണ്ടതില്ലല്ലോ. ഒരുപക്ഷേ അതിന്റെ തെല്ലൊരഹങ്കാരം എനിക്കുണ്ടെന്ന് കൂട്ടിക്കോളൂ. ആ അഹങ്കാരത്തിന് ദൈവം ക്ഷമിക്കട്ടെ. ഇവിടുള്ള ഒരു വീട്ടിലേക്കാണ് ഞാൻ ആദ്യം എത്തിപ്പെട്ടത്. അവിടുത്തെ കാരണവർ എനിക്കാദ്യമായി കുടിനീർ പകർന്നുനൽകി (അതിന് ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു). തുടക്കത്തിൽ ഞാൻ പുലർത്തിയ ആശങ്ക



എനിക്കിപ്പോൾ ഇല്ല കേട്ടോ. ബാല്യകാല സ്മരണകളിൽ ഏറ്റവും കടുത്തത് ഏത് എന്ന് ചോദിച്ചാൽ ഞാൻ കുടുങ്ങും, പുതിയൊരു നാമ്പ് മുളച്ചപ്പൊഴും നൈട്രജനും പൊട്ടാസ്യവും പലരൂപത്തിൽ ഞാൻ ആവാഹിച്ചതും അവയുമായി ചങ്ങാത്തം കൂടിയതുമൊക്കെ വർണ്ണാഭമായ കുട്ടിക്കാലം നിങ്ങൾക്ക് മാത്രമല്ല, ഞങ്ങൾക്കുമുണ്ട്. പക്ഷേ, യൂണിസെഫ് പോലുള്ള സംഘടനകളില്ല, ശിശുദിനമില്ല. 2010 ഏപ്രിൽ 1 ന് നടപ്പിലാക്കിയ എല്ലാ 14 വയസ്സിനുതാഴെയുള്ള കുട്ടികൾക്കും ഭക്ഷണവും വിദ്യാഭ്യാസവും എന്ന ബില്ലുകളും ഞങ്ങൾക്കില്ല. നിങ്ങൾക്കൊരുപക്ഷേ ആശ്ചര്യം തോന്നിയേക്കാം, എന്നിരുന്നാലും പറയാതെ വയ്യ ഞാൻ എന്റെ ഗൃഹപ്രവേശം നടത്തിയത് ഒരു ജൂൺ 5-ാം തീയതിയാണ്. ദൈവത്തിന്റെ മറ്റൊരു വിചിത്രമായ ജീവിതചിത്രം. 1972ൽ തീരുമാനിച്ച പരിസ്ഥിതി ദിനമായിരുന്നു അതെന്ന് അന്നാരോർക്കുന്നു.

ബാല്യം വിട്ട് കൗമാരത്തിന്റെ സുവർണ്ണ വാതിലുകൾ മലർക്കെ എന്റെ മുന്നിൽ തുറന്നു. ഇളം നാമ്പുകൾ മാറി ഞാൻ ശക്തി നേടി. എന്തെന്നില്ലാത്ത ഒരു മനക്കട്ടി എനിക്ക് വന്നുചേർന്നു. ഇതിനിടയിൽ എനിക്ക് ചുറ്റും പലമാറ്റങ്ങളും വന്നു. എന്നോടൊപ്പം വളർന്ന മറ്റു തെങ്ങുകൾ വളർന്നതെത്ര, തളർന്നതെത്ര. കൗമാരത്തിന്റെ മധ്യത്തിൽ ഞാൻ ആദ്യമായി കായ്ച്ചപ്പോൾ എനിക്കുണ്ടായ ആനന്ദം പറഞ്ഞറിയിക്ക വയ്യ. തളപ്പിട്ട് ഒരു വ്യക്തി

എന്റെ മേൽകയറി. അരോഗദൃഢഗാത്രനായ ആ വ്യക്തിയുടെ തഴമ്പ് ഇന്നെനിക്ക് സുപരിചിതം. പക്ഷേ, പുതിയ ആധുനിക സജ്ജീകരണങ്ങൾ വന്നെന്നുമാത്രം. ഈ നാളുകൾക്കിടയിൽ നടന്ന ചില സംഭവങ്ങൾ വിട്ടുപോയി. എന്റെ ശത്രുവായ കൊമ്പൻ ചെല്ലിയാണ് ഈ കഥയിലെ വില്ലൻ. എന്റെ കവിളുകളിൽ കയറിയിരുന്ന് പുതിയ നാമ്പുകൾ മുളയ്ക്കും മുമ്പേ നശിപ്പിച്ചു തുടങ്ങി. വേദന കൊണ്ട് ഞാൻ പിടയുമ്പോഴും അവൻ എന്നെ ആഞ്ഞാഞ്ഞു കടിച്ചുകൊണ്ടിരുന്നു. താണുകേണപേക്ഷിച്ചിട്ടും അവൻ കൂട്ടാക്കിയില്ല. ഒടുവിൽ വീട്ടുകാർ കമ്പ് വെച്ച് കുത്തി അവനെ ശരിപ്പെടുത്തി. പിന്നീട് തുരിശും മണലും കുമ്മായവും ചേർന്ന മിശ്രിതം ഉപയോഗിച്ചും എന്നെ രക്ഷിച്ചു. ഏതൊരു കഥയിലേയും കറുത്ത അദ്ധ്യായം പോലെ അവ ഞാൻ മറക്കാനാഗ്രഹിക്കുന്നു. ഈ കാലയളവിൽ ഞാൻ പലരീതിയിലും മനുഷ്യനെ സഹായിച്ചു. അമ്പലത്തിലും പള്ളിയിലും കൊടി തോരണമായും അടുപ്പിലെ ചൂട്ടായും ക്രിക്കറ്റിലെ സ്റ്റമ്പായും ബാറ്റായും കൊപ്രയാട്ടി ഭക്ഷ്യഎണ്ണയായും പലരീതിയിൽ ഹരിതാഭ നിറഞ്ഞ കേരളത്തിനെ ഭക്ഷ്യ സമ്പത്ത് കൊണ്ടു നിറയ്ക്കാനും സാധിച്ചു.

യൗവ്വനത്തിന്റെ കാലയളവിൽ എനിക്ക് ചുറ്റും പല മാറ്റങ്ങളും വന്നു. ആട്ടിൻകാട്ടവും ചാണകവും മാറി രാസവളങ്ങളെത്തി. എന്റെ മുമ്പിൽ പൈതൃകസമ്പത്തായി വിളങ്ങിനിന്ന നാലുകെട്ട് പൊളിച്ചുനീക്കപ്പെട്ടു. ഓണക്കാലത്ത് പൂത്തുലഞ്ഞ് നിന്ന തുമ്പയും മുക്കൂറ്റിയും മറ്റ് പല പൂക്കളും തൊടിയിൽ നിന്ന് മാഞ്ഞുപോയി. ഇവയെല്ലാം ഒന്നല്ലെങ്കിൽ മറ്റൊരുരീതിയിൽ എന്റെ ജീവിതവുമായി ബന്ധപ്പെട്ടിരുന്നു. യുഗാന്തരങ്ങളോളം കാത്തുസൂക്ഷിച്ച ഒരാത്മബന്ധം. അവ ലോറികളിൽ കൊണ്ടുപോകുമ്പോൾ എന്റെ ശരീരഭാഗം അറ്റുപോയത് പോലെ തോന്നി. അപ്പോഴെല്ലാം എനിക്കാശ്വാസമായത് ദൈവവുമായി നടത്തിയ ചില സംഭാഷണങ്ങളാണ്. ഇന്നിതാ എന്റെ അന്ത്യവും അടുത്തിരിക്കുന്നു. എനിക്ക് മുന്നിലുള്ള വൻകിട ഫ്ളാറ്റിന് ഞാനപവാദമാകുന്നതു വരെ മാത്രം എനിക്ക് ആയുസ്സ്. അല്ലെങ്കിൽ സായിപ്പ് ഗെറ്റൗട്ട് അടിക്കുന്നതുവരെ.. അതുവരെ മാത്രം........

കേരപ്പഴമ

# ഹോർത്തൂസ് മലബാറിക്കസും തെങ്ങും

*പായിപ്ര രാധാകൃഷ്ണൻ*

മലയാള ലിപിയിൽ അച്ചടി മഷി പുരണ്ട ആദ്യപുസ്തകമാണ് ഹോർത്തൂസ് മലബാറിക്കസ്. കേരളത്തിലെ ഔഷധസസ്യങ്ങളുടെ സമഗ്ര വിജ്ഞാനം പകരുന്ന ഈ സചിത്ര ഗ്രന്ഥത്തിന്റെ രചയിതാവ് വാൻറീഡാണ്. ആ കൃതിയ്ക്ക് പ്രേരകമായതാകട്ടെ ഇട്ടി അച്യുതൻ വൈദ്യരുടെ 'കേരളാരാമ'വും. കൊച്ചിയിൽ വെച്ച് തയ്യാറാക്കി ഹോളണ്ടിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമിൽ 1678ൽ പ്രസിദ്ധീകരിക്കപ്പെട്ടതാണ് 'ഹോർത്തൂസ് മലബാറിക്കസ്' (മലബാറിന്റെ പൂന്തോട്ടം). മലയാളം, അറബി, കൊങ്കണി ഭാഷകളാണ് ഇതിൽ ഉപയോഗിച്ചിട്ടുള്ളത്.



ഈ മഹദ് ഗ്രന്ഥത്തിന്റെ ഒന്നാം വാല്യത്തിലെ ആദ്യചിത്രങ്ങളിൽ തന്നെ റോമൻ ലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്നത് തെങ്ങിനെക്കുറിച്ചാണ്. ചൊട്ടയിൽ കട്ടം വെച്ചിട്ടുള്ള തെങ്ങിന്റേയും തെങ്ങോലയുടേയും, തേങ്ങക്കുലയുടേയും ചിത്രങ്ങൾ കൊടുത്തിട്ടുണ്ട്. തെങ്ങിന്റെ ഔഷധഗുണങ്ങളും കൃതിയിൽ വിവരിക്കുന്നുണ്ട്.

തെങ്ങ് തരുന്ന മധുരദ്രവത്തെക്കുറിച്ചും തെങ്ങിന്റേയും തേങ്ങയുടേയും ഉത്ഭവത്തെക്കുറിച്ചും വളർച്ചയെക്കുറിച്ചും ഓരോ ഘട്ടത്തിലുമുള്ള ആകൃതി, ഉപയോഗം എന്നിവയെക്കുറിച്ചും വിശദമായി ഇതിൽ പ്രതിപാദിക്കുന്നു.

കള്ള് ചെത്തിനെക്കുറിച്ച് മൂന്നര നൂറ്റാണ്ട് മുമ്പ് ഈ ഗ്രന്ഥത്തിൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ കൗതുകകരമത്രേ.

"തെങ്ങിൽ നിന്നും സൂരി എന്ന വീഞ്ഞുപോലുള്ള ലഹരിയുണ്ടാക്കുന്ന പാനീയം ലഭിക്കുന്നു. സ്വാദിഷ്ടമായതും നേർത്ത മധുരം, അൽപ്പം ഉപ്പ് രസവും അമ്ലരസവുമുണ്ട്. എടുത്ത ഉടനെ നല്ല മധുരം, നേരം വൈകുന്നതിനനുസരിച്ച് അമ്ലരസം, നിറം അൽപ്പം വെളുത്ത് ആകാശനീലിമയുള്ളതും വിളറിയതും, കുമിളകൾ നിറഞ്ഞ് പതഞ്ഞ് പൊങ്ങുന്ന ഉപരിതലം, ചുരുങ്ങിയ സമയം കൊണ്ട് കിണ്വനം നടക്കുന്നു. തത്സമയം സീൽക്കാര ശബ്ദം പുറപ്പെടുവിക്കുകയും ശക്തികൂടിയതും വീര്യമുള്ളതുമായ തുള്ളികൾ വായുവിലേക്ക് ഉയരുകയും ചെയ്യുന്നു. വലിയ ഭാരം ധാന്യമാവ് പുളിപ്പിക്കുവാനുള്ള കഴിവുണ്ട്. ഇതിൽ നിന്നും ലഹരിയുള്ള മദ്യം, വിനാഗിരി, ഇയാഗ്ര (iagre) എന്ന ചക്കരയും ഉണ്ടാക്കുന്നു.

കാർട്ടൂൺ



നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ അദ്ധ്യാപക വിഭാഗത്തിൽ രണ്ടാംസമ്മാനം നേടിയ കവിത

# മാപ്പുസാക്ഷി

*ജയശ്രീ പള്ളിക്കൽ, എബനേസർ ഇംഗ്ലീഷ് സ്കൂൾ, ഇടയ്ക്കാട്, കടമ്പനാട് വഴി, കൊല്ലം - 691522*

എവിടെ ഹരിതം ചാർത്തി-
യെന്നെച്ചാമരം വീശി-
ത്തണലുമിളനീരും തന്നു
പോറ്റിയൊരക്കയ്യുകൾ........?

മച്ചിങ്ങ തട്ടിക്കളി -
ച്ചുള്ളൊരെൻ ബാല്യം പിന്നെ -
ക്കൊച്ചോലപ്പീപ്പിയൂതി -
ത്തിമിർത്ത കൗമാരവും;

പല്ലവാഭയാൽ മിന്നു-
മക്കുരുത്തോലപ്പന്തൽ
തന്നിലായാഘോഷിച്ച
വേലയും വെടിക്കെട്ടും .........!

മംഗല്യവേദിക്കുള്ളിൽ -
പ്പൂങ്കുലശ്രീയായ് വിട -
ർന്നെന്നൊടൊത്തെക്കാലവും
വാണൊരാ വരദയെ ......

എന്തു ഞാൻ വിളിക്കേണ-
മമ്മയെന്നോ, സർവ്വം -
പങ്കിടാൻ കൂടെക്കൂടു-
മാത്മ മിത്രമേയെന്നോ .........?

കവികൾ പുകഴ്ത്തിയ
നല്ലിളം കള്ളാലെന്റെ
കരളിൽക്കുളിരിന്റെ
കുളിരായ്പ്പതഞ്ഞതും....!

ഉഗ്രമാം തുലാവർഷ-
നർത്തനം തളർത്തുമെൻ
കൊച്ചു കൂരതൻ മേലാ-
പ്പസ്ഥി ബന്ധവും നീയേ.....!

അക്കാലം രാവിൽ, ത്തേങ്ങ-
ലൊത്തമർത്തുമെൻ ദഗ്ദ്ധ-
സ്വപ്നത്തിൻ വിയർപ്പേറ്റു
വേർത്തൊരാ പഴംകട്ടിൽ .....!

ഒക്കെ നീയല്ലീ, കഞ്ഞി-
ക്കലത്തിൽ തിളച്ചൊരാ -
കൊച്ചു നക്ഷത്രങ്ങൾ നിൻ
ദാനമെന്നോർക്കുന്നു ഞാൻ ....!

അതിന്നായെരിഞ്ഞതും
നിൻ പ്രിയാംഗങ്ങൾ, ഓർക്കിൽ
കടപ്പാടെത്ര...... ചൊന്നാൽ
ത്തീരുമോ വിധേയത്വം?

ഏറുമാ വിശപ്പിനാൽ -
ക്കാർന്നുതിന്നു നിൻ നെഞ്ച-
മാമുലപ്പാലാൽ പ്രാണൻ
ധരിച്ചൂ നിന്നാത്മജർ ...........

പാട്ടമായ്ക്കൊടുത്തിട്ടു
പണത്തെ വരിച്ചെത്ര
വീട്ടുകാര്യങ്ങൾക്കേവ -
മുത്തരം കണ്ടെന്നു ഞാൻ .....!

എങ്ങുമേയലങ്കാര-
ത്തിനു നിർബന്ധം ഇന്നും,
ചെന്തെങ്ങിൻ കുലകള-
ത്യന്തമായപൂർവ്വവും....!

തൊണ്ടായിപ്പൂകഞ്ഞും
ചിരട്ടയായിക്കരി,ഞ്ഞിറുകി
പ്പിരിഞ്ഞു നീ കയറായ് -
കാർപെറ്റായീ.........

ക്കാണാനേറെ കൗതുകം
ചാർത്തിടുമവതാരങ്ങൾ .........!
എത്രയോ നിയോഗങ്ങൾ,
നിനക്കിങ്ങോരേ ജന്മം .....!

എന്റെ നാടിന്നായൊരു
സ്വത്വവും പേരും പക-
ർന്നന്നു തന്നതും നിന്റെ
നന്മയല്ലാതെന്തുള്ളു.....!

എങ്കിലും മറന്നിതാ
നിന്മക്കൾ, ലാഭക്കൊതി,
ഞങ്ങൾക്കന്യരായ് മാറ്റീ
ഞങ്ങളെത്താനേ ! കഷ്ടം...!

മുറ്റുത്തു നിൽക്കും നിന്റെ
കുറ്റിയും വിറകാക്കി
റബ്ബറെപ്പരിചരി -
ക്കുന്നു ഞാനെൻ കൂട്ടരും .....!

നാണയക്കിലുക്കത്തിൻ
വന്യമോഹത്തിൽച്ചോർന്ന
നാടിതിൻ നന്മച്ചാർത്തിൽ
കാമധേനുവാം നീയും;
ദാരുണമകപ്പെട്ടു,......
പെട്ടുപോയ്, പൊറുത്താലും ......!

മണ്ഡരിക്കുണ്ടായിടാം-
മരുന്നെന്നാലും മനം-
കാർന്നു തീർത്തീടുന്നതാം
സ്വാർത്ഥത്തിനുണ്ടാകുമോ?

യന്ത്രമായ്ത്തീർന്നു ഞങ്ങൾ
'കോളയും മിനറലു'
മെത്രമേൽ ശ്രമിച്ചിട്ടും
തീരുന്നതില്ലാ ദാഹം....!
കേൾക്കുവാൻ മറന്നേ പോയി
തൂക്കണാം കുരുവി - ഹൃദ്
ഭേദ്യമായ്പ്പറഞ്ഞൊരാ-
പ്പയ്യാരം ...... പരിഭവം ........!

നിത്യവും തിരക്കാണ്
ഓർമ്മകൾക്കിടമില്ല;
നിർദ്ദയം മുറിപ്പെടു-
ത്തീടണം മരത്തിനെ -
യിത്തരം ദിനചര്യ-
ഹൃത്തടം മരുവാക്കി
അകത്തിന്നില്ലായിള-
നീരിന്റെ മധുരവും
കനിവും റബ്ബർ പാലിൻ -
നിസ്സംഗ സഖ്യം മൂലം....!

എങ്കിലുമൊറ്റയ്ക്കിരു-
ന്നീടുകിൽ.... ചിലവേള
ഞങ്ങളിൽ, ഞങ്ങൾ വന്നു
ചേരുമാ, നേരങ്ങളിൽ....
നിന്നെയോർത്തൊരു തുള്ളി
വെള്ളമെൻ നേത്രങ്ങളിൽ
വന്നിടു ..... മോർക്കും, 'നന്മ-
യന്ത്രത്തെക്കരയിപ്പൂ .....!!

മറക്കാനാമോ.........? ഓർമ്മ -
യുറച്ചൊരന്നാൾ മുതൽ.....
നീറച്ചീലയോ എന്റെ-
യകവും പുറവും നീ...!

ജീവിപ്പാൻ, ജീവൻ ത്യജി-
ച്ചിടുവാനൊപ്പം കൂടും
സ്നേഹത്തിൻ പര്യായമേ -
മാപ്പു ചോദിക്കുന്നു ഞാൻ....!

പൊറുക്കൂ! ഭൂമാതാവും
ഗോമാതാ സ്വമാതാവും
സഹിപ്പൂ, ഇമ്മക്കളെ-
ത്താങ്ങുവാനരുതാതെ....

ഈർക്കിലിത്തുഞ്ചം കോർത്തി-
ട്ടെത്രയുമടിച്ചോളൂ ....
ആർത്തിപൂണ്ട നിൻ മക്കൾ
കൃതഘ്നർ ...... നന്നാവട്ടെ.....!

കൽപ്പിച്ചതെന്തും തന്നു -
പോറ്റിയൊരമ്മേ, ധന്യേ
കൽപവൃക്ഷമേ നാളെ-
പ്പുലരും നിൻ മാഹാത്മ്യം .....!!

# തെങ്ങിൻതോട്ടങ്ങളിൽ ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിന് ബോർഡും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും കൈകോർക്കുന്നു



*ബോർഡ് ഉദ്യോഗസ്ഥർ കോട്ടയ്ക്കൽ ആര്യവൈദ്യശാല ജനറൽ മാനേജർ ശ്രീ. എം.എസ്. മണി ഐഎഎസ് (റിട്ട.) മായി ചർച്ചയിൽ*

ആയുർവ്വേദ ചികിത്സ രംഗത്ത് ഔഷധച്ചെടികൾക്ക് വളരെയേറെ ക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. സംഘടിതമായ കൃഷിയുടേയും വിപണനസൗകര്യത്തിന്റേയും അഭാവമാണ് അതിന് പ്രധാനകാരണം. ഇത്തരുണത്തിൽ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരോത്പാദക സംഘങ്ങൾക്ക് തെങ്ങിൻ തോട്ടത്തിൽ ഇടവിളയായി ഔഷധസസ്യങ്ങൾ കൃഷി ചെയ്യാനുള്ള സാദ്ധ്യതകൾ കണ്ടെത്താനായി ഇക്കഴിഞ്ഞ സെപ്തംബർ 21-ാം തീയതി കോട്ടയ്ക്കൽ ആര്യവൈദ്യശാല ജനറൽ മാനേജർ ശ്രീ. എം. എസ്. മണി ഐഎഎസ് (റിട്ട.) മായി ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. രമണി ഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ ചാർജ്ജ് ഓഫീസർമാരായ ടെക്നിക്കൽ ആഫീസർ ശ്രീ. സി. ശശികുമാർ, അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസർ ശ്രീ. കെ.എസ്. സെബാസ്റ്റ്യൻ, ടെക്നിക്കൽ ഓഫീസർ ശ്രീമതി. കെ. മൃദുല, ഫീൽഡ് ഓഫീസർ ശ്രീ. കെ. എം. വിജയൻ എന്നിവർ ഉൾപ്പെട്ട സംഘം ആര്യവൈദ്യശാല ആസ്ഥാനത്ത് ചർച്ച നടത്തി.

വടക്കൻ ജില്ലകളിലെ നാളികേരോത്പാദക സംഘങ്ങൾക്ക് ഔഷധസസ്യകൃഷിയെക്കുറിച്ച് ബോധവത്ക്കരണം നടത്താനും വിവിധതരം ഔഷധസസ്യങ്ങളുടെ നടീൽ സാമഗ്രികളുടെ ആവശ്യകത വിലയിരുത്തി നവംബർ 30-ാം തീയതി സംഘാംഗങ്ങൾ ആര്യവൈദ്യശാലയെ അറിയിക്കാനും തീരുമാനിച്ചു. ഔഷധ കൃഷിയിൽ ഇപ്പോൾ തന്നെ ഏർപ്പെട്ടിരിക്കുന്ന കർഷകരുണ്ടെങ്കിൽ വിപണനത്തിനുള്ള ഔഷധസസ്യങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തിയശേഷം വിൽപനയ്ക്കായി കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ എത്തിക്കാൻ ആവശ്യമായ സഹായം ചെയ്തു കൊടുക്കുന്നതാണ്. നടീൽ സാമഗ്രികളുടെ ആവശ്യകത ലഭ്യമാകുന്നതനുസരിച്ച് ശതാവരിയുടേയും പാൽമുതുക്കിന്റേയും തൈകൾ ഉത്പാദിപ്പിച്ച് 2013 മെയ് – ജൂൺ മാസത്തോടെ സൗജന്യമായി നൽകുന്നതും മറ്റ് ഔഷധസസ്യങ്ങൾ ആവശ്യമനുസരിച്ച് വിലയ്ക്ക് നൽകുന്നതുമാണ്.

കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ കണക്കനുസരിച്ച് ഒരു ഏക്കർ സ്ഥലത്ത് ഔഷധക്കൃഷി ചെയ്താൽ മൂന്നാം വർഷം മുതൽ ഒരുലക്ഷം രൂപ ആദായം ലഭിക്കുന്നതാണ്. ഒരു ഏക്കർ സ്ഥലത്ത് ശതാവരി കൃഷി ചെയ്താൽ 3 ടൺ കിഴങ്ങ് ലഭിക്കും. ഒരു കിലോഗ്രാം ശതാവരിക്കിഴങ്ങിന് വിപണിയിൽ 25 രൂപ വിലയുണ്ട്.

ശതാവരിയും പാൽമുതുക്കും ഒരു വർഷം 3 ലക്ഷം ടണ്ണിലേറെ ആവശ്യം വരുന്നുണ്ട്. 300 ഏക്കർ സ്ഥലത്ത് ഇവ കൃഷി ചെയ്താൽ തടസ്സമില്ലാതെ ഇവയുടെ ലഭ്യത ഉറപ്പാക്കാം. ബോർഡ് നാളികേരോത്പാദക സംഘങ്ങൾക്ക് കീഴിൽ അൻപതിലധികം ക്ലസ്റ്ററുകൾ തെരഞ്ഞെടുത്തിട്ടുള്ളതിനാൽ പ്രസ്തുത ലക്ഷ്യം അനായാസം കൈവരിക്കാനാകും. വിപണന സൗകര്യം ഉറപ്പ് വരുത്തിയാൽ കർഷകർക്കും കൃഷി ചെയ്യുന്നതിൽ താൽപര്യം ഉദിക്കും.



*കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ ഔഷധത്തോട്ടത്തിൽ*

# കൊല്ലം ജില്ലയിലെ തെങ്ങ് പുനരുദ്ധാരണ പദ്ധതിയുടെ അവലോകന യോഗം



*അവലോകന യോഗത്തിൽ കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി മീരസേനൻ സംസാരിക്കുന്നു. ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. രമണി ഗോപാലകൃഷ്ണൻ സമീപം*

കൊല്ലം ജില്ലയിലെ തെങ്ങുപുനരുദ്ധാരണ പദ്ധതി നടത്തിപ്പിന്റേയും അതിനായി നിയമിച്ചിരിക്കുന്ന 65 ഹോർട്ടികൾച്ചർ അസിസ്റ്റന്റുമാരുടെ പ്രവർത്തനത്തിന്റെയും അവലോകനയോഗം ഇക്കഴിഞ്ഞ ഒക്ടോബർ 10-ാം തീയതി കൊല്ലത്ത് നടന്നു. കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി മീരസേനൻ അദ്ധ്യക്ഷയായിരുന്നു. ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. രമണി ഗോപാലകൃഷ്ണൻ, ടെക്നിക്കൽ ആഫീസർ ശ്രീ. ആർ. ജയനാഥ് എന്നിവർ പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പുരോഗതി അവലോകനം ചെയ്തു. കൊല്ലത്ത് പ്രസ്തുത പദ്ധതിപ്രകാരം ഇതുവരെ 35.33 ലക്ഷം രൂപ ചെലവഴിച്ചതായി യോഗം വിലയിരുത്തി. ഏറ്റവും കൂടുതൽ തെങ്ങുകൾ മുറിച്ചുമാറ്റിയ പഞ്ചായത്തിനേയും അതിന് നേതൃത്വം വഹിച്ച ഹോർട്ടികൾച്ചർ അസിസ്റ്റന്റുമാരേയും യോഗം അഭിനന്ദിച്ചു. പദ്ധതി നടത്തിപ്പിൽ കൃഷി വകുപ്പിലെ കൃഷി ആഫീസർമാരുടേയും കൃഷി അസിസ്റ്റന്റുമാരുടേയും സഹകരണം ശ്ലാഘനീയമാണെന്ന് ഡോ. രമണി ഗോപാലകൃഷ്ണൻ പറഞ്ഞു.

കൊല്ലം ജില്ലയിൽ 78 പഞ്ചായത്തുകളാണ് ആകെ ഉള്ളത്. ഒന്നാംഘട്ടത്തിൽ 3 ബ്ലോക്കുകളിലെ 13 പഞ്ചായത്തുകളും 2-ാം ഘട്ടത്തിൽ 6 ബ്ലോക്കുകളിലെ 36 പഞ്ചായത്തുകളും 3-ാം ഘട്ടത്തിൽ 4 ബ്ലോക്കുകളിലെ 29 പഞ്ചായത്തുകളും ആണ് ഉൾപ്പെട്ടിരുന്നത്. ഇപ്രകാരം 13 ബ്ലോക്കുകളും 78 പഞ്ചായത്തുകളും പദ്ധതിയിൽ ഉൾപ്പെട്ടു.

കൊല്ലം ജില്ലയിൽ മാത്രം നാലര ലക്ഷം തെങ്ങുകൾക്ക് ഇതുവരെ സബ്സിഡി നൽകിയിട്ടുണ്ട്. ഇതിനായി 18.7 കോടി രൂപ ചെലവഴിച്ചു. ഇതുകൂടാതെ വെട്ടിമാറ്റിയ 30,000 തെങ്ങുകൾക്കായി 1.5 കോടി രൂപ ഇപ്പോൾ നൽകുകയുണ്ടായി. തെങ്ങു പുനരുദ്ധാരണ പദ്ധതി പ്രകാരം 27.78 ലക്ഷം തെങ്ങുകൾക്ക് വളം അനുവദിച്ച ഇനത്തിൽ 16.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പത്ത് ലക്ഷത്തോളം രൂപയാണ് പുനർനടീലിന് തെങ്ങിൻ തൈ നൽകിയ ഇനത്തിൽ ചെലവഴിച്ചത്. ഹോർട്ടികൾച്ചർ അസിസ്റ്റന്റുമാർക്ക് എല്ലാ പഞ്ചായത്തുകളിലും നാളികേരോത്പാദക സംഘങ്ങൾ രൂപീകരിക്കുവാനും, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിലേക്ക് പരിശീലനാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനത്തിന് അയയ്ക്കാനും നിർദ്ദേശം നൽകി.



*സദസ്സ്*

## കരിക്കിൻ വെള്ളം സ്പോർട്സ് ഡ്രിങ്കുകളെ പിന്തള്ളുന്നു

കരിക്കിൻ വെള്ളം പ്രോട്ടീൻ ഷേക്കുകളേയും ചോക്ലേറ്റ് മിൽക്കിനേയും വിപണിയിൽ നിന്ന് പുറത്താക്കുന്നു. ഇലക്ട്രോലൈറ്റുകളുടേയും ആന്റി ഓക്സിഡന്റുകളുടേയും ഉയർന്നതോതാണ് കരിക്കിൻ വെള്ളത്തെ സ്വീകാര്യമാക്കുന്നത്. ഇതിലടങ്ങിയിരിക്കുന്ന പൊട്ടാസ്യം പേശിവലിവിനെതിരെ പ്രവർത്തിക്കുന്നു. മാത്രമല്ല, അത്‌ലറ്റുകൾ മധുരം ചേർത്ത പാനീയങ്ങളിൽ കലോറി കൂടുതലുള്ളതിനാൽ അവ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നില്ല. കൂടാതെ, കരിക്കിൻ വെള്ളം പ്രകൃതിദത്ത പാനീയവുമായതിനാൽ ജനപ്രീതി പിടിച്ചുപറ്റിക്കഴിഞ്ഞു.

*(കോക്കമ്മ്യൂണിറ്റി)*

www.harithabhoomi.com

# ഹരിതഭൂമി

## സമ്പൂർണ്ണ ഭക്ഷ്യ- കാർഷിക മാസിക

ജൈവകൃഷിയറിവുകൾ കർഷകരുടെയും കാർഷിക വിദഗ്ധരുടെയും അനുഭവങ്ങളിലൂടെയും നിർദ്ദേശങ്ങളിലൂടെയും പകർന്നു നൽകുകയാണ് ഹരിതഭൂമി. സുസ്ഥിരകൃഷി, സംയോജിത -സമ്മിശ്രകൃഷിമുറകൾ, യന്ത്രവല്ക്കരണം, കർഷക കൂട്ടായ്മകൾ, കാർഷിക സംരംഭകത്വം, ഭക്ഷ്യ സംസ്കരണം, വിപണനം തുടങ്ങിയ വിജ്ഞാന മേഖലകളിലൂടെയുള്ള ഹരിതഭൂമിയുടെ യാത്രയിൽ എല്ലവർക്കും പങ്കു ചേരാം.

## വരിക്കാരാകാൻ നിങ്ങൾക്കും ഒരു സുവർണ്ണാവസരം

പേര്.............................................................

.................................................................

വിലാസം ........................................................

.................................................................

പിൻ. ............................................................

ഫോൺ ...........................................................

ഇ-മെയിൽ.......................................................

.................................................................

## വാർഷിക വരിസംഖ്യ ₹ 180/-

വരിക്കാരാകുന്നതിന് ഫൗണ്ടേഷൻ ഫോർ ഓർഗാനിക് അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റിന്റെ പേരിൽ ☐ മണിഓർഡർ ☐ ഡി.ഡി. ഇതോടൊപ്പം അയക്കുന്നു.

നമ്പർ............................ തീയതി............................

രൂപ.............................. ബാങ്ക്............................

ഡിഡി / വരിസംഖ്യാകൂപ്പണുകൾ അയക്കേണ്ട വിലാസം :
ഫൗണ്ടേഷൻ ഫോർ ഓർഗാനിക് അഗ്രികൾച്ചർ & റൂറൽ ഡവലപ്മെന്റ്
തോട്ടുമുഖം പി.ഒ., ആലുവ - 683 105

Call : 0484 2620850, 9400718627, 9020210870, 9037168714
E-mail : editor@harithabhoomi.com

www.harithabhoomi.com
http://www.facebook.com/groups/241895625896208/



# കമ്പോളാവലോകനം

## 2012 സെപ്തംബർ

- ആട്ടുകൊപ്ര, ഉണ്ടക്കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില എല്ലാ പ്രമുഖ വിപണികളിലും കുറഞ്ഞു.
- വെളിച്ചെണ്ണയുടെ അന്താരാഷ്ട്ര വില കുറഞ്ഞു. ആഭ്യന്തര വില കൊച്ചി വിപണിയിൽ അന്താരാഷ്ട്ര വിലയേക്കാൾ 11 ശതമാനം അധികമായിരുന്നു.

പ്രമുഖ കേരോത്പാദക സംസ്ഥാനങ്ങളിലെല്ലാം തന്നെ കൊപ്രയുടേയും നാളികേരത്തിന്റേയും വില താങ്ങുവിലയേക്കാൾ കുറവായിരുന്നു. സർക്കാർ നിയോഗിച്ചിട്ടുള്ള സംഭരണ ഏജൻസികൾ താങ്ങുവിലയനുസരിച്ച് കൊപ്ര സംഭരണം തുടരുന്നു.

### വെളിച്ചെണ്ണ

വെളിച്ചെണ്ണയുടെ വില രാജ്യത്തെ എല്ലാ പ്രമുഖ വിപണന കേന്ദ്രങ്ങളിലും കുറഞ്ഞു.

വെളിച്ചെണ്ണയുടെ ശരാശരി വില കൊച്ചി വിപണിയിൽ ക്വിന്റലിന് 6065 രൂപയായിരുന്നു. ആലപ്പുഴ വിപണിയിൽ വെളിച്ചെണ്ണയുടെ വില ഏറെക്കുറെ കൊച്ചി വിപണിയിലേതുപോലെ നിന്നു. ആലപ്പുഴ വിപണിയിലെ ശരാശരി മാസവില ക്വിന്റലിന് 6150 രൂപയായിരുന്നു. കോഴിക്കോട് വെളിച്ചെണ്ണയുടെ ശരാശരി മാസവില ക്വിന്റലിന് 6202 രൂപയുമായിരുന്നു. കൊച്ചി വിപണിയിലേയും ആലപ്പുഴ വിപണിയിലേയും കോഴിക്കോട് വിപണിയിലേയും വില കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

### ആട്ടുകൊപ്ര

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 4154 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 4090 രൂപയായിരുന്നു. കോഴിക്കോട് വിപണയിൽ വില ക്വിന്റലിന് 4039 രൂപയായിരുന്നു. കൊച്ചി, ആലപ്പുഴ, കോഴിക്കോട് വിപണികളിൽ ശരാശരി മാസവില കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

താങ്ങുവിലയനുസരിച്ച് കൊപ്ര സംഭരണം തമിഴ്നാട്ടിലും കേരളത്തിലും യഥാക്രമം ടാൻഫെഡും നാഫെഡും നടത്തുന്നുണ്ട്. ആട്ടുകൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5100 രൂപയാണ്. നാഫെഡ്, തമിഴ്നാട്ടിൽ ടാൻഫെഡ് മുഖേന 21864 മെട്രിക് ടൺ കൊപ്രയും കേരളത്തിൽ കേരഫെഡും മാർക്കറ്റ് ഫെഡും മുഖേന 12331 മെട്രിക് ടൺ കൊപ്രയും സംഭരിച്ചു.

ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിലെ ശരാശരി വില ക്വിന്റലിന് 3688 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസം 3876 രൂപയായിരുന്നു. ആന്ധ്രാപ്രദേശിൽ 5508 മെട്രിക് ടൺ കൊപ്രയും ലക്ഷദ്വീപിൽ 3350 മെട്രിക് ടണ്ണുമാണ് സംഭരിച്ചത്.

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 5334 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് നാമമാത്രം കുറവായിരുന്നു.

ഉണ്ടകൊപ്രയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 4826 രൂപയായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 5061 രൂപയായിരുന്നു; ബാംഗ്ലൂരിൽ അത് 5800 രൂപയും അരസിക്കരയിൽ 5023 രൂപയുമായിരുന്നു.

ഭക്ഷ്യയോഗ്യമായ കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5350 രൂപയാണ്.

### കൊട്ടത്തേങ്ങ

കൊട്ടത്തേങ്ങയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ആയിരത്തിന് 4542 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

### നാളികേരം

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ആയിരത്തിന് 5500 രൂപയായിരുന്നു; അത് കഴിഞ്ഞമാസത്തേക്കാൾ നാമമാത്രം അധികമായിരുന്നു.


അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില 5765 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 7000 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 1.45 ശതമാനം അധികമായിരുന്നു.


ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി വില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 9258 രൂപയായി കുറഞ്ഞു; അത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

നാളികേരത്തിന്റെ ശരാശരി വില അസമിൽ നാളികേരമൊന്നിന് 21 രൂപയും, നാഗാലാന്റിലെ ദിമാപൂരിൽ 24 രൂപയുമായിരുന്നു.

കേന്ദ്ര സർക്കാർ പൊതിച്ച




*സെപ്തംബർ മാസത്തിൽ വെളിച്ചെണ്ണ വിലയിലെ വ്യതിയാനങ്ങൾ*




*സെപ്തംബർ മാസത്തിൽ കൊപ്ര വിലയിലെ വ്യതിയാനങ്ങൾ*

നാളികേരത്തിന് പ്രഖ്യാപിച്ച താങ്ങുവില കിലോഗ്രാമിന് 14 രൂപയാണ്.

### ഇളനീർ

ഇളനീരിന്റെ വില കൊച്ചി വിപണിയിൽ ഒന്നിന് 15 രൂപയ്ക്കും 25 രൂപയ്ക്കും ഇടയ്ക്കായിരുന്നു. അസമിൽ ഇളനീരിന്റെ ശരാശരി വില 15 രൂപയും നാഗാലാന്റിലെ ദിമാപൂരിൽ 20 രൂപയുമായിരുന്നു.

### അന്താരാഷ്ട്ര വില

വെളിച്ചെണ്ണയുടെ ശരാശരി വില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 978 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ 2 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 25 ശതമാനവും കുറവായിരുന്നു. കൊപ്രയുടെ ശരാശരി വില മെട്രിക് ടണ്ണിന് 626 അമേരിക്കൻ ഡോളറായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 4.57 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 52 ശതമാനവും കുറവായിരുന്നു.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 935 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 832 അമേരിക്കൻ ഡോളറുമായിരുന്നു. പാമോയിൽ, പനങ്കുരുവെണ്ണ, സോയബീൻ ഓയിൽ എന്നിവയുടെ അന്താരാഷ്ട്രവിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 997 അമേരിക്കൻ ഡോളറും 996 അമേരിക്കൻ ഡോളറും 1319 അമേരിക്കൻ ഡോളറുമായിരുന്നു.

**വിവിധ കമ്പോളങ്ങളിൽ 2012 സെപ്തംബർ 1 മുതൽ 30വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാരവിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്**

| | വെളിച്ചെണ്ണ (രൂ./കി.) | | | ആട്ടു കൊപ്ര (രൂ./കി.) | | | | ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./കി.) | ഉണ്ടക്കൊപ്ര (രൂ./കി.) | | | | കൊട്ടത്തേങ്ങ (രൂ./1000) | നാളികേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തീയതി | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കൊച്ചി (എഫ്എക്യു) | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | അംബാജിപ്പേട്ട | കോഴിക്കോട് (രാജ്പൂർ) | കോഴിക്കോട് | തിപ്ത്തൂർ | ബാംഗ്ലൂർ | അരസിക്കര | കോഴിക്കോട് | നെടുമങ്ങാട് | അരസിക്കര | ബാംഗ്ലൂർ | മംഗലാപുരം (ഗ്രേഡ് 1) |
| 8.9.12 | 6000 | 6200 | 6200 | 4150 | 4107 | 4046 | 3600 | 5336 | 4821 | 5148 | 5800 | 5024 | 4600 | 5500 | 5800 | 7000 | 9600 |
| 15.9.12 | 6050 | 6200 | 6242 | 4175 | 4075 | 4092 | 3600 | 5367 | 4850 | 5045 | 5800 | 5017 | 4567 | 5500 | 5625 | 7000 | 9600 |
| 22.9.12 | 6040 | 6170 | 6250 | 4175 | 4085 | 4058 | 3600 | 5358 | 4850 | 5099 | 5800 | 5050 | 4550 | 5500 | 5883 | 7000 | 8233 |
| 29.9.12 | 5970 | 6030 | 6117 | 4115 | 4105 | 3958 | 3950 | 5275 | 4783 | 4951 | 5800 | 5000 | 4450 | 5500 | 5750 | 7000 | 9600 |
| **ശരാശരി** | **6015** | **6150** | **6202** | **4154** | **4093** | **4039** | **3688** | **5334** | **4826** | **5061** | **5800** | **5023** | **4542** | **5500** | **5765** | **7000** | **9258** |

*അവലംബം:*

*കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേമ്പർ ഓഫ് കോമേഴ്സ്, കൊച്ചി-2*

*കോഴിക്കോട് : മാതൃഭൂമി*

*ആലപ്പുഴ : മലയാള മനോരമ*

*അരസിക്കര : എ പി എം സി, അരസിക്കര*

** ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽകൊടുത്തിരിക്കുന്നത്.